# അൽഹഖ്

വഫാ 1392 | ശഅ്ബാൻ –റമദാൻ 1434 | മിഥുനം – കർക്കിടകം 1188

**VOL :21**
ISSUE: 07

**ALHAQ**
JULY 2013





ലിയോ ടോൾസ്റ്റോയിയുടെ മറുപടി

റമദാൻ ആത്മീയ പരിശീലന കാലം

ഭാരവാഹിത്വം ജന്മാവകാശമല്ല; ഭാരവാഹികൾ ചോദിക്കപ്പെടും

ഖുർആനിലെ ഗുലാം അഹ്മദ്

യുദ്ധത്തിന് സന്നദ്ധനാവുക

ആരാധനകളുടെ അന്തസത്തയും ബാഹ്യ പ്രകടനങ്ങളും

ആരാണ് കുരങ്ങനായത്?

റമദാൻ ശ്രേഷ്ഠതയും പ്രാധാന്യവും

തിരുമേനിയുടെ താക്കീത്


## റമദാനെ പ്രയോജനപ്പെടുത്തുവിൻ

ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

ഹദ്റത് അബൂഹുറയ് റ (റ) നിവേദനം ചെയ്യുന്നു; **തിരുനബി(സ) പറഞ്ഞു;**
**"റമദാൻ സമാഗതമായാൽ സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും നരഗ കവാടങ്ങൾ അടക്കപ്പെടുകയും സാത്താൻ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്യുന്നതാണ്."**

നമ്മുടെ ചെറിയ പരിശ്രമങ്ങൾ കൂടി സ്വീകൃതയോഗ്യമാകുന്ന തരത്തിൽ ദൈവിക കൽപ്പനകൾ പ്രാവർത്തികമാക്കേണ്ടത് നമുക്ക് അനിവാര്യമാണ്. നബി (സ) പറയുന്നത്, അല്ലാഹു ഈ ദിവസങ്ങളിൽ സധാരണത്തേതിലും അധികം തന്റെ ദാസനോട് കരുണ കാണിക്കുന്നുവെന്നാണ്. നിസ്സാര നന്മകൾ പോലും വലിയ പ്രതിഫലത്തിന് കാരണമായിത്തീരുന്നു. ഓർമ പിശകിനേയും തെറ്റുകളെയും അല്ലാഹു അവഗണിക്കുന്നു. ആയതിനാൽ ഓരോ വിശ്വാസിയും ഈ ദിവസങ്ങളിൽ നിന്ന് പൂർണമായും പ്രയോജമെടുക്കാൻ പരിശ്രമിക്കേണ്ടതാണ്.

ഹദീസുകളിൽ പറയപ്പെട്ടതുപോലെ നോമ്പും ഇബാദത്തുകളും കാരണം സാത്താൻ ബന്ധനസ്ഥനാക്കപ്പെടുന്നു. അവനു മുന്നിൽ തടസ്സങ്ങൾ ഉണ്ടാവുന്നു. ശൈത്വാന് ഒന്നും ചെയ്യാൻ കഴിയാത്ത വിധത്തിലുള്ള സാഹചര്യമായി മാറുന്നു. അതുകൊണ്ട് ഇതിൽ നിന്നും പൂർണമായും പ്രയോജനമെടുക്കേണ്ടതാണ്.


തിരുനബി(സ) പറയുന്നു; ജീവിതത്തിൽ റമദാൻ വരുകയും പക്ഷേ പാപങ്ങൾ മാപ്പാക്കാൻ കഴിയാതിരിക്കുകയും ചെയ്യുക എന്നതും ദൈവത്തിങ്കലോളമെത്താൻ കൂടുതൽ പരിശ്രമിക്കാതിരിക്കുക എന്നതും ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഏറെ ദൗർഭാഗ്യകരമായ അവസ്ഥയാണ്.

അല്ലാഹു നമ്മെ ഇന്ന് വീണ്ടും ഈ മാസത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ശൈത്വാൻ ബന്ധനസ്ഥനാക്കപ്പെട്ടിരിക്കുന്നു. നന്മകൾക്ക് പല മടങ്ങ് പ്രതിഫലം ലഭിക്കുന്നതാണ്. നമ്മിൽ ഓരോരുത്തരും ഇതിൽ നിന്ന് പൂർണമായും പ്രയോജനമെടുക്കേണ്ടതും അതിന് പരിശ്രമിക്കേണ്ടതുമാണ്.



# ചരിത്രം

ഇഷ്



Hadhrat
Mirza Ghulam Ahmad [as]



Hadhrat Maulana
Mufti Muhammad Sadiq


## തബ്‌ലീഗീ കത്തിന് ലിയോ ടോൾസ്റ്റോയിയുടെ മറുപടി

(വിശ്വപ്രസിദ്ധ സാഹിത്യകാരൻ കൗണ്ട് ലിയോ ടോൾസ്റ്റോയി, ഹദ്റത് മൗലാനാ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബിന് അയച്ച മറുപടി കത്ത് )



Leo Tolstoy





Village of Leo Tolstoy



House of Leo Tolstoy

**ബഹുമാന്യരായ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്**

പ്രിയ സുഹൃത്തേ, താങ്കളുടെ കത്തും മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ ഫോട്ടോയും റിവ്യൂ ഓഫ് റിലീജിയൻസ് മാസികയുടെ കോപ്പിയും കൈപ്പറ്റി. ഈസാനബിയുടെ മരണത്തെക്കുറിച്ചുള്ള തെളിവിലും അദ്ദേഹത്തിന്റെ ഖബറിനെ കുറിച്ചുള്ള ഗവേഷണത്തിലും മുഴുകുന്നത് വിഫല ശ്രമമാണ്. കാരണം ബുദ്ധിമാനായ മനുഷ്യന് ഒരിക്കലും ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന വാദക്കാരനാവാൻ സാദ്ധ്യമേയല്ല.................................

നമുക്ക് ബൗദ്ധികമായ മതദർശനങ്ങളാണ് ആവശ്യം. മിർസാ അഹ്മദ് സാഹിബ് എന്തെങ്കിലും നവീന ബൗദ്ധിക വിഷയങ്ങൾ സമർപ്പിക്കുന്നുവെങ്കിൽ ഞാൻ സന്തോഷപൂർവം അതിൽ നിന്ന് പ്രയോജനമെടുക്കാൻ തയ്യാറാണ്. മാസികയുടെ സാമ്പിൾ കോപ്പിയിൽ രണ്ട് ലേഖനങ്ങൾ എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. അതായത് തിന്മയിൽ നിന്ന് എങ്ങിനെ സ്വതന്ത്രരാകാമെന്നതും പരലോക ജീവിതം എന്ന ലേഖനവും. പ്രത്യേകിച്ചും രണ്ടാമത്തെ വിഷയം എന്നെ ഹഠാദാകർഷിച്ചു. വളരെ ഘനവത്തും സത്യാധിഷ്ഠിതവുമായ വീക്ഷണങ്ങളാണ് ഈ ലേഖനങ്ങളിൽ കാണപ്പെട്ടത്.

മാസിക അയച്ചു തന്നതിലും കത്തയച്ചതിലും എനിക്ക് താങ്കളോട് അങ്ങേയറ്റം കൃതജ്ഞതയുണ്ട്.

എന്ന്
താങ്കളുടെ ആത്മാർഥതയുള്ള
ടോൾസ്റ്റോയി
റഷ്യ 05/06/1903.






REGISTERED L. No. 303.

No. 5.

Vol. II.

THE REVIEW OF RELIGIONS

(MAY 1903.)

CONTENTS.

| | |
|---|---|
| | PAGE. |
| ...HOLY QURAN ... | 159 |
| ... | 172 |
| ... | 176 |
| ... | 179 |

തഫ്സീർ

ഹ.ഖലീഫത്തുൽ മസീഹ് അവ്വൽ (റ)



فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ

(2:186)



# റമദാൻ ആത്മീയ പരിശീലന കാലം

റമദാന്റെ ദിനങ്ങൾ വളരെ അനുഗൃഹീതമാണ്. ഇപ്പോൾ ഇത് തീർന്നു കൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ ദിനങ്ങൾ ഇനി ഈ റമ ദാനിൽ കിട്ടുകയില്ല. അടുത്ത റമദാൻ വരെ ആര് ജീവിച്ചിരിക്കുമെന്ന് ആർക്കും അറിയില്ല. അല്ലാഹു ഈ മാസത്തേക്ക് പ്രത്യേക വിധികൾ നൽകിയിരിക്കുന്നു. അവ പ്രാവർത്തികമാക്കാൻ താക്കീതും നൽകിയിട്ടുണ്ട്. യാത്രക്കാർ യാത്ര കഴിഞ്ഞ ശേഷവും രോഗികൾ അസുഖം ഭേദമായ ശേഷവും നോമ്പെടുക്കണമെന്നാണ് കൽപ്പന. എന്നാൽ മറ്റുള്ളവർക്ക് അന്നപാനീയങ്ങളും ഭാര്യാസംസർഗവും വിലക്കിയിരിക്കുന്നു. അന്നപാനീയങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തിന് അനിവാര്യമാണ്. ഭാര്യാസംസർഗമാകട്ടെ മനുഷ്യകുലത്തിന്റെ നിലനിൽപ്പിനും അനുപേക്ഷണീയമാണ്.

ഈ മാസത്തിൽ അല്ലാഹു വിട്ടുനിൽക്കാൻ പറഞ്ഞ കാര്യങ്ങളെക്കാളും അത്യന്താപേക്ഷിതമായ മറ്റൊരു സംഗതിയും ഇല്ല.

തീർച്ചയായും ശ്വാസമെടുക്കേണ്ടത് നിർബന്ധം തന്നെയാണ്. പക്ഷേ മനുഷ്യന് അത് ഉപേക്ഷിക്കാൻ സാദ്ധ്യമല്ല.

ഒരാൾ പതിനൊന്ന് മാസവും അന്നപാനീയങ്ങൾ കഴിക്കുകയും ഭാര്യാസംസർഗത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. എന്നാൽ ഒരു മാസം പകൽ അല്ലാഹുവിനെ മുൻനിർത്തി ഇവയെല്ലാം ഒഴിവാക്കാനാണ് ഈ മാസം വെച്ചിരിക്കുന്നത്.

ഒരു ഭാഗത്ത് അനിവാര്യമായ സംഗതികളെ വിലക്കുകയും മറുഭാഗത്ത് ഖുർആൻ പഠനത്തിനും നിശാനമസ്കാരത്തിനും സ്വദഖക്കും മറ്റുമുള്ള കൽപ്പനകൾ നൽകുകയും ചെയ്തിരിക്കുന്നു. ഇവിടെ ഒരു കാര്യം മനസ്സിലാക്കിത്തരുന്നുണ്ട്,അതായത് നിർബന്ധ കാര്യങ്ങൾ ഒഴിവാക്കി നിർബന്ധമില്ലാത്ത സംഗതികൾ ദൈവിക കൽപ്പന പ്രകാരം സ്വായത്തമാക്കാമെന്നിരിക്കെ ദൈവിക കൽപ്പനകൾക്കെതിരായി എന്തിന് അനാവശ്യ കാര്യങ്ങൾ സ്വീകരിക്കണം? റമദാനിൽ ദു:ആകളിലെ ആധിക്യം, ഖുർആൻ പഠനം, നിശാനമസ്കാരം എന്നിവയിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്..............................

ഖേദകരമെന്ന് പറയട്ടെ, ചില ആളുകൾ പറയുന്നത് റമദാനിൽ ചെലവ് കൂടുന്നുവെന്നാണ്. എന്നാൽ ഇത് തെറ്റാണ്. വാസ്തവത്തിൽ ജനങ്ങൾ റമദാന്റെ യാഥാർഥ്യത്തെ കുറിച്ച് അജ്ഞരാണ്. ഇടയത്താഴത്തിന് എത്രത്തോളം വയർ നിറക്കുന്നുവെന്നാൽ ഉച്ചയാകുമ്പോഴേക്കും ദഹനക്കേടിന്റെ ഏമ്പക്കം വന്നു തുടങ്ങുന്നു. എങ്ങിനെയെങ്കിലും ഭക്ഷണം ദഹിച്ചു തുടങ്ങുമ്പോഴേക്ക് നോമ്പു തുറയിൽ മേത്തരം ഭക്ഷണങ്ങളുണ്ടാക്കി എത്ര മാത്രം വയർ നിറക്കുന്നുവെന്നാൽ ഉറക്കത്തിനു മേൽ ഉറക്കവും അലസതക്ക് മേൽ അലസതയും വന്നു തുടങ്ങുന്നു. നോമ്പ് ആത്മാവിനുള്ള ഒരു പരിശീലനമാണെന്നും നേരത്തേതിലുമധികം ചെലവാക്കാനോ നല്ല പോലെ വയർ നിറക്കാനോ ഉള്ളതല്ലെന്നു ചിന്തിക്കുന്നതു പോലുമില്ല.

ഓർക്കുക, ഈ മാസത്തിൽ തന്നെയാണ് വിശുദ്ധഖുർആൻ അവതരിച്ചു തുടങ്ങിയത്. വിശുദ്ധഖുർആൻ ജനങ്ങൾക്ക് സന്മാർഗവും പ്രകാശവുമാണ്. അതിന്റെ മാർഗദർശനങ്ങൾ അനുസരിച്ച് കർമങ്ങൾ അനുഷ്ഠിക്കേണ്ടതാണ്.

നോമ്പ് മുഖേന സംതൃപ്തി കൈവരുന്നു. ലൗകിക കാര്യങ്ങൾ ചെയ്യുന്നതിലൂടെ സുഖത്തിനുള്ള മാർഗങ്ങൾ ലഭിക്കുന്നു. യഥാർഥ സുഖം മരിച്ചതിന് ശേഷം അല്ലെങ്കിൽ തിന്മകളിൽ നിന്ന് രക്ഷപ്പെടുമ്പോഴാണ് സ്വായത്തമാവുക. അതുകൊണ്ട് തന്നെ നോമ്പു കൊണ്ടും സൗഖ്യമാണ് കിട്ടുന്നത്. ഇതിലൂടെ മനുഷ്യൻ ദൈവസാമീപ്യം നേടുകയും ഭയഭക്തിയുള്ളവനായി മാറുകയും ചെയ്യുന്നു.

എങ്ങിനെയാണ് ദൈവസാമീപ്യം കരസ്ഥമാവുക എന്ന് ആരെങ്കിലും ചോദിച്ചാൽ പറയുക:

فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

അതായത് ഞാൻ സമീപസ്ഥനാണ്. ഈ മാസത്തിൽ ദു:ആ ചെയ്യുന്നവരുടെ ദു:ആകൾ ഞാൻ സ്വീകരിക്കുന്നു. ആദ്യം അവർ ഞാൻ കൽപ്പിച്ച കാര്യങ്ങൾ ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും വേണം, അവർ ഉദ്ദേശ്യലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നവരാകുന്നതിന്ന് വേണ്ടി. ഇങ്ങിനെ ഒരുപാട് പുരോഗതി പ്രാപിക്കാൻ കഴിയുന്നതാണ്... അതോടൊപ്പം തന്നെ നൽകിയ മറ്റൊരു കൽപ്പന റമദാനിൽ ഇരുപതാം തിയ്യതി കാലത്ത് മുതൽ പത്ത് ദിവസം ഇഅ്തികാഫ് ഇരിക്കണമെന്നതാണ്....................... ....

ചുരുക്കത്തിൽ നോമ്പെടുക്കുന്നത് മുത്തഖി ആകുന്നത് പരിശീലിക്കാനാണ്. നമ്മുടെ ഇമാം പറയാറുണ്ടായിരുന്നു, റമദാൻ കഴിഞ്ഞിട്ടും ഒരു മാറ്റവും വരുത്താത്തവൻ വളരെ നിർഭാഗ്യവാനാണ്. ആറ് ഏഴ് നോമ്പുകൾ മാത്രമേ ബാക്കിയുള്ളൂ. ഇതിൽ ഒരുപാട് പ്രയത്നിക്കുക. ഒരുപാട് ദു:ആ ചെയ്യുക. അല്ലാഹുവിലേക്ക് കൂടുതൽ ശ്രദ്ധിക്കുക. ഇസ്തിഗ്ഫാറും ലാഹൗ ലും വർദ്ധിപ്പിക്കുക. വിശുദ്ധ ഖുർആൻ കേൾക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. കഴിയുന്നത്ര സ്വദഖയും ഖയ്റാത്തും ചെയ്യുക. അതിന് മക്കളെയും പ്രേരിപ്പിക്കുക. അല്ലാഹു എനിക്കും നിങ്ങൾക്കും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(ഖുത്ബ 01/11/1907)

ആശയാനുവാദം: എ.നാസിർ


**തസഹ്ഹറൂ ഫ ഇന്ന ഫിസ്സുഹൂരി ബറക്കത്തൻ**

**നിങ്ങൾ അത്താഴം കഴിക്കുക , അത്താഴത്തിൽ അനുഗ്രഹമുണ്ട്**

**(മുസ്‌ലിം)**

# ഭാരവാഹിത്വം ജന്മാവകാശമല്ല; ഭാരവാഹികൾ ചോദിക്കപ്പെടും

**ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്)**



തെരഞ്ഞെടുക്കുന്നവരും തെരഞ്ഞെടുക്കപ്പെടുന്നവരും ഓർക്കുക,...ഒരു സ്ഥാനവും ജമാഅത്തിൽ ആരുടേയും ജന്മാവകാശമല്ല, ആരുടേയും സ്ഥായിയായ അവകാശമല്ല. അതുകൊണ്ട് ഖിദ്മത്തിനുള്ള അവസരം അല്ലാഹുവിന്റെ അനുഗ്രഹമാണ്.........

തുടർന്ന് അല്ലാഹു തെരഞ്ഞെടുക്കപ്പെട്ടവർക്ക് കടമകളും നൽകിയിട്ടുണ്ട്. നിങ്ങളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ പിന്നെ അതിനെ സമൂഹത്തിന്റെ അമാനത്തായി മനസ്സിലാക്കുക.തങ്ങളുടെ മുഴുവൻ കഴിവുകളുമായി ഈ ഉത്തരവാദിത്വം നിറവേറ്റുക. നിങ്ങളുടെ സമയത്തിൽ നിന്ന് ഈ ഉത്തരവാദിത്വത്തിനും സമയം കൊടുക്കുക. ജമാഅത്തിന്റെ പുരോഗതിക്ക് പുതിയ പുതിയ മാർഗങ്ങൾ അന്വേഷിക്കുക. നിങ്ങളുടെ തീരുമാനങ്ങൾ നീതിയിലും നിഷ്പക്ഷതയിലും അധിഷ്ഠിമായിരിക്കണം.നിങ്ങളുടെ അഹംഭാവവും കുടുംബക്കാരോടും സുഹൃത്തുക്കളോടുമുള്ള അടുപ്പവും നിങ്ങളെ നിഷ്പക്ഷതയിൽ നിന്ന് ദൂരെയാക്കരുത്.(ഖുത്ബ 31/09/2004)

തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ശരിയായ നിലയിൽ നിർവഹിക്കാത്തവരും നീതിയുടെ തേട്ടം പൂർത്തിയാക്കാത്തവരുമായ ഭാരവാഹികൾ ചോദിക്കപ്പെടുമെന്ന് ഹദീസിൽ വന്നിരിക്കുന്നു. ജോലികൾ ഏൽപ്പിക്കപ്പെടുകയും അത് ഉത്തരവാദിത്വബോധത്തോടെ നിർവഹിക്കുകയും ചെയ്യാത്തവർക്ക് അല്ലാഹു സ്വർഗം നിഷിദ്ധമാക്കുമെന്നും ഹദീസുകൾ വ്യക്തമാക്കുന്നു. ഇത് ഭാരവാഹികളെ സംബന്ധിച്ചിടത്തോളം വലിയൊരു താക്കീതാണ്. (ഖുത്ബ 27/08/2004)

**അൻസാർ കോളം**

# നഹ്നു അൻസാറുല്ലാഹ്

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

40 വയസ്സിന് മേലെ പ്രായമായ ഒരു നാസിറിന്റെ ചിന്തകളിൽ ഗഹനത ഉണ്ടാകേണ്ടതാണ്. തന്റെ പ്രായം കൂടുന്നതിനനുസരിച്ച് തന്റെ ആയുസ്സ് കുറഞ്ഞു വരുന്നതാണെന്ന തോന്നൽ ഉണ്ടാകേണ്ടതാണ്. ദൈവഭയം മുമ്പത്തേക്കാൾ കൂടുതലായി ഉണ്ടാകേണ്ടതാണ്. അങ്ങനെ നബി തിരുമേനി(സ)യെ പരിപൂർണമായും വിശ്വസിച്ചു കൊണ്ട് നബി(സ)യുടെ വാഗ്ദത്ത മസീഹിന്റെയും മഹ്ദിയുടെയും ജമാഅത്തിൽ പ്രവേശിച്ച ഒരു നാസിറിന്റെ അല്ലാഹുവിന്റെ സഹായിയാകുന്നതിന്റെ നിലവാരം വളരെ ഉന്നതിയിലായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കേണ്ടതാണെന്നും, ഭയഭക്തിയുടെ സൂക്ഷ്മ മാർഗങ്ങളിലൂടെ സഞ്ചരിക്കേണ്ടതാണെന്നും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകളിൽ നിന്നും കടുക് മണിയോളം വ്യതിചലിക്കില്ലെന്ന ചിന്ത എപ്പോഴും മനസ്സിലുണ്ടായിരിക്കുക എന്നത് വിഷമം പിടിച്ച കാര്യം തന്നെയാണ്. എന്നാൽ അതിലേക്ക് ശ്രദ്ധിക്കേണ്ടത് ഒരു വിശ്വാസിയുടെ കടമയാകുന്നു.

പിന്നീട് അൻസാറുല്ലാഹ് ആകുന്നതിനുള്ള ശപഥം ചെയ്തവർക്ക് വിശ്വാസത്തിന്റെ ഉന്നത നിലവാരം കരസ്ഥമാകുന്നത് അല്ലാഹുവിനോടുള്ള സ്നേഹം മറ്റെല്ലാ സ്നേഹത്തേയും വലയം ചെയ്യുമ്പോഴാണ്. സമ്പത്തിനോട് സ്നേഹം ഉണ്ടായിരിക്കരുത്, സന്താനങ്ങളോടും സ്നേഹം ഉണ്ടായിരിക്കരുത്, മറ്റൊന്നിനോടും സ്നേഹം ഉണ്ടാകരുത്. ഒരു ആത്മാർത്ഥ വിശ്വാസി കരസ്ഥമാക്കേണ്ട നിലവാരമാണിത്........

മനുഷ്യൻ ഈ പ്രായത്തിലേക്ക് പ്രവേശിക്കുമ്പോൾ, ഭാവിജീവിതം അല്പമായി തോന്നുമ്പോൾ അല്ലെങ്കിൽ കാണപ്പെടുമ്പോൾ ഇക്കാര്യത്തിലേക്ക് നാം വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. അതായത് **നഹ്നു അൻസാറുല്ലാഹ്** എന്ന നമ്മുടെ മുദ്രാവാക്യം തികച്ചും അല്ലാഹുവിന് വേണ്ടിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുമായി ആയിത്തീരേണ്ടതാണ്.

പ്രസ്തുത മാർഗത്തിലുള്ള നമ്മളുടെ നീക്കങ്ങൾ അല്ലാഹുവിനോട് കൂടുതൽ സമീപസ്ഥമാക്കുന്നതായിത്തീരണം. അത് സത്യസന്ധമായ നീക്കങ്ങളായിരിക്കണം. അതിൽ നിന്ന് സത്യം കവിഞ്ഞൊഴുകണം. അല്ലാഹുവിന്റെ ആരാധനകളിലേക്കും നാം ശ്രദ്ധിക്കണം. അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിനായി സർവ ത്യാഗങ്ങൾക്കും സന്നദ്ധരായിരിക്കേണ്ടതിലേക്കും ശ്രദ്ധയുണ്ടാവണം. ഉന്നത ധാർമിക ഗുണങ്ങളും കരസ്ഥമാക്കി കൊണ്ടിരിക്കണം. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതും നമ്മുടെ ഉദ്ദേശ്യ ലക്ഷ്യമായിരിക്കണം. അവരവരുടെ പരിധികളിൽ ഉന്നത ധാർമിക ഗുണങ്ങളെ പ്രചരിപ്പിക്കുന്നതിനും ദൈവസൃഷ്ടികളുടെ കടമകൾ നിറവേറ്റുന്നതിനുമുള്ള പരിപൂർണ ശ്രമവും നമ്മിൽ നിന്നുണ്ടായിരിക്കണം. അല്ലാഹുവിന്റെയും അവന്റെ സൃഷ്ടികളുടെയും കടമകൾ അടങ്ങുന്ന ഈ എല്ലാ കാര്യങ്ങളിലും നാം അലസത കാണിക്കരുത്, ഒരിക്കലും അശ്രദ്ധ കാണിക്കുന്നവരാകരുത്.

ഈ സവിശേഷതകൾ നമ്മിൽ ഉടലെടുക്കുമ്പോഴാണ് നാം നമ്മുടെ പ്രതിജ്ഞയെ നിറവേറ്റി ക്കൊണ്ട് നബി(സ)യുടെ സഹാബാക്കൾ എന്ന് പറയപ്പെട്ടവരെ പിൻപറ്റുന്നവരായി മാറി എന്ന് പറയാൻ സാധിക്കുക. ആ സഹാബാക്കൾ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കുന്നതിനായി തിളങ്ങുന്നതും പ്രകാശമയവുമായ സ്വന്തം മാതൃകകൾ സ്ഥാപിക്കുകയുണ്ടായി......

അവരാണ് നമുക്കായി മാതൃക സമർപ്പിച്ചത്. അവർ തങ്ങളുടെ എല്ലാ പ്രതിജ്ഞകളും പൂർത്തിയാക്കിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെയും സ്വർഗത്തിന്റെയും അവകാശികളായി.

*(സമാപന പ്രഭാഷണം, 24-ാമത് മജ്ലിസ് അൻസാറുല്ലാഹ് യു.കെ ഇജ്തിമ)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*






# അസ്സ്വിയാമു ജുന്നത്തുൻ

**തിന്മകളിൽ നിന്നുള്ള രക്ഷ**

നോമ്പിനെ സംബന്ധിച്ചിടത്തോളം അല്ലാഹു നബി തിരുമേനി (സ) മുഖേന നൽകിയ കല്പന **അസ്സ്വിയാമു ജുന്നത്തുൻ** എന്നാകുന്നു. അതായത് നോമ്പ് തിന്മകളിൽ നിന്ന് രക്ഷിക്കുകയും ദൈവീക ശിക്ഷയിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ആത്മീയ പ്രയാണത്തിന്റെ ആരംഭം തിന്മയിൽ നിന്ന് രക്ഷപ്പെടുന്നതിലൂടെയും അതിന്റെ അവസാനം അല്ലാഹുവിന്റെ കോപത്തിൽ നിന്ന് രക്ഷ നേടിക്കൊണ്ട് അവന്റെ തൃപ്തിയുടെ സ്വർഗത്തിൽ പ്രവേശിക്കുന്നതിലൂടെയും ആകുന്നു.

**നോമ്പിന്റെ ഉദ്ദേശ്യം**

നബി(സ) പറഞ്ഞു, നോമ്പിന്റെയും റമദാൻ മാസത്തിലെ ആരാധനകളുടെയും ഉദ്ദേശ്യം മനുഷ്യൻ സർവ തിന്മകളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ചു കൊണ്ട് അല്ലാഹുവിന്റെ കോപത്തിൽ നിന്ന് സുരക്ഷിതരാകുകയും അവന്റെ തൃപ്തിയുടെ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുക എന്നതാണ്. അതിനാൽ നാം നിങ്ങളെ അതിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്.**ഫലായർഫുസു വലാ യസ്ഖബ്.** നാവ് കൊണ്ടും തിന്മ ചെയ്യരുത്, കൈ കൊണ്ടും തിന്മ ചെയ്യരുത്.

**അവകാശങ്ങളെ ധ്വംസിക്കരുത്**

സൃഷ്ടികളോടുള്ള കടമകളുടെ ബന്ധം രണ്ട് കാര്യങ്ങളുമായിട്ടാണ്. രണ്ട് തിന്മകൾ കൊണ്ടു തന്നെയാണ് അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതും. ചിലപ്പോൾ നാവ് കൊണ്ട് അവകാശധ്വംസനം ഉണ്ടാകുന്നു, ചിലപ്പോൾ കർമങ്ങൾ കൊണ്ട് അവകാശധ്വംസനം ഉണ്ടാകുന്നു. ഈ മാസം പ്രത്യേക ശിക്ഷണത്തിന്റെതാണ്. ശേഷിക്കുന്ന 11 മാസത്തേക്കും നിങ്ങൾക്ക് ഗുണകരമായിരിക്കും എന്നതാണ് ഇവിടെ നൽകപ്പെടുന്ന അധ്യാപനം. അതിനാൽ സ്വന്തം നാവ് കൊണ്ട് ആരെയും ബുദ്ധിമുട്ടിക്കുന്നതല്ലെന്നും സ്വന്തം കർമങ്ങൾ കൊണ്ട് ആരുടെയും അവകാശധ്വംസനം നടത്തുന്നതല്ലെന്നുമുള്ള ശീലം ഈ മാസത്തിൽ സുദൃഢമാക്കുക.

**ലക്ഷ്യപ്രാപ്തിക്കുള്ള മാർഗം**

ചുരുക്കത്തിൽ വിശുദ്ധഖുർആൻ റമദാൻ മാസം എന്ന് വിശേഷിപ്പിച്ച നോമ്പ് അല്ലെങ്കിൽ നോമ്പിന്റെ വ്യവസ്ഥിതി അഞ്ച് ആരാധനകളും ഉൾപ്പെട്ടിട്ടുള്ളതാണ്. മനുഷ്യൻ പാപങ്ങളിൽ നിന്ന് സുരക്ഷിതരാകുകയും അല്ലാഹുവിന്റെ തൃപ്തിയുടെ സ്വർഗത്തെ പ്രാപിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതിനുള്ള മാർഗമിതാണ്. നാവ് കൊണ്ട് ആരെയും ഒരുക്കലും ഉപദ്രവിക്കരുത്. കൈകൾ കൊണ്ട് ആരുടെയും അവകാശത്തെ ധ്വംസിക്കരുത്. അല്ലാഹു ആരുടെ അവകാശമാണോ സ്ഥാപിച്ചിട്ടുള്ളത് അതിനെ സ്ഥാപിക്കുക നിറവേറ്റുക. അതിൽ സ്വന്തം ശരീരത്തോടുള്ള അവകാശവും ഉൾപ്പെടുന്നു.

**സ്വർഗീയ കവാടങ്ങൾ തുറക്കപ്പെടുന്നു**

ഈ തത്വത്തെ മനസ്സിലാക്കുകയും തന്റെ ജീവിതത്തെ അതിനനുഗുണമാക്കുകയും റമദാൻ മാസത്തിൽ ശക്തമായ നിലയിൽ അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നവരെ സംബന്ധിച്ച് നബി (സ) പറഞ്ഞിരിക്കുന്നത് റമദാനിൽ അവർക്കു മേൽ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു എന്നാണ്. മറ്റൊരിടത്ത് പറഞ്ഞത് ആകാശത്തിന്റെ കവാടങ്ങൾ അവർക്കായി തുറക്കപ്പെടുന്നു എന്നാണ്. അതിനർത്ഥം ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുകയും ചെയ്യുന്നു എന്നാണ്. മറ്റൊരർത്ഥം ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും സൽക്കർമങ്ങൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ ലഭിക്കുകയും സൽകർമങ്ങൾക്ക് സ്വീകാര്യതയുടെ സ്ഥാനം കരസ്ഥമാകുന്നു എന്നാകുന്നു. മനുഷ്യകർമങ്ങളെ അല്ലാഹു സ്വീകരിക്കുന്നു. അതിനേക്കാൾ ഉത്തമമായ പ്രതിഫലം നൽകുന്നു. അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങുകയും മനുഷ്യന് തന്റെ നാഥനിൽ നിന്ന് സൽക്കർമങ്ങൾ ചെയ്യുന്നതിനുള്ള അവസരം ലഭിക്കുകയും പിന്നീട് ആ സൽക്കർമങ്ങൾ സ്വീകാര്യതയുടെ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യുമ്പോൾ **ഫുതിഹത് അബ്വാബുൽ ജന്നത്ത്** ആയിത്തീരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൽകർമങ്ങൾക്കുള്ള അവസരം കരസ്ഥമാക്കുകയും, അല്ലാഹു തന്റെ അനുഗ്രഹത്താൽ പ്രസ്തുത സൽകർമങ്ങളെ സ്വീകരിക്കുകയും ചെയ്തവർക്ക് മാത്രം പ്രവേശിക്കുവാൻ യോഗ്യതയുള്ള കവാടമാണ് സ്വർഗത്തിന്റെ കവാടം.

**ദീനീ കല്പനകളുടെ ഉദ്ദേശ്യം**

ചുരുക്കത്തിൽ റമദാൻ മാസത്തിലെ നോമ്പ് നിർബന്ധമാക്കപ്പെട്ടത് നിങ്ങൾ കഷ്ടതയനുഭവിക്കുന്നതിന് വേണ്ടിയല്ല. **ഇന്നദ്ദീന യുസ്റുൻ.** അല്ലാഹുവിന്റെ ദീനിൽ അതായത് ഇസ്ലാം ദീനിൽ ആരിലും തന്നെ അവരുടെ ശാരീരികവും മറ്റ് കഴിവുകളുടെയും വളർച്ചയ്ക്ക് തടസ്സമായിത്തീരുന്ന കഷ്ടതകൾ നൽകിയിട്ടില്ല. മറിച്ച് മുഴുവൻ ദീനിന്റെയും ദീനിലെ കല്പനകളുടെയും ഉദ്ദേശ്യം മനുഷ്യൻ സുഗമമായും സമാധാനമായും പുരോഗതിയുടെ ചവിട്ടുപടികൾ കീഴടക്കിക്കൊണ്ട് അല്ലാഹുവിന്റെ സാമീപ്യത്തെ കൂടുതൽ കൂടുതലായി പ്രാപിച്ചു കൊണ്ടിരിക്കുക എന്നതാണ്.

**പട്ടിണിയല്ല ലക്ഷ്യം**

ഇതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് മറ്റൊരു സ്ഥലത്ത് പറഞ്ഞിരിക്കുന്നത് പോലെ കേവലം വിശപ്പും ദാഹവും സഹിക്കുക എന്നതല്ല നമ്മിൽ അർപ്പിതമായിട്ടുള്ള നിർബന്ധ കടമ. മറിച്ച് നോമ്പാണ് നമ്മിൽ അർപ്പിതമായിട്ടുള്ള നിർബന്ധ കടമ. ഇത് രണ്ടിലും ഇസ്ലാമിക ശരീഅത്ത് വലിയ അന്തരം കല്പിച്ചിട്ടുണ്ട്.

**അല്ലാഹുവിന്റെ ദൃഷ്ടിയിൽ നോമ്പുകാരൻ**

ഒരു ദരിദ്രനും പട്ടിണി കിടക്കാൻ സാധിക്കും. എന്നാൽ അവൻ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നോമ്പുകാരനാകുന്നില്ല. ഒരു രോഗിക്കും പട്ടിണി കിടക്കാൻ സാധിക്കും. ചില സമയത്ത് ഡോക്ടർ രോഗിയോട് പറയും 24 മണിക്കൂർ അല്ലെങ്കിൽ ചിലപ്പോൾ 48 മണിക്കൂർ നിന്റെ ആമാശയത്തിലേക്ക് ഭക്ഷണം എത്താൻ പാടില്ല. എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അങ്ങനെയുള്ളവർ നോമ്പുകാരനാകുകയില്ല. കാട്ടിൽ വഴി തെറ്റിയവനും പട്ടിണികിടക്കേണ്ടി വരുന്നു. ദിവസങ്ങളോളം അവന് ഭക്ഷണം തന്നെ ലഭിക്കാറില്ല. എന്നാൽ അവൻ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നോമ്പുകാരനല്ല.

**അല്ലാഹുവിന് സ്വീകാര്യമായ പട്ടിണി**

അതിനാൽ കേവലം പട്ടിണി കിടക്കുന്നത് മനുഷ്യനെ നോമ്പുകാരനാക്കുന്നില്ല മറിച്ച്, മനുഷ്യൻ രണ്ട് വശങ്ങളെ കരസ്ഥമാക്കി കൊണ്ട് പട്ടിണി കിടക്കുന്നതാണ് അല്ലാഹുവിന് ഇഷ്ടം. ഒന്ന് ശാരീരികേഛയിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള വശമാകുന്നു. അതൊരു സാധാരണ അടയാളമാണ്. എല്ലാ തരത്തിലുമുള്ള ശാരീരിക വിപത്തുകളിൽ നിന്നും രക്ഷപ്പെടുന്നതിനായി പരിശ്രമിക്കുക എന്ന പാഠമാണ് അതിൽ നൽകിയിട്ടുള്ളത്. രണ്ടാമത്തേത്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനും അവരുടെ വയറ് നിറക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യുക എന്ന ദൈവീക പദ്ധതിക്കായി പട്ടിണി കിടക്കുക.....

**റമദാൻ നൽകുന്ന സന്ദേശം**

നബി(സ) എപ്പോഴും ഔദാര്യവാനായിരുന്നു. എന്നാൽ റമദാൻ മാസത്തെ സംബന്ധിച്ച് നബി (സ) നമുക്ക് നൽകുന്ന സന്ദേശം, പട്ടിണിയുടെ കഷ്ടത അനുഭവിക്കുന്നതിന് വേണ്ടിയല്ല നിങ്ങളെ പട്ടിണിക്കിടുന്നത്. മറിച്ച്, അതിന്റെ യഥാർത്ഥ ലക്ഷ്യം സ്വന്തം പൈസ കൊണ്ടും, സ്വന്തം പ്രാഗൽഭ്യം കൊണ്ടും, സ്വന്തം ദുആ കൊണ്ടും മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കുക, മറ്റുള്ളവരുടെ ക്ഷേമത്തിനായി പരിശ്രമിക്കുക എന്നതാണ്. അതിനാൽ റമദാൻ മാസത്തിൽ പകൽ സമയത്ത് ശാരീരികേഛകളിൽ നിന്ന് അകന്നു നിൽക്കുകയും മറ്റ് ആഹാര പാനീയങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുന്നു. ശാരീരികേഛകളിൽ നിന്നുള്ള അകൽച്ച അടിസ്ഥാനപരമായി എല്ലാ ശാരീരിക വിപത്തുകളിൽ നിന്നും രക്ഷപ്പെടേണ്ടത് അനിവാര്യമാണെന്നതിലേക്കുള്ള അടയാളവും പാഠവുമാകുന്നു.

(ഖുത്വുബ ജുമുഅ: 11.07.69) - **ഇബ്നു അശ്റഫ്**

അൽഹഖ്
വാർത്താപത്രിക
2013 ജൂലൈ
പുസ്തകം 21 ലക്കം 7


യുഗനാദം

ഹദ്റത് അഹ്മദ്(അ)



# നന്മകൾ പൂക്കുന്ന റമദാൻ

ഒരു വർഷത്തെ ഇടവേളക്കു ശേഷം വീണ്ടും റമദാൻ എത്തുകയാണ്. വിശുദ്ധ ഖുർആൻ റമദാനെ പരിചയപ്പെടുത്തി ക്കൊണ്ട് പറയുന്നു:

شَهْرُ رَمَضَانَ الَّذِىٓ اُنْزِلَ فِيْهِ الْقُرْاٰنُ

അതായത് റമദാനിലാണ് വിശുദ്ധഖുർആൻ ഇറങ്ങിയത്. ഇതിന്റെ മറ്റൊരു വിവക്ഷയിൽ വിശുദ്ധ ഖുർആൻ ഇറങ്ങിയത് റമദാനെക്കുറിച്ചാണ് എന്നുമാകാം. ഈ നിലക്ക് റമദാൻ മാസം ഖുർആനിക പാഠങ്ങൾ പ്രാവർത്തികമാക്കേണ്ട, അതിന്റെ അനുശീലന മുറകൾ പഠിക്കേണ്ട ഏറ്റവും അനുയോജ്യമായ കാലമാണ്. അതുകൊണ്ട് തന്നെ അല്ലാഹു ഈ പരിശുദ്ധ മാസത്തിൽ സാഹചര്യങ്ങളേയും അതിനുവേണ്ടി പരിപക്വമാക്കുന്നു. ഇതു സംബന്ധിച്ച തുരുനബി വചനങ്ങളെ ഇങ്ങിനെ സംഗ്രഹിക്കാം.

- സ്വർഗ കവാടങ്ങൾ തുറക്കപ്പെടുന്നു
- നരക കവാടങ്ങൾ അടക്കപ്പെടുന്നു
- ശൈത്വാൻ ബന്ധനസ്ഥനാക്കപ്പെടുന്നു
- പ്രാർഥന കൂടുതലായി സ്വീകരിക്കപ്പെടുന്നു
- ചെറിയ നന്മകൾക്ക് പോലും വലിയ പ്രതിഫലം ലഭിക്കുന്നു
- അത്താഴം കഴിക്കുന്നത് പോലും നന്മയായി ഗണിക്കപ്പെടുന്നു
- റമദാന്റെ രാത്രികളിലെ തഹജ്ജുദ് മുൻകാല പാപങ്ങളെ ഇല്ലാതാക്കുന്നു
- റമദാനിൽ ജീവിതത്തിലെ നിർണായക വഴിത്തിരിവുമായി ലയ്ലത്തുൽ ഖദ്ർ സമാഗതമാകുന്നു
- എല്ലാത്തിലും ഉപരിയായി യഥാർഥ നോമ്പുകാരന് അല്ലാഹു താൻ തന്നെ പ്രതിഫലമായിത്തീരുന്നു

ഈ അനുകൂല ഘടകങ്ങളെയെല്ലാം പ്രയോജനപ്പെടുത്തി റമദാൻ വിജയ പ്രദമായി പൂർത്തീകരിക്കുമ്പോഴാണ് വ്രതാനുഷ്ഠാനം സാർഥകമാകുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി അ് (റഹ് ) പറയുന്നു;

"റമദാൻ അനുഗൃഹീത മാസമാണ്. എല്ലാ വർഷവും ഇത് വന്നുകൊണ്ടിരിക്കുന്നു. കുറച്ചെങ്കിലും അനുഗ്രഹങ്ങൾ ബാക്കിയാക്കിക്കൊണ്ട് തന്നെയാണ് അത് വിട പറയുക. റമദാന്റെ അനുഗ്രഹങ്ങളെ സ്വന്തം ജീവിതത്തിൽ സംരക്ഷിക്കുവാൻ പരിശ്രമിക്കുവിൻ, അതുമായി ഒട്ടിച്ചേരുവിൻ.

റമദാന് മുമ്പും ശേഷവും ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളുണ്ടായെന്ന് ബുദ്ധി പൂർവം വിലയിരുത്തുവിൻ. ഓരോ വ്യക്തിയും സ്വന്തം കണക്കെടുപ്പ് നടത്തിയാൽ റമദാൻ കൊണ്ട് മാത്രം തന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ അതിനു മുമ്പ് ഇല്ലായിരുന്നുവെന്ന് ബോധ്യപ്പെടുന്നതാണ്. ഇന്നയിന്ന ദുശ്ശീലങ്ങൾ ഉണ്ടായിരുന്നുവെന്നും അത് റമദാൻ കൊണ്ട് മാത്രം അകന്നുവെന്നും വ്യക്തമാകും.

ഇങ്ങിനെ സ്വന്തം അന്ത:കരണത്തിൽ ബുദ്ധിപൂർവകമായ ഒരു അന്വേഷണം നടത്തിയാൽ റമദാൻ മുഖേന താൻ പുതിയൊരു സുന്ദര രൂപത്തിൽ ആയെന്ന് മനസ്സിലാക്കാൻ കഴിയും. അതിനെ നിലനിർത്തുവാൻ ശ്രമിക്കുക.

റമദാൻ കൊണ്ടുമാത്രം ഉപേക്ഷിക്കാൻ കഴിഞ്ഞ വൃത്തിഹീനമായ രൂപത്തെ വീണ്ടും സ്വന്തം മുഖത്ത് അണിഞ്ഞ് കറുത്ത് പുള്ളിയുണ്ടാവാൻ അനുവദിക്കരുത്. ഇത് സ്വന്തം അവസ്ഥകളെ മനസ്സിലാക്കാനും റമദാന്റെ അനുഗ്രഹങ്ങളെ നിലനിർത്താനുമുള്ള ശാസ്ത്രീയ മാർഗമാണ്." (ഖുത്ബ 15/05/2000)

റമദാനിൽ പൊതുവെ വിശ്വാസ ദൗർബല്യമുള്ളവർ പോലും ഇബാദത്തുകളിൽ ബദ്ധശ്രദ്ധരാവാറുണ്ട്. അങ്ങിനെ ഈ അത്മീയ വസന്തകാലത്ത് എല്ലാത്തരം ചെടികളും തളിർക്കുകയും പൂക്കുകയും ചെയ്യുന്നു. അതിന്റെ സൗരഭ്യം റമദാനിൽ മാത്രമായി ഒതുക്കാതെ എന്നെന്നും പുതുപുത്തനായി നിലനിർത്താനുള്ള ആത്മാർഥ പരിശ്രമമണ് ഉണ്ടാകേണ്ടത്. ജീവിതത്തെ ദൈവാഭീഷ്ഠത്തിനനുസൃതമാക്കി മാറ്റാൻ കഴിഞ്ഞാൽ അതും ഒരു ലയ്ലത്തുൽ ഖദ്ർ തന്നെയാണ്.

## തഖ്‌വ

തഖ്‌വ എല്ലാ കർമങ്ങളുടേയും വേരാകുന്നു. അതില്ലാത്തവൻ ധിക്കാരിയാകുന്നു. തഖ്‌വ മുഖേന കർമങ്ങൾ സൗന്ദര്യമുള്ളതായി മാറുന്നു. അത് മുഖേന ദൈവസാമീപ്യവും ലഭിക്കുന്നു. (മൽഫൂസാത്ത് : 529/3)

## കർമങ്ങൾ

ഓർക്കുക, കർമങ്ങൾ നന്നാക്കാതെ വർത്തമാനങ്ങൾ ഒന്നുമല്ല. അത് വെറും അധരവ്യായാമം മാത്രമാകുന്നു. (മൽഫൂസാത്ത് : 594/4)

## ഫസാദ് ഉണ്ടാകരുത്

നല്ല പോലെ ഓർക്കുക, സത്യഹൃദയത്തോടേയും ആത്മാർഥതയോടേയും കർമങ്ങൾ ഇല്ലെങ്കിൽ നിഷ്പ്രയോജനമാണ്. അത്തരം കർമങ്ങൾ ഉപകാരപ്പെടുന്നതല്ല........ഒരു തരത്തിലുള്ള ഫസാദും ഇല്ലാതാകുമ്പോഴാണ് സൽകർമങ്ങൾ അഅ്മാലെ സ്വാലിഹ എന്ന് അറിയപ്പെടുന്നത്. (മൽഫൂസാത്ത് : 499/3)

## അറിവ് മാത്രം പോരാ

അറിയുക, നല്ല പോലെ മനസ്സിലാക്കുക; കർമവും പ്രയത്നവും ആത്മസംസ്കരണവും ഇല്ലെങ്കിൽ കേവലം അറിവും വൈഭവവും ശുഷ്കമായ ജ്ഞാനവും ഒരു പ്രയോജനവും നൽകുന്നതല്ല. (മൽഫൂസാത്ത് : 114/1)

## വാക്കും പ്രവർത്തിയും

എപ്പോഴും തങ്ങളുടെ വാക്കും പ്രവർത്തിയും നന്നാക്കുക. സ്വഹാബ (റ) തങ്ങളുടെ ജീവിതത്തിൽ അനുവർത്തിച്ചതു പോലെ നിങ്ങളും അവരുടെ കാലടികളെ പിന്തുടർന്നു കൊണ്ട് തങ്ങളുടെ കൂറിന്റേയും സത്യസന്ധതയുടേയും മാതൃകകൾ കാണിക്കുക. ഹദ്റത് അബൂബക്കർ (റ) ന്റെ മാതൃക എപ്പോഴും മുന്നിൽ വെക്കുക. (മൽഫൂസാത്ത് : 248/1)

## അന്തസ്സ്

വിശ്വാസിയായ മനുഷ്യൻ ഒരിക്കലും പാഴാവുകയില്ല. അയാൾക്ക് ദീനും ലഭിക്കുന്നു, ഭൗതിക ലോകത്ത് അന്തസ്സും ലഭിക്കുന്നു. (മൽഫൂസാത്ത് : 307/5)

## ഫുർഖാൻ

വിശ്വാസിക്കും അവിശ്വാസിക്കും ഇടയിൽ അല്ലാഹു ഒരു ഫുർഖാൻ (വ്യതിരിക്തത) വെച്ചിരിക്കുന്നു. എതിരിടേണ്ടി വരുമ്പോൾ പരിപൂർണ മുഅ്മിൻ എതിരാളിക്കു മേൽ വിജയം വരിക്കുന്നു. അയാൾ (വിശ്വാസി) സഹായിക്കപ്പെടുകയും പിന്തുണക്കപ്പെടുകയും ചെയ്യുന്നു. (റൂഹാനി ഖസായിൻ 346/21)

## യഥാർഥ മുഅ്മിൻ

ഓരോ ആൾക്കും ഓരോ ആഗ്രഹം ഉണ്ടായിരിക്കും. എന്നാൽ എല്ലാ ആഗ്രഹങ്ങൾക്കും മേൽ അല്ലാഹുവിനെ മുന്തിക്കാതെ യഥാർഥ മുഅ്മിൻ ആകാൻ സാദ്ധ്യമല്ല. (മൽഫൂസാത്ത് : 690/5)

വനിതാരംഗം

അബു തബസ്സും

# സച്ചെ അഹ്മദീ കീ മാ സിന്ദാബാദ് !

## (സത്യവാനായ അഹ്മദിയുടെ മാതാവ് നീണാൽ വാഴട്ടെ! )

ഗുജറൻവാലയിലെ മെഹർദീൻ സാഹിബിന്റെ ഭാര്യ ആയിശ ബീബി സാഹിബ പറയുന്നു, 1974 ൽ ഗുജറൻവാലയിലെ അവസ്ഥകൾ മോശമായപ്പോൾ എന്റെ മകനായ മുനീർ അഹ്മദിന്റെ ഒരു അനഹ്മദി സുഹൃത്ത് വന്നു കൊണ്ട് പറഞ്ഞു, നേരം വെളുത്തു കഴിഞ്ഞാൽ വളരെ അപകടം ഉണ്ടാകുന്നതാണ്. അതിനാൽ രാത്രി തന്നെ എവിടേക്കെങ്കിലും പൊയ്ക്കൊള്ളുക. എന്റെ മകൻ പറഞ്ഞു, ഞങ്ങൾക്ക് എവിടേക്കും പോകുന്നതിനുള്ള അനുവാദമില്ല. ഞങ്ങൾ ഇവിടെ തന്നെ നിൽക്കുന്നതാണ്. എന്റെ മകൻ ബശീർ എന്നെയും എന്റെ മകൾ ജമീലയെയും അവന്റെ സുഹൃത്തിന്റെ വീട്ടിലേക്ക് പറഞ്ഞയച്ചു. പൊതുവിൽ ഞാൻ എന്റെ മക്കളെ കൺമുമ്പിൽ നിന്ന് മറയാൻ അനുവദിക്കാറില്ലായിരുന്നു. എന്നാൽ അന്നത്തെ ദിവസം മക്കളെ അത്രയും അപകടം നിറഞ്ഞ പരിതസ്ഥിതിയിൽ ഒന്നും ചിന്തിക്കാതെ വിട്ടു പൊയി. കുട്ടികൾക്ക് എന്ത് സംഭവിക്കും എന്ന ചിന്തയില്ലായിരുന്നു. എനിക്ക് അതിനുള്ള ധൈര്യം നൽകിയത് അല്ലാഹുവിന്റെ കാരുണ്യം ഒന്ന് മാത്രമാണ്.

പ്രഭാതത്തിൽ തന്നെ ജാഥയായി എത്തിയ സംഘം ആക്രമണം അഴിച്ചു വിട്ടു. എന്റെ മക്കൾ എല്ലാ വാതിലുകളും അടച്ച് പൂട്ടി വീടിന്റെ മട്ടുപ്പാവിലേക്ക് പോയി. അവിടെ നേരത്തേ തന്നെ അഞ്ച്പേർ ഉണ്ടായിരുന്നു. അക്രമി സംഘം കല്ലെറിയാൻ തുടങ്ങി. കുട്ടികൾ രക്ഷയ്ക്കായി മട്ടുപ്പാവിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി. എന്നാൽ രക്ഷപ്പെടാൻ യാതൊരു മാർഗവും ലഭിച്ചില്ല. നാനാഭാഗത്തു നിന്നും കല്ലുകൾ മഴ പോലെ വർഷിക്കുകയായിരുന്നു. സമീപത്തെ ഉയരമുള്ള കെട്ടി ടങ്ങളിൽ നിന്നും കല്ലേറു വരുന്നുണ്ടായിരുന്നു. രക്ഷപ്പെടുന്നതിനായി അവർ പുറകിലുള്ള ഇടവഴിയിലേക്ക് ഇറങ്ങാൻ ശ്രമിച്ചു. എന്നാൽ അവിടെയും ആൾക്കൂട്ടം തന്നെയായിരുന്നു. താഴെ ഇറങ്ങിയപ്പോൾ തന്നെ അവർ ആക്രമിക്കപ്പെട്ടു. കല്ലുകൾ കൊണ്ടും വടികൾ കൊണ്ടും ആക്രമിച്ച് അവർ എന്റെ രണ്ടു മക്കളെയും ശഹീദാക്കി. അവരെ കല്ലുകളുടെയും ഇഷ്ടികകളുടെയും കൂമ്പാരത്താൽ മൂടി. അന്നേരം എന്റെ മക്കളെ കൂടാതെ സഈദ് അഹ്മദ്, മൻസൂർ അഹ്മദ്, മഹ്മൂദ് അഹ്മദ്, അഹ്മദ് അലി ഖുറൈശി എന്നിവരും ശഹീദാക്കപ്പെട്ടു. എല്ലാവരെയും വടികൾ കൊണ്ടും കല്ലുകൾ കൊണ്ടും നിർദാക്ഷിണ്യം ആക്രമിച്ചായിരുന്നു ശഹീദാക്കിയത്.

ഈ സംഭവത്തെ കുറിച്ച് എനിക്ക് അറിവ് ലഭിച്ചപ്പോൾ അല്പനേരത്തേക്ക് നിയന്ത്രണത്തിന്റെ സകല സീമകളും ലംഘിക്കപ്പെട്ടു. എന്നാൽ വീട്ടുകാർ കരയാൻ അനുവദിച്ചില്ല. കാരണം കരഞ്ഞാൽ ഞങ്ങളുടെ ശബ്ദം വീടിന് വെളിയിൽ പോകുമായിരുന്നു. അവർണനീയമായ അവസ്ഥയായിരുന്നു. എന്റെ മക്കളോട് എത്തരത്തിലാണ് പെരുമാറപ്പെട്ടതെന്നും അവർക്ക് എന്തെല്ലാം സഹിക്കേണ്ടി വന്നതെന്നുമുള്ള വസ്തുത അന്നേരം ഞാൻ അറിഞ്ഞിരുന്നില്ല. പിന്നീടാണ് വളരെ മൃഗീയമായതും മനുഷ്യത്യരഹിതവുമായ നിലയിലാണ് അവരെ ശഹീദാക്കിയത് എന്ന് അറിഞ്ഞത്. ഞങ്ങളുടെ സന്തോഷഭരിതമായ കുടുംബത്തെ നശിപ്പിച്ചു. വളരെ കടുത്ത പരീക്ഷണമായിരുന്നു. മനസ്സിലും ഹൃദയത്തിലും ദുഖങ്ങളുടെ ഒരു കൊടുങ്കാറ്റു തന്നെ രൂപം കൊണ്ടിരുന്നു. ധാരധാരയായി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. എന്നാൽ ഉച്ചത്തിൽ എന്തെങ്കിലും പറയുന്നതിനുള്ള അനുമതി പോലും ഇല്ലായിരുന്നു. പിന്നീട് അവസ്ഥകൾ ഭേദമായപ്പോൾ ആ വീട്ടിൽ താമസിക്കുന്നതിന് മനസ്സനുവദിച്ചില്ല. എന്നാൽ നിർബന്ധിതാവസ്ഥ ഞങ്ങളെ വീണ്ടും അതേ വീട്ടിലേക്ക് കൊണ്ടെത്തിച്ചു. ഹൃദയം ദുഖാർദ്രമായിരുന്നു. മഹല്ല്വാസികളുടെ അനുശോചനം ബഹിഷ്കരണമായിരുന്നു. കടയുടമകൾ സാധനങ്ങൾ നൽകുന്നത് വിലക്കിയതിനാൽ സാധനങ്ങളെല്ലാം വളരെ ദൂരത്ത് നിന്ന് കൊണ്ടു വരേണ്ടി വന്നു. സമീപവാസികൾ ഞങ്ങളെ കാണുമ്പോൾ വഴിമാറിപ്പോകുമായിരുന്നു. അത് ഞങ്ങളെ കൂടുതൽ വേദനിപ്പിച്ചു. എന്നാൽ ഞങ്ങൾ സഹനത്തിന്റെ കോന്തല ഉപേക്ഷിച്ചില്ല. ഇത് അന്യരുടെ പെരുമാറ്റമായിരുന്നു. അനഹ്മദികളായ സ്വന്തക്കാർ ബന്ധം വിഛേദിക്കുകയും അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നതിനായി വീണ്ടും വീണ്ടും സമ്മർദ്ദം ചെലുത്തുകയായിരുന്നു. എന്നാൽ ഞങ്ങൾ പറഞ്ഞത്, ഞങ്ങളുടെ പ്രിയപ്പെട്ടവർ ജമാഅത്തിനായി നൽകിയ ത്യാഗങ്ങളെ പാഴാകാൻ ഞങ്ങളനുവദിക്കില്ല. വേണമെങ്കിൽ ഞങ്ങളുടെ ജീവനുമെടുത്തു കൊള്ളുക. ആ വീടിനെ വീണ്ടും വിജനമാക്കി കൊള്ളുക. എന്നാൽ ഞങ്ങളുടെ ഹൃദയത്തെ വിജനമാക്കാൻ നിങ്ങൾക്കാവില്ല. അതിൽ കുടികൊള്ളുന്ന വിശ്വാസം എന്നെന്നും ജീവസ്സുറ്റതായിരിക്കും. അതേ വിശ്വാസത്തിന്റെ ബലത്തിലാണ് ഞങ്ങൾ ജീവിച്ചിരിക്കുന്നതും. (അൽ ഫള്ൽ ഇന്റർനാഷണൽ)

---

** ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ആണ് ഈ മുദ്രാവാക്യം അഹ്മദികൾക്ക് സമ്മാനിച്ചത്*

**മൻ ലം യദഅ് ഖൗല സ്സൂരി വ അമല ബിഹീ ഫലയ്സ ലില്ലാഹി ഹാജ്ജത്തുൻ ഫീ അൻ യദഅ് ത്വആമഹൂ വ ശറാബഹൂ**

**കള്ളം പറയുന്നതിൽ കളവായ കർമ്മങ്ങളിൽ നിന്നും വിട്ടു നിൽക്കാത്തവൻ അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു താൽപര്യവുമില്ല. (ബുഖാരി)**

*പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ*

**അസ്ഹാബീ കന്നുജൂമി**
**ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും**

**എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്.** *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് മആസ് (റ) ഇബ്നു ജബൽ

**പേരും രൂപവും**

ഹദ്റത് മആസ് (റ) ഇബ്നു ജബൽ അൻസാർ ഗോത്രമായ ഖസ്റജ് വംശജനാണ്. പിതാവ് ഹിന്ദ് ഇബ്നു സുഹൈൽ. സ്ഥാനപ്പേര് അബൂ അബ്ദുർ റഹ്മാൻ. സുന്ദരനായ ഒരു യുവാവായിരുന്നു അദ്ദേഹം. നല്ല ഉയരമുള്ളതും വെളുത്ത നിറമുള്ളതും പ്രകാശിക്കുന്ന മുഖമുള്ളതും വെളുത്തു തിളങ്ങുന്ന പല്ലുള്ളതും വലിയ കറുത്ത കണ്ണുകളുള്ളതും കട്ടിയുള്ള പുരികമുള്ളതും ചുരുണ്ട മുടിയുള്ളതുമായ വ്യക്തിയായിരുന്നു അദ്ദേഹം.

**ഇസ്ലാം ആശ്ലേഷണം**

ഹദ്റത് മുസ്അബ് (റ) ഇബ്നു ഉമൈറിന്റെ തബ്ലീഗ് ഫലമായി മദീനയിൽ വെച്ച് ബയ്അത്ത് ചെയ്തു. പിന്നീട് രണ്ടാം ഉഖ്ബ സമയത്ത് 70 അൻസാരീംകളോടൊപ്പം മക്കയിൽ സന്നിഹിതനായി ബയ്അത്ത് ചെയ്തു. അന്നേരം അദ്ദേഹത്തിന്റെ പ്രായം 18 വയസ്സായിരുന്നു.

**ശിക്ഷണം**

മദീനയിൽ സാഹോദര്യബന്ധ ശൃംഖല ആരംഭിച്ചപ്പോൾ ഹദ്റത് മആ സ് (റ) ആണ് അദ്ദേഹത്തിന്റെ സഹോദരനാക്കപ്പെട്ടത്. അദ്ദേഹത്തിന്റെ സഹവാസത്തിൽ മആസ് (റ) ഖുർആൻ പഠിക്കുകയും നല്ലൊരു ഖാരിയായി മാറുകയും ചെയ്തു. നബി(സ) തിരുമേനി ഖുർആൻ പഠിക്കാനായിട്ട് നിർദേശിക്കപ്പെട്ട നാല് സവിശേഷ ഖാരിമാരിൽ അദ്ദേഹവും ഉൾപ്പെടുന്നു.

**പാണ്ഡിത്യം**

ഹദ്റത് മആസ് (റ) നല്ല ദീനീ പണ്ഡിതനായിരുന്നു. നബി(സ) പറഞ്ഞത്, അൻസാർ യുവാക്കളിൽ ഏറ്റവും നന്നായി ഇസ്ലാമിക അദ്ധ്യാപനങ്ങളെയും അനുവദനീയമായതിനെയും നിഷിദ്ധമായതിനെ യും കുറിച്ചുള്ള അറിവുള്ളത് മആസ്(റ) നാകുന്നു. നബി (സ) യുടെ കാലഘട്ടത്തിൽ തന്നെ ജനങ്ങൾ സംശയ നിവാരണത്തിനും ഫത്വയ്ക്കായും അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു.

**യുദ്ധങ്ങളിൽ പങ്കാളിത്തം**

വിവിധ യുദ്ധങ്ങളിൽ പങ്കെടുക്കാനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ബദ്ർ, ഉഹദ്, ഖന്തഖ് യുദ്ധങ്ങളിൽ നബി (സ) യോടൊപ്പം പോരാടുന്നതിനുള്ള സന്ദർഭം ലഭിച്ചിട്ടുണ്ട്. പിന്നീടു നടന്ന യർമൂക് യുദ്ധത്തിലും നല്ലൊരു സേനാനായകനെന്ന നിലയിൽ യുദ്ധം ചെയ്യുന്നതിനുള്ള അവസരവും ലഭിച്ചിട്ടുണ്ട്.

**നബി (സ)യുടെ തണലിൽ**

നബി(സ) യുടെ ശിക്ഷണത്തിൽ അദ്ദേഹത്തിന് ധാരാളം അറിവുകൾ കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്.പല കാര്യങ്ങളെ സംബന്ധിച്ചും നബി (സ) അദ്ദേഹത്തിന് പറഞ്ഞു കൊടുക്കുമായിരുന്നു. അദ്ദേഹം നബി (സ) യെ അളവറ്റ് സ്നേഹിച്ചിരുന്നു. മസ്ജിദ് നബവിയിൽ നിന്ന് ഏറ്റവും അകലത്തിലുള്ള മുഹല്ലയിലാണ് താമസമെങ്കിലും എല്ലാ നമസ്കാരവും നബി(സ) യോടൊപ്പം അനുഷ്ഠിക്കുന്നതിനായി മസ്ജിദ് നബവിയിൽ എത്തുമായിരുന്നു. സ്വന്തം മുഹല്ലയിലെ പള്ളിയിൽ അദ്ദേഹമായിരുന്നു ഇമാമായി നിശ്ചയിക്കപ്പെട്ടിരുന്നത്. നബി (സ) അദ്ദേഹത്തിന് ധാരാളം ദുആകൾ പഠിപ്പിച്ച് കൊടുത്തിരുന്നു. ഒരവസരത്തിൽ നബി (സ) അദ്ദേഹത്തിന് 10 നിർദ്ദേശങ്ങൾ നൽകുകയും അവ എപ്പോഴും ഓർത്തിരിക്കുവാൻ പറയുകയും ചെയ്തു.

**നബി (സ)യുടെ അനുകമ്പ**

അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായിരുന്നു. ധാരാളം കടമുണ്ടായിരുന്നു. ആരെന്ത് വന്ന് ചോദിച്ചാലും അദ്ദേഹം എടുത്ത് കൊടുക്കുമായിരുന്നു. അങ്ങനെ അദ്ദേഹം കടത്തിൽ മുങ്ങിയപ്പോൾ നബി (സ) അദ്ദേഹത്തെ വിളിപ്പിച്ചു. അതോടൊപ്പം തന്നെ കടം നൽകിയവരെയും വിളിപ്പിച്ചു. എന്നിട്ട് മആസിന്റെ അവസ്ഥ വിവരിച്ചതിനു ശേഷം അവരോട് പറഞ്ഞു, നിങ്ങളിൽ നിന്ന് കഴിവുള്ളവർ മആസിന് കടം മാപ്പാക്കി കൊടുക്കുക. ചില സഹാബികൾ ഉടൻ തന്നെ കടം മാപ്പാക്കി നൽകുന്നുവെന്നും ഇനി അദ്ദേഹത്തോട് പണം ആവശ്യപ്പെടുന്നതല്ലെന്നും പറഞ്ഞു. എന്നാൽ ചിലർ പണം വേണമെന്ന് ആവശ്യപ്പെട്ടു. നബി(സ) അദ്ദേഹത്തോട് പറഞ്ഞു, നിങ്ങളുടെ സ്വത്തുക്കളിൽ നിന്ന് നിങ്ങൾ ഒഴിവാക്കുക. ഞാനത് കടം വാങ്ങിയവർക്ക് നൽകി കടം വീട്ടിക്കൊള്ളാം. അങ്ങനെ തന്നെ അദ്ദേഹം ചെയ്യുകയുണ്ടായി.

**യമന്റെ മേലധികാരിയാകുന്നു**

തുടർന്ന് നബി(സ) അദ്ദേഹത്തെ യമനിലെ മേലധികാരിയാക്കി നിശ്ച യിച്ചു. യാത്ര അടുക്കുന്ന സമയത്ത് അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ അവസ്ഥ നന്നായി അറിയാമായിരുന്ന നബി (സ) അദ്ദേഹത്തിന് ഉപഹാരങ്ങൾ സ്വീകരിക്കുന്നതിനുള്ള അനുവാദം നൽകി. നബി (സ) യുടെ വഫാത്ത് വരെ അദ്ദേഹമായിരുന്നു യമന്റെ മേലധികാരി. തുടർന്നും ഒരു നീണ്ട കാലം അദ്ദേഹം യമന്റെ മേലധികാരിയായി തുടർന്നു.

**ഭയഭക്തിയും എളിമയും**

ഹദ്റത് അബൂബക്കർ (റ) ന്റെ ഖിലാഫത്ത് കാലത്തും അദ്ദേഹം തന്നെയായിരുന്നു യമന്റെ മേലധികാരി. ഒരിക്കൽ അദ്ദേഹം തന്റെ ഏതാനും അടിമകളോടൊപ്പം ഹജ്ജിനായി മക്കയിലെത്തി. ഹദ്റത് ഉമർ (റ) ആയിരുന്നു അപ്പോൾ ഹാജിമാരുടെ അമീർ. മആസ്(റ) നെ കണ്ടപ്പോൾ കൂടെയുള്ളത് ആരാണെന്ന് ഉമർ (റ) ചോദിച്ചു. അപ്പോൾ തന്റെ അടിമകളാണെന്ന് അദ്ദേഹം പറഞ്ഞു. ഹദ്റത് അബൂബക്കർ (റ) നോട് അനുവാദം ചോദിച്ചോ എന്ന് ആരാഞ്ഞപ്പോൾ നബി(സ) തനിക്ക് ഉപഹാരം സ്വീകരിക്കുന്നതിനുള്ള അനുവാദം തന്നിട്ടുണ്ടെന്നും ആ അടിമകൾ ഉപഹാരമായി ലഭിച്ചതാണെന്നും പറഞ്ഞു. എന്നാൽ അടുത്ത ദിവസം അദ്ദേഹം ഭയാനകമായ ഒരു സ്വപ്നം കാണുകയും ഉമർ(റ)ന്റെ അഭിപ്രായത്തെ മാനിച്ച് അടിമകളെ അബൂബക്കർ(റ) ന് മുന്നിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ അബൂബക്കർ(റ) നബി (സ) അനുവാദം നൽകിയിട്ടുണ്ട് അതിനാൽ താങ്കൾ തന്നെ വെച്ച് കൊള്ളുക എന്ന് പറഞ്ഞു. തുടർന്ന് അദ്ദേഹം ആ അടിമകളോടൊത്ത് നമസ്കരിച്ചു. പിന്നീട് അദ്ദേഹം അവരോട് ചോദിച്ചു, ആരുടെ നമസ്കാരമാണ് നിങ്ങൾ അനുഷ്ഠിച്ചത്. അവർ പറഞ്ഞു, അല്ലാഹുവിന്റെ നമസ്കാരം. ഉടൻ അദ്ദേഹം പറഞ്ഞു, അതേ അല്ലാഹുവിന്റെ പേരിൽ നിങ്ങളെ സ്വതന്ത്രമാക്കുന്നു.

**വഫാത്ത്**

ശാമിൽ പ്ലേഗ് പടർന്ന് പിടിക്കുകയും ആ പ്ലേഗ് പിടിപെട്ട് അദ്ദേഹത്തിന്റെ ഭാര്യ മക്കൾ മരണപ്പെടുകയും ചെയ്തു. പ്ലേഗ് ദൈവശിക്ഷയാണെന്ന സംസാരമുണ്ടായപ്പോൾ അത് ശിക്ഷയല്ല മറിച്ച് അനുഗ്രഹമാണെന്നും കലഹത്തിന്റെ കാലം വരുന്നതിനു മുമ്പ് ആ പ്ലേഗിൽ താൻ മരിക്കുന്നതാണെങ്കിൽ ഉത്തമമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. പിന്നീട് അദ്ദേഹത്തിന് പ്ലേഗ് പിടിപെടുകയും തൽഫലമായി അദ്ദേഹം വഫാത്താകുകയും ചെയ്തു.

**ഹദ്റത് ഉമർ (റ) ന്റെ സാക്ഷ്യപത്രം**

ഹദ്റത് ഉമർ(റ) തന്റെ വഫാത്ത് സമയത്ത് പറഞ്ഞു, അഥവാ ഇപ്പോൾ ഹദ്റത് മആസ് (റ) ജീവിച്ചിരുന്നുവെങ്കിൽ ഞാനദ്ദേഹത്തെ എന്റെ പിൻഗാമിയായി പ്രഖ്യാപിച്ചേനെ. തൽസംബന്ധമായി അല്ലാഹു എന്നോട് ചോദിക്കുകയാണെങ്കിൽ ഞാൻ റസൂൽ (സ) പറഞ്ഞത് കേൾപ്പിക്കുന്നതാണ്. നബി(സ) പറഞ്ഞു, മആസ് (റ) ഖിയാമത്ത് നാളിൽ ജനങ്ങൾക്കിടയിൽ ഉന്നത പ്രൗഢിയോടും പദവിയോടും കൂടി നിലകൊള്ളുന്നതാണ്.

(അവ: സീറത്ത് സഹാബാ.
ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്*

ദഅ്‌വത്തെ ഇലല്ലാഹ്



സഗീർ എച്ച് എസ്

# ഖുർആനിലെ ഗുലാം അഹ്മദ്

മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്

ഒരിക്കൽ ഒരു അഹ്‌ലേ ഹദീസ് പൺഡിതനും ശിഷ്യന്മാരും റബ്‌വ കാണാൻ വന്നതായിരുന്നു. കൂടെ 'തന്റെ ഖുർആനും' കരുതിയിരുന്നു. വന്ന ഉടനെ അദ്ദേഹം പറഞ്ഞു; ഞാൻ ബയ്അത്ത് ചെയ്യാനാണ് വന്നിരിക്കുന്നത്. പക്ഷേ ഒരു നിബന്ധനയേ ഉള്ളൂ, 'എന്റെ ഖുർആനിൽ' 'ഗുലാം അഹ്മദ് ' എന്ന പേര് കാണിച്ചു തരണം. ഞാൻ അവരെ സ്വാഗതം ചെയ്തുകൊണ്ട് പറഞ്ഞു; താങ്കൾ നിബന്ധന എഴുതി തന്നാലും. അദ്ദേഹം പറഞ്ഞു; അതിന്റെ ആവശ്യമില്ല, എന്റെ വാക്കു തന്നെ മതിയായതാണ്.


ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിച്ചു. " ഈ വിനീതൻ നിയോഗിക്കപ്പെട്ട ഒരേ ഒരു ഉദ്ദേശ്യം, മോക്ഷത്തിന്റെ ഭവനത്തിൽ കയറാനുള്ള കവാടം ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ് എന്നാണെന്ന സന്ദേശം ദൈവസൃഷ്ടികൾക്ക് എത്തിക്കുകയാണ്." (ഹുജ്ജത്തുൽ ഇസ്‌ലാം)

മുഹമ്മദീ മസീഹിന്റെ നിയോഗോദ്ദേശ്യം തന്നെ പരിശുദ്ധ കലിമയുടെ പ്രചാരണമാണ്. താങ്കൾ വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് പരിശുദ്ധ കലിമ മുഴുവനായും കാണിച്ചു തരിക, അതിന്റെ തൊട്ടടുത്തു തന്നെ ഗുലാം അഹ്മദ് എന്ന പേരും ഉണ്ട്. സ്വാഭാവികമായും ഈ പേര് പരിശുദ്ധ കലിമക്ക് ശേഷം തന്നെയാണല്ലോ വരേണ്ടതും.

മൗലാനാ അത്ഭുത പരതന്ത്രനായിക്കൊണ്ട് പറഞ്ഞു: കലിമ വിശുദ്ധ ഖുർആനിലുണ്ട്, പക്ഷേ വെവ്വേറെ സൂറത്തുകളിലാണ്. ഒന്നിച്ച് ഒരു ആയത്തിൽ ഇല്ല.

ഞാൻ പറഞ്ഞു: കലിമ ഒന്നിച്ച് ഒരു ആയത്തിൽ വെക്കാത്ത അല്ലാഹു, കലിമയുടെ ധ്വജവാഹകന്റെ പേര് എങ്ങിനെയാണ് ഒരു ആയത്തിൽ ഒന്നിച്ച് വെക്കുക.

ഗുലാം അഹ്മദ് എന്നതിന്റെ പിന്നിലും ഇതേ തത്വശാസ്ത്രം തന്നെയാണുള്ളത്. അല്ലാഹു ഗുലാം എന്നത് ആലു ഇംറാനിലും അഹ്മദ് സൂറത്തുസ്സ്വഫ്ഫിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചുരുക്കത്തിൽ ഗുലാം അഹ്മദ് എന്ന പേര് തീർച്ചയായും വിശുദ്ധഖുർആനിൽ ഉ



ണ്ട്. ഏതായിരുന്നാലും താങ്കൾ വാഗ്ദാനം ചെയ്തതനുസരിച്ച് ബയ്അത്ത് ചെയ്താലും.

മൗലാനാ ഉടൻ തന്നെ ശിഷ്യന്മാരേയും കൂട്ടി വേഗം സ്ഥലം കാലിയാക്കി.

(ദിൽ ചസ്പ് ഇൽമീ വാഖി ആത്ത് വ മുശാഹിദാത്ത്)

# ലയ്‌ലത്തുൽ ഖദർ

ഹ.മസീഹ് മൗഊദ്(അ)

ഒരു ലയ്‌ലത്തുൽ ഖദ്ർ രാത്രിയുടെ അന്ത്യയാമത്തിലാണ് ഉണ്ടാകുന്നത്. അപ്പോൾ അല്ലാഹുവിന്റെ പ്രതാപം വെളിപ്പെടുകയും ദുആയും ഇസ്തിഗ്ഫാറും ചെയ്യുന്നത് സ്വീകരിക്കുവാൻ അവൻ തന്റെ കൈ പരത്തുകയും ചെയ്യുന്നു.

എന്നാൽ ഇതിന് മറ്റൊരു അർഥം കൂടിയുണ്ട്. ദൗർഭാഗ്യവശാൽ ഉലമാക്കൾ അതിനെ എതിർക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. അതായത് ഒരു കർമ്മസന്നദ്ധനായ സമുദ്ധാരകനെ ആഗ്രഹിച്ചു കൊണ്ടിരുന്ന അന്ധകാരനിബിഢമായ രാത്രിയിലാണ് നാം ഈ ഖുർആനെ ഇറക്കിയത്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് ഇബാദത്തിന് വേണ്ടിയാണ്. അവൻ പറയുന്നു , വമാ ഖലഖ്ത്തുൽ ജിന്നവൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ. മനുഷ്യനെ ഇബാദത്തിന് വേണ്ടി സൃഷ്ടിച്ചിരിക്കേ അന്ധകാരത്തിൽ തന്നെ കിടക്കുക എന്നത് സാദ്ധ്യമല്ല. അത്തരം സന്ദർഭത്തിൽ സ്വാഭാവികമായും ദൈവിക അസ്തിത്വം ഒരു സമുദ്ധാരകനെ സൃഷ്ടിക്കാൻ ആവേശം കൊള്ളുന്നു. ചുരുക്കത്തിൽ ഇന്നാ അൻസൽനാഹു ഫീ ലയ്‌ലത്തിൽ ഖദ്ർ നബി(സ) ന്റെ ആഗമനകാലഘട്ടത്തിന്റെ ആവശ്യകതയിലേക്കുള്ള മറ്റൊരു തെളിവാണ്.....................

ലയ്‌ലത്തുൽ ഖദർ ആയിരം മാസങ്ങളേക്കാളും ഉത്തമമാണെന്ന് വിശുദ്ധഖുർആൻ പറയുന്നു. ഇവിടെ ലയ്‌ലത്തുൽ ഖദറിന് മൂന്ന് അർഥങ്ങളുണ്ട്.

1. റമദാനിലെ ഒരു രാത്രി ലയ്‌ലത്തുൽ ഖദറാണ്.

2. തിരുനബി (സ) ന്റെ കാലഘട്ടവും ലയ്‌ലത്തുൽ ഖദറായിരുന്നു. അതായത് അതിരൂക്ഷമായ ജഹാലത്തിന്റേയും അവിശ്വാസത്തിന്റേയും അന്ധകാരഘട്ടത്തിലാണ് നബി(സ) വന്നത്. അപ്പോൾ മലക്കുകളും ഇറങ്ങുകയുണ്ടായി. കാരണം നബി ഏകനായി വരുന്നതല്ല. മറിച്ച് അദ്ദേഹം രാജാവായിരിക്കും. അദ്ദേഹത്തോടൊപ്പം ലക്ഷക്കണക്കിന്, കോടിക്കണക്കിന് മലക്കുകളുടെ സൈന്യവുമുണ്ടായിരിക്കും. ആ മലക്കുകൾ തങ്ങളുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ജനഹൃദയങ്ങളെ നന്മയിലേക്ക് വലിച്ചടുപ്പിക്കുകയും ചെയ്യുന്നു.

3. ലയ്‌ലത്തുൽ ഖദർ മനുഷ്യനെ സംബന്ധിച്ചിടത്തോളം പരമപരിശുദ്ധിയുടെ ഘട്ടമാണ്. മനുഷ്യൻ ദൈവവുമായി അടുക്കുന്തോറും ഈ അവസരവും കൂടുതൽ ലഭ്യമായിക്കൊണ്ടിരിക്കുന്നതാണ്.

(തഫ്സീർ ഹ.മസീഹ് മൗഊദ്(അ))

പുണ്യാത്മാക്കൾ

# ഹദ്റത് ചൗധരി നിഅ്മത്തുല്ലാഹ് ഖാൻ സാഹിബ് ഗോഹർ (റ)

**ജനനം**

1880 ൽ ലുധിയാനയിലെ പഠോർ എന്ന ഗ്രാമത്തിലെ ഒരു ദരിദ്ര രജപുത്ര കുടുംത്തിൽ ജനിച്ചു.

പിതാവ്: ഹക്കീം നത്തേ ഖാൻ സാഹിബ്.

**പഠനം**

10 -ാം ക്ലാസ്സ് പഠനത്തിനായി 15 രൂപ മാസ സ്റ്റൈഫന്റ് ലഭിച്ചു. പട്യാലയിലെ മഹീന്ദ്ര കേളേജിൽ പ്രവേശനം നേടി. എന്നാൽ എന്തോ തെറ്റ് കാരണത്താൽ അദ്ദേഹത്തിന് പരീക്ഷ എഴുതുന്നതിൽ വിലക്ക് ഏർപ്പെടുത്തി.

**ജോലിയിൽ പ്രവേശിക്കുന്നു.**

തുടർന്ന് അദ്ദേഹം പട്യാല രാജഭരണത്തിലെ സുരക്ഷാ വിഭാഗത്തിൽ സൂപ്രണ്ടായി ജോലിയിൽ പ്രവേശിച്ചു. അവിടെ വെച്ച് ആരോ മൗലവി സനാഉല്ലാ സാഹിബിന്റെ പുസ്തകമായ 'ഇൽഹാമാതെ മീർസാ' വായിക്കുവാനായി നൽകി.

**അഹ്മദിയ്യത്തിന്റെ സന്ദേശം ലഭിക്കുന്നു**

അതേ വിഭാഗത്തിൽ തന്നെ അന്നാളുകളിൽ ഹദ്റത് മുൻശി മുഹമ്മദ് അബ്ദുല്ലാ സാഹിബ് സന്നൗരി (റ) ഉം അദ്ദേഹത്തിന്റെ പുത്രനും പഠ്വാരിയായി ജോലി ചെയ്തിരുന്നു. തങ്ങളുടെ സൂപ്രണ്ട് മീർസാ സാഹിബിനെ സംബന്ധിച്ചുള്ള അന്വേഷണത്തിലാണെന്ന് മനസ്സിലാക്കിയ അവർ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാദങ്ങളെ സംബന്ധിച്ച് പറഞ്ഞു കൊടുക്കുകയും വായിക്കുന്നതിനായി ഏതാനും ഗ്രന്ഥങ്ങൾ നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ പിതാമഹൻ ഇമാം മഹ്ദിയുടെ കാലഘട്ടം സമീപസ്ഥമായിരിക്കുന്നു എന്ന് അദ്ദേഹത്തോട് പറഞ്ഞിരുന്നു. പിന്നീട് ഗ്രന്ഥങ്ങൾ വായിച്ചപ്പോൾ ഇമാം മഹ്ദി ഖാദിയാനിൽ വെളിപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യമായി.

**ബയ്അത്ത്**

തുടർന്ന് അദ്ദേഹം 1905 ൽ മുൻശി സാഹിബിൽ നിന്നും കൂടുതൽ വിവരങ്ങൾ കരസ്ഥമാക്കി പത്നി സമേതം ഖാദിയാനിൽ എത്തുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു. അവിടെ മസീഹ് മൗഊദ് (അ) ന്റെ സഹവാസം അദ്ദേഹത്തിൽ വളരെ പ്രഭാവം ചെലുത്തി. തൽഫലമായി അദ്ദേഹം ജോലി രാജി വെച്ച് സ്വഗ്രാമത്തിലെത്തി.

**കുടുംബം അഹ്മദിയ്യത്തിലേക്ക്**

ഗ്രാമത്തിലെത്തിയ അദ്ദേഹം ആദ്യം തന്റെ രണ്ട് ഇളയ സഹോദരന്മാർക്കും സന്ദേശം എത്തിക്കുകയും അവരെ കൊണ്ട് ബയ്അത്ത് ചെയ്യിപ്പിക്കുകയും ചെയ്തു. പിന്നീട് സഹോദരിക്കും സഹോദരി ഭർത്താവിനും മറ്റ് കുടുംബക്കാർക്കും സന്ദേശം എത്തിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരെല്ലാവരും തന്നെ യാതൊരു എതിർപ്പും കൂടാതെ ബയ്അത്ത് ചെയ്യുകയുണ്ടായി. 1906 ൽ ചെറിയ രണ്ട് സഹോദരന്മാരെയും പഠനത്തിനായി ഖാദിയാ നിൽ അയച്ചു.

**വീണ്ടും ജോലിയിലേക്ക്**

സാമ്പത്തികമായ പരാധീനകൾ ഏറിയപ്പോൾ അദ്ദേഹം ചിന്യൂട്ടിലെ മിഡിൽ സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. അവിടെ ജമാഅത്തിൽ വളരെ നല്ല സേവനം കാഴ്ച വെച്ചു. എന്നാൽ ചില വിരോധി ഹിന്ദുക്കളുടെ കടുത്ത സമ്മർദ്ദത്തിന്റെ ഫലമായി അദ്ദേഹത്തിന് ആ ജോലി ഉപേക്ഷിക്കേണ്ടി വന്നു. 1907 ൽ അദ്ദേഹം ഖാദിയാനിലെത്തി.

**വിലക്ക് നീങ്ങുന്നു**

ഖാദിയാൻ വാസത്തിനിടയിൽ ഒരിക്കൽ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) അദ്ദേഹത്തോട് വിദ്യാഭ്യാസം എന്ത് കൊണ്ട് തുടരുന്നില്ല എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം വളരെ വ്യസനത്തോടു കൂടി പരീക്ഷയിൽ തനിക്കുള്ള വിലക്കിനെ കുറിച്ച് പറഞ്ഞു. അപ്പോൾ ദുആക്കായി മസീഹ് മൗഊദ് (അ) നോട് പറയാൻ നിർദേശിച്ചു. താങ്കൾ തന്നെ പറഞ്ഞാലും എന്ന് അദ്ദേഹം അപേക്ഷിച്ചു. കുറച്ചു നാളുകൾക്ക് ശേഷം ഒരു സദസ്സിൽ വെച്ച് ഇക്കാര്യം പരാമർശ വിധേയമായപ്പോൾ ഹുസൂർ തിരുമനസ് മൗലവി മുഹമ്മദ് അലി സാഹിബിനോട് വിലക്ക് നീക്കുന്നതിനായി യൂണിവേഴ്സിറ്റിക്ക് എഴുതാൻ പറഞ്ഞു. എന്നാൽ അത് അസാധ്യമാണെന്ന് പറഞ്ഞപ്പോൾ ഹുസൂർ (അ) പറഞ്ഞു, അല്ലാഹുവിന് പൊറുത്തു കൊടുക്കുവാൻ കഴിയുമെങ്കിൽ ദാസർക്ക് എന്ത് കൊണ്ട് കഴിയില്ല. താങ്കൾ കത്തെഴുതുക. അങ്ങനെ കത്തെഴുതുകയും 1908 ൽ വിലക്ക് നീക്കപ്പെട്ടതായി അറിയിച്ച് കൊണ്ട് കത്ത് ലഭിക്കുകയും ചെയ്തു.

**വിജയം മസീഹ് മൗഊദിന്റെ സത്യസാക്ഷ്യം**

1916 ൽ ലാഹോർ മിഡിൽ സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്ന സമയത്ത് അദ്ദേഹം എഫ്.എ എഴുതുവാൻ തയ്യാറായി. അന്നേരം അവിടുത്തെ പ്രധാന അദ്ധ്യാപകൻ ഖൈർ ദീൻ സാഹിബ് ബർഖ് ആയിരുന്നു. അദ്ദേഹം ക്രിസ്തുമതത്തിൽ ആകൃഷ്ടനായിരുന്നു. ചൗധരി സാഹിബ് യാതൊരു തയ്യാറെടുപ്പുമില്ലാതെ കണക്ക് പ്രധാന വിഷയമായി എടുത്ത് പരീക്ഷയ്ക്ക് തയ്യാറെടുത്തപ്പോൾ അയാൾ പറഞ്ഞു, അഥവാ നിങ്ങൾ പരീക്ഷയിൽ ജയിക്കുകയാണെങ്കിൽ ഞാൻ അഹ്മദിയാകുന്നതാണ്. പിന്നീട് അദ്ദേഹം പരീക്ഷയിൽ രണ്ടാം ക്ലാസ്സോടു കൂടി പാസ്സായി. അപ്പോൾ അയാൾ പറഞ്ഞു, നിങ്ങളുടെ മീർസാ സാഹിബ് സത്യവാൻ തന്നെയാണ്. പക്ഷേ അദ്ദേഹം ബയ്അ ത്ത് ചെയ്തില്ല.

**ജോലികൾ ഉപേക്ഷിക്കുന്നു.**

സ്റ്റാഫിനെ തബ്ലീഗ് ചെയ്ത കാരണത്താൽ അദ്ദേഹത്തിന് ആ ജോലിയും ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് കശ്മീരിലെ പൂഞ്ചിലുള്ള ഇസ്ലാമിയ മിഡിൽ സ്കൂളിൽ പ്രധാനാദ്ധ്യാപകനായി പ്രവേശിച്ചു. രണ്ട് വർഷത്തിന് ശേഷം തബ്ലീഗ് കാരണത്താൽ അതും ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് ബഹാവൽപൂർ, ലായൽപൂർ, ഗോജ്റ, ഡേരാ ഇസ്മായീൽ ഖാൻ, ഗുജറാത് എന്നിവിടങ്ങളിലെ ഇസ്ലാമിയ സ്കൂളുകളിൽ ജോലി ചെയ്തു. എന്നാൽ എല്ലായിടത്തു നിന്നും തബ്ലീഗ് കാരണത്താൽ അദ്ദേഹത്തിന് ജോലി ഉപേക്ഷിക്കേണ്ടി വന്നു. അവസാനം അദ്ദേഹം ഖാദിയാനിൽ തിരിച്ചെത്തി.

**ബി.എ പാസാകുന്നു**

ഗോജ്റയിൽ ജോലിയായിരുന്ന കാലത്ത് അദ്ദേഹം ബി.എ ക്കായി തയ്യാറെടുക്കുകയും അതും രണ്ടാം ക്ലാസിൽ പാസാകുകയും ചെയ് തു. അതോടൊപ്പം എസ്.എ.വിയും പാസായി.

**ഗ്രന്ഥം എഴുതുന്നു**

ഹോശിയാർപൂറിലെ ഒരു ഗ്രാമത്തിൽ പ്രധാനാധ്യാപകനായിരിക്കുന്ന കാലത്ത് അദ്ദേഹം അതി പ്രശസ്ത ഗ്രന്ഥമായ തുഹ്ഫയെ ഹിന്ദ് വ യൂറോപ്പ് രചിച്ചു. വളരെ പ്രശംസ കരസ്ഥമാക്കിയ ഗ്രന്ഥമായിരുന്നു അത്. ഇംഗ്ലീഷ് തർജമയ്ക്കായി ലണ്ടനിലേക്കയച്ച ആ ഗ്രന്ഥത്തിന്റെ രേഖകൾ നഷ്ടപ്പെടുകയുണ്ടായി.

**ഖാദിയാനിൽ ഭവനം നിർമിക്കുന്നു**

1935 ൽ ജില്ലാ ബോർഡിൽ നിന്നും വിരമിച്ചപ്പോൾ ലഭിച്ച പ്രോവിഡന്റ് ഫണ്ട് കൊണ്ട് അദ്ദേഹം ഖാദിയാനിലെ ദാറുൽ ബർക്കാത്തിൽ ഒരു ഭവനം നിർമിച്ചു താമസമാരംഭിച്ചു.

**സൈന്യത്തിൽ**

1939 ൽ രണ്ടാം ലോക മഹായുദ്ധം ആരംഭിച്ചപ്പോൾ അദ്ദേഹം സിവിലിയൻ അദ്ധ്യാപകനായി സൈന്യത്തിൽ പ്രവേശിച്ചു. ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാരെ ഉർദു പഠിപ്പിച്ചു. 1945 ൽ യുദ്ധം അവസാനിച്ചപ്പോൾ അദ്ദേഹം ഖാദിയാനിലേക്ക് മടങ്ങി.

**പാക്കിസ്ഥാനിലേക്ക്**

വിഭജന സമയത്ത് അദ്ദേഹത്തിന് അർദ്ധരാത്രി വീടും മറ്റും ഉപേക്ഷിച്ച് പോകേണ്ടി വന്നു. പല സ്ഥലങ്ങളിലും കഴിഞ്ഞ ശേഷം അവസാനം ലാഹോറിലെ ഒരു ഹോസ്റ്റലിൽ താമസം ആരംഭിച്ചു. അതിനടുത്തുള്ള വായനശാലയിൽ ദിവസം മുഴുവനും ഗ്രന്ഥപാരായണത്തിൽ കഴിച്ചു കൂട്ടുമായിരുന്നു.

**വഫാത്ത്**

ജീവിത കാലം മുഴുവനും അദ്ദേഹം തനിക്ക് ലഭിച്ചിരുന്ന വരുമാനം ചന്ദയ്ക്കും തബ്ലീഗിനുമായി വിനിയോഗിച്ചിരുന്നു. തന്റെ കുടുംബത്തിനായി യാതൊരു ഭൗതീക സ്വത്തും അദ്ദേഹം സ്വരുക്കൂട്ടിയിരുന്നില്ല. 1955 ജൂലൈ 11 ന് അദ്ദേഹം വഫാത്തായി.

**കുടുംബ ജീവിതം**

രണ്ടു വിവാഹം കഴിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ പാക്കിസ്ഥാന്റെ രാജ്യാന്തര ഹോക്കി ടീമിലെ അംഗമായിരുന്നു.

നമസ്കാര പാഠങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)




# സുബ്ഹിക്കു ശേഷമുള്ള ഖുർആൻ പാരായണം



നിങ്ങൾ സുബ്ഹി നമസ്കാരത്തിന് ശേഷം ഖുർആൻ പാരായണം ചെയ്യണം. നമസ്കാര ശേഷം നിങ്ങൾ വിശുദ്ധഖുർആൻ നിർബന്ധമായും ഓതുകയാണെങ്കിൽ തൽഫലമായി നിങ്ങൾക്ക് ഖുർആനുമായി ഒരു ബന്ധം സ്ഥാപിതമാകുന്നു. പിന്നീട് മുഴുവൻ ദിവസവും നിങ്ങൾക്ക് നല്ലതായി കഴിഞ്ഞു പോകുകയും ചെയ്യും. നമസ്കാരത്തിന് ശേഷം വിശുദ്ധഖുർആൻ ഓതുമെന്ന തീരുമാനം എടുക്കുക. ഖുർആൻ ഓതിയതിന് ശേഷം അതിന്റെ അർത്ഥവും നോക്കുക. അതിനുള്ള മാർഗമിതാണ്, അർത്ഥമുള്ള ഖുർആൻ എടുക്കുക. ആദ്യം അറബിയിൽ ഓതുക. പിന്നീട് അതിന്റെ അർത്ഥം നോക്കുക. അങ്ങിനെ നിങ്ങൾക്ക് ആ ആയത്തും ലഭിക്കുന്നതാണ്. എന്നും ഓതണമെന്ന് നിങ്ങൾക്ക് ആഗ്രഹം ഉണ്ടാകുകയും ചെയ്യും. ചില ആയത്തുകൾ ചില സമയത്ത് ഹൃദയത്തെ സ്വാധീനിക്കുന്നു. ചില ആയത്തുകൾ ശരീരത്തിൽ വിറയലുണ്ടാക്കുമെന്നും, ഹൃദയമിടിപ്പിനെ വർദ്ധിപ്പിക്കുമെന്നും വിശുദ്ധഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ആയത്തുകൾ നിങ്ങൾക്ക് ഓതിക്കൊണ്ടിരിക്കുമ്പോൾ ലഭിക്കുന്നതാണ്. അങ്ങിനെയുള്ള സ്ഥലത്തെത്തുമ്പോൾ വാസ്തവത്തിൽ ഹൃദയത്തിൽ പ്രകമ്പനം ഉണ്ടാകുന്നുവെന്ന് നിങ്ങൾക്ക് അനുഭവപ്പെടുകയും ചെയ്യും. പിന്നീട് അവയെ മനപ്പാഠമാക്കി നിങ്ങളുടെ സൂറത്തുകളെ വർദ്ധിപ്പിക്കുക. പിന്നീട് തങ്ങളുടെ നമസ്കാരങ്ങളിലെ ആദ്യ രണ്ട് റക്അത്തുകളിൽ സൂറ ഫാത്തിഹാക്ക് ശേഷം നിങ്ങൾ ഈ ആയത്തുകൾ ഓതുകയാണെങ്കിൽ അത് വളരെ നല്ല ഒരു കർമ്മമായിത്തീരുന്നതാണ്. തൽഫലമായി ഭാവിയിൽ നമ്മുടെ തലമുറയ്ക്ക് തങ്ങളുടെ കുട്ടികൾക്ക് നല്ല ശിക്ഷണം നൽകാൻ സാധിക്കും. നല്ല ഗുണം ലഭിക്കുകയും ചെയ്യും.

***പർവതപ്രദേശത്ത് നടത്തിയ ഒരു യാത്രയിൽ പർവതത്തിൽ കയറുന്നതിനെ പരാമർശിച്ചതിനു ശേഷം പറഞ്ഞു,***

നമസ്കാരത്തിലും ഇതേ പോലെ പല സ്ഥലങ്ങളിലും കുന്നുകൾ ഉണ്ടാകുന്നതാണ്. അതിൽ കയറുന്നതിന് പരിശ്രമിക്കേണ്ടി വരും. ഞാൻ നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ കുന്നുകളാണ്. ഓരോ കുന്നിലും നിങ്ങൾ കയറിക്കഴിയുമ്പോൾ അടുത്ത കുന്ന് കാണുന്നതാണ്. അതിൽ നിങ്ങൾ കയറിക്കഴിഞ്ഞാൽ പിന്നീട് അടുത്ത കുന്ന് കാണും. അങ്ങിനെ നിങ്ങളുടെ നമസ്കാരങ്ങൾ വളരെ ഉന്നതിയിലെത്തിച്ചേരും. എത്രത്തോളം ഉന്നതിയിലെന്നാൽ മുകളിൽ നിന്ന് നിങ്ങൾ നോക്കുമ്പോൾ ജനങ്ങളുടെ നമസ്കാരങ്ങൾ അവിടെ തന്നെ ഇരിക്കുന്നതായിട്ട് കാണുന്നതാണ്. അതായത് **ഖുൽഹുവല്ലാഹുവിൽ** തന്നെ. നിങ്ങൾ എത്രയോ ഉയരത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ടാകും.

അതിനാൽ മുഴുവൻ ലോകവും നിങ്ങളെ കണ്ടുകൊണ്ട് പ്രയോജനമെടുക്കുന്ന തരത്തിൽ നമസ്കാരം മനപ്പാഠമാക്കുക. നിങ്ങൾ ഏത് സൂറത്തിലൂടെയാണോ കടന്ന് പോകുന്നത് അവരും നിങ്ങളുടെ പിന്നാലെ വരേണ്ടതാണ്. മുന്നിലുള്ള കുട്ടികൾക്ക് സന്തോഷമായിരിക്കും. അവരുടെ ഉമ്മമാർ എത്ര യോഗ്യതയുള്ളവരായിരിക്കും. അവർ കുട്ടികളെ നല്ല പോലെ പഠിപ്പിക്കും. അങ്ങിനെ നമ്മുടെ ഭാവി തലമുറ എത്ര നല്ലതായിത്തീരും. പിന്നീട് അടുത്ത തലമുറ, പിന്നീട് അതിനടുത്ത തലമുറ, അടുത്ത നൂറു വർഷം വരെ നിങ്ങളുടെ കുട്ടികൾ നിങ്ങൾ പഠിച്ചത് നേടുന്നതാണ്. നല്ല ശിക്ഷണമായിരിക്കും.

**റുക്കൂഅ്**

സൂറ ഫാത്തിഹായും മറ്റ് ആയത്തുകൾക്കും ശേഷം അല്ലാഹു അക്ബർ എന്ന് പറഞ്ഞ് കുനിയുന്നു. **സുബ്ഹാന റബ്ബിയൽ അളീം. സുബ്ഹാന റബ്ബിയൽ അളീം** എന്തിന് ചൊല്ലുന്നു എന്നതാണ് ഒന്നാമത്തെ ചോദ്യം. ഇതിനു മുമ്പ് സൂറഫാതിഹായും വിശുദ്ധഖുർആനും നിന്ന് കൊണ്ട് ഓതുന്നു. അതിന്റെ അർത്ഥം അറിയാമെങ്കിൽ അത് ഹൃദയത്തെ സ്വാധീനിച്ചിട്ടു ണ്ടെങ്കിൽ പിന്നെ റുകൂഅ് ശരിയാകുന്നതായിരിക്കും. ആദ്യം **സുബ്ഹാനക്കല്ലാഹുമ്മ......** എന്ന് പറയുന്നു. അതായത്, അല്ലാഹുവെ! നീ എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാകുന്നു. പിന്നീട് നിങ്ങൾ **സുബ്ഹാന റബ്ബീ....** എന്ന് പറയുമ്പോൾ അതിനർത്ഥം ലോകത്തിന്റെ നാഥൻ ന്യൂനതയിൽ നിന്ന് പരിശുദ്ധനാകുന്നു എന്നല്ല. എന്റെ നാഥൻ ന്യൂനതയിൽ നിന്ന് പരിശുദ്ധനാകുന്നു എന്നാണ്. ആദ്യം പറഞ്ഞത് മുഴുലോകത്തിന്റെയും നാഥൻ എന്നാണ്. **സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക വതബാറക്കസ്മു ക്ക.....** ഇതെല്ലാം അദൃശ്യകാര്യങ്ങളായിരുന്നു. അല്ലാഹുവിനെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു പറഞ്ഞിരുന്നത്. മുഴുലോകത്തിന്റെയും നാഥനായിരുന്നു. **ഇയ്യാക്ക നഅ്ബുദു** ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു എന്നതിലൂടെയായിരുന്നു നിങ്ങൾ അവനെ സ്വന്തമാക്കിയത്.

റബ്ബ് ആരുടേതായിരുന്നാലും മഹാൻ തന്നെയാകുന്നു. സൂറാ ഫാതിഹായിലും തിലാവത്തിലും നാം നമ്മുടെ റബ്ബിനെ സംബന്ധിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ മൂലം എന്റെ നാഥൻ പരിശുദ്ധനാണെന്ന് നമുക്ക് സാക്ഷ്യം പറയാൻ സാധിക്കുന്നതാണ് എന്നതിനാലാണ് ഇവിടെ **സുബ്ഹാന റബ്ബീ** എന്ന് പറയുന്നത്. എന്റെ നാഥൻ ഏറ്റവും മഹാനാണ് എന്ന് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യമെന്താണ്? എന്റെ നാഥൻ ഏറ്റവും മഹാനാകു മ്പോൾ ഞാനും മഹാനാകേണ്ടതാണ്. ഞാൻ ഒരു മഹാന്റെ ദാസൻ അല്ലെങ്കിൽ ദാസിയാണെന്നിരിക്കെ ഞാനും അങ്ങിനെ തന്നെ ആയിത്തീരണമല്ലോ.

ആരാണ് അളീം? അഅ്ളം എന്ന് പറയുന്നത് ആരെയാണ്? എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഏറ്റവും ഉന്നതമായതിനെയാണ് **അഅ്ളം** എന്ന് പറയുന്നത്. എന്നാൽ അല്ലാഹുവിനെ സംബന്ധിച്ച് അഅ്ളം എന്നല്ല മറിച്ച് അളീം എന്ന പദമാണ് ഉപയോഗിച്ചിരിക്കു ന്നത്. അതിനു ശേഷം, അതിനു മുകളിൽ, അതിനേക്കാൾ വലുതായി ഒന്നും ഉണ്ടാകാൻ സാധ്യമല്ലാത്തത് എന്നതാണ് അളീമിന്റെ അർത്ഥം. പർവതനിരകളെ നോക്കുക. അതിൽ കൊടുമുടിയുണ്ടാകുന്നു. അതിൽ ശ്രദ്ധിക്കുക. ചില സമയത്ത് മനുഷ്യർ പറയുന്നു, ഏറ്റവും മഹത്തായ നിരകളാകുന്നു. ലോകം മഹത്തായതായുന്നു. ഏറ്റവും മഹത്തായത് എന്ന് പറയുമ്പോൾ അതിനേക്കാൾ മഹത്തരം മറ്റൊന്ന് സാധ്യമെ അല്ല. അത് അതിന്റെ അസ്തിത്വത്തിൽ എല്ലായിടത്തും വിശാലമാണ്. അത് മുഴുലോകത്തും നിറഞ്ഞിരിക്കുന്നു. ഈ എല്ലാ ദിശകളും തന്നെ അളീം എന്നതിൽ ഉൾക്കൊള്ളുന്നു. മനുഷ്യനാകട്ടെ, ഭരണകൂടമാകട്ടെ, രാഷ്ട്രമാകട്ടെ ഏറ്റവും മഹത്തായത് എന്നു പറയുമ്പോൾ അതിനേക്കാൾ മഹത്തായ മറ്റൊന്നിനെ കുറിച്ചുള്ള ചിന്ത തന്നെ വരുന്നതല്ല. ആരെ സംബന്ധിച്ചാണോ നിങ്ങൾ അളീം എന്ന് പറഞ്ഞത് അതായിരിക്കും ഏറ്റവും വലുത്. മഹത്വത്തിൽ കാലഘട്ടം മുഴുവനായും ഉൾക്കൊള്ളുന്നു. ഏറ്റവും ഉന്നതം എന്ന് പറയുന്നതിനായി **അഅ്ലാ** എന്ന പദമാണ് ഉപയോഗിക്കുക. ചുരുക്കത്തിൽ റുക്കൂഇൽ അളീം എന്ന് പറയുന്നു. അല്ലാഹുവിന്റെ ഗുണങ്ങൾ എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു. അവന്റെ മഹത്വത്തിൽ നിന്ന് ഒന്നും തന്നെ പുറത്തല്ല. അവൻ ഏറ്റവും വലിയവനാകുന്നു. അവൻ എല്ലായിടത്തുമുണ്ട്. അതായത് Space ൽ അവനേക്കാൾ വലുതായി ഒന്നും തന്നെയില്ല.

ഇനി അവന്റെ ഔന്നിത്യത്തെകുറിച്ച് ഏറ്റവും ഉന്നതൻ എന്ന് പറയുമ്പോൾ ഏത് പദമാണ് ഉപയോഗിക്കുക? **സുബ്ഹാന റബ്ബിയൽ അഅ്ലാ.** സുജൂദിൽ എത്തുമ്പോഴാണ് അഅ്ലാ ആകുന്നത്. ഇനി നമസ്കാരത്തിന്റെ ഈ ക്രമം നോക്കുക. എത്ര സുന്ദരമാണ്. റുക്കൂഇൽ നിങ്ങൾ കുനിഞ്ഞു കൊണ്ട് നാലു പാടും വിശാലമാകുന്നു. അന്നേരം **സുബ്ഹാന റബ്ബിയൽ അളീം** എന്ന് പറയുന്നു. പിന്നീട് ഏറ്റവും താഴെ വീഴു മ്പോൾ, തല താഴെ മുട്ടുമ്പോൾ **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്ന് പറയുന്നു. അളീം എന്നും അഅ്ലാ എന്നും എത്തരം സന്ദർഭങ്ങളിലാണ് അല്ലാഹു ഉപയോഗിച്ചിരിക്കുന്നതെന്ന് നോക്കുക. റുക്കൂഇൽ അളീം എന്ന് പറഞ്ഞു കൊണ്ട് മഹത്വം കരസ്ഥമാക്കുക. സുജൂദിൽ അഅ്ലാ എന്ന് പറഞ്ഞു കൊണ്ട് ഔന്നിത്യം കരസ്ഥമാക്കുക. (ഉർദു ക്ലാസ്: 316)

**(സമ്പാ: അബൂ അബ്ദുൽ ബാരി)**




# യുദ്ധത്തിന് സന്നദ്ധനാവുക (ഇൽഹാം)

ഹദ്റത് ഹാഫിസ് ഇബ്റാഹിം സാഹിബ് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് മുഖേന എന്നോട് പറയുകയുണ്ടായി, ഞാൻ ആദ്യമായി 1900ൽ ഹദ്റത് മസീഹ് മൗഊദ് (അ) നെ കണ്ടുമുട്ടുമ്പോൾ അദ്ദേഹം സവാരിക്ക് ഇറങ്ങുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു, എനിക്ക് ഇന്ന് യുദ്ധത്തിനായി തയ്യാറാകുക എന്ന് അർത്ഥമുള്ള ഇൽഹാം ഉണ്ടായിരിക്കുന്നു. സവാരി കഴിഞ്ഞ് മടങ്ങി വന്നതിന് ശേഷം ഹുസൂർ ളുഹർ നമസ്കാരത്തിനായി പള്ളിയിൽ വരികയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ ഒരു വിജ്ഞാപനവും ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, ഈ വിജ്ഞാപനം ആര്യമതസ്ഥരിൽ നിന്ന് ഇപ്പോൾ ലഭിച്ചതാണ്. ഇതിൽ ധാരാളം അസഭ്യങ്ങൾ എഴുതിയിരിക്കുന്നു. ഒപ്പം തന്നെ ഞങ്ങളോട് മുബാഹലയും മുനാസറയും നടത്തിയില്ലയെങ്കിൽ നിങ്ങളുടെ മതം വ്യാജമാണെന്നും സത്യമല്ലായെന്നും ഞങ്ങൾ കരുതുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു.

ഹുസൂർ രാവിലെ ഏതെങ്കിലും വെളിപാട് കേൾപ്പിക്കുകയും ഉടൻ തന്നെ അത് പുലരുന്നതായും അധികവും സംഭവിക്കാറുള്ളതാണ്. ഞാൻ ഹുസൂറിന്റെ അടുത്ത് വന്നതു മുതൽ ഒരിക്കലും തന്നെ അദ്ദേഹത്തെ മഴക്ക് വേണ്ടി ദുആ ചെയ്തതായി കണ്ടിട്ടില്ല. എന്നാൽ മഴയുടെ ആവശ്യം നേരിട്ടാൽ ഇന്ന് വളരെയധികം ചൂടുണ്ട് മഴ പെയ്യേണ്ടതാണ് എന്ന് മാത്രമെ അദ്ദേഹം പറയാറുണ്ടായിരുന്നുള്ളു. അന്ന് തന്നെ ഏതാനും മണിക്കൂറുകൾക്കകം മഴ പെയ്യാൻ തുടങ്ങും. പിന്നീട് ആ കാലാവസ്ഥയിൽ ഒരിക്കലും ചൂട് അനുഭവപ്പെടാറില്ലായിരുന്നു. ഒന്ന് രണ്ട് ദിവസങ്ങളുടെ ഇടവേളയിൽ വീണ്ടും വീണ്ടും മഴ പെയ്യുമായിരുന്നു.

## ശത്രുവിന്റെ മകൻ കാൽക്കീഴിൽ

•ഡോക്ടർ ഗുലാം അഹ്മദ് സാഹിബ് ഐ.എം.എസ് എനിക്കെഴുതുന്നു, എന്റെ പിതാവ് ശേഖ് നിയാസ് മുഹമ്മദ് പോലീസ് ഇൻസ്പെക്ടർ സിന്ദ് എന്നോട് പറയുന്നു, ഒരിക്കൽ ഹദ്റത് മസീഹ് മൗഊദ് (അ) നമസ്കാര ശേഷം വീട്ടിലേക്ക് പ്രവേശിക്കുവാൻ തുടങ്ങിയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കയ്യിൽ ഒരു തുണി നൽകുകയുണ്ടായി. ആ തുണി ഹദ്റത് ഉമ്മുൽ മുഅ്മിനീന് വേണ്ടിയുള്ളതായിരുന്നു. അപ്പോൾ ഹുസൂർ എന്റെ നേർക്ക് കണ്ണുയർത്തി നോക്കുകയോ ആരാണ് ഇത് നൽകിയതെന്ന് ഗൗനിക്കുകയോ ചെയ്തില്ല. പിന്നീട് ഒരവസരത്തിൽ എന്റെ ഉമ്മ ഹദ്റത് ഉമ്മുൽ മുഅ്മിനീൻ അവരോട് ഇങ്ങനെ പറഞ്ഞതായി എന്നോട് പറഞ്ഞു, ഒരു ദിവസം ഹദ്റത് സാഹിബ് പുഞ്ചിരിച്ചു കൊണ്ട് അകത്തേക്ക് പ്രവേശിച്ചു. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന തുണി അവരുടെ കയ്യിൽ കൊടുത്തുകൊണ്ട് പറഞ്ഞു, ഈ തുണി നിനക്ക് നൽകിയത് ആരാണെന്നറിയുമോ? പറഞ്ഞു, ലേഖ്റാമിന്റെ അന്വേഷണത്തിനിടയിൽ നിന്റെ പെട്ടി പൊട്ടിച്ച അതേ വ്യക്തിയുടെ മകനാണ് ഇത് നൽകിയത്. അതായത് ശേഖ് നിയാസ് മുഹമ്മദ് ബഖ്ശ് സാഹിബ് മിയാൻ മുഹമ്മദ് ബഖ്ശ് സാഹിബിന്റെ മകനായിരുന്നു. അയാൾ ബട്ടാലയിൽ നീണ്ടകാലം പോലീസ് ഇൻസ്പെക്ടർ ആയിരുന്നു. മാത്രമല്ല, ഹദ്റത് സാഹിബിനോട് വലിയ ശത്രുതയും പുലർത്തിയിരുന്നു. അല്ലാഹു തന്റെ ശത്രുക്കളുടെ മക്കളെ പിടിച്ചു കൊണ്ട് തന്റെ കാൽചുവട്ടിൽ കൊണ്ട് വരുന്നത് കണ്ട് ഹദ്റത്ത് സാഹിബിന് വളരെയധികം സന്തോഷം ഉണ്ടായിരുന്നു.

(അവ: സീറത്തുൽ മഹ്ദി,
സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവ്വാറ്റുപുഴ)

# കർമശാസ്ത്രം

## അനുവാദം (സമ്മതം)

ചട്ടം നമ്പർ:-5

ആൺകുട്ടിയെ സംബന്ധിച്ചിടത്തോളം തന്റെ നിക്കാഹിന് അവൻ സ്വയം സമ്മതം നൽകുന്നു. എന്നാൽ പെൺകുട്ടിയുടെ കാര്യ ത്തിൽ പെൺകുട്ടിയുടെയും പെൺകുട്ടിയുടെ വലിയുടെയും സമ്മതം അനിവാര്യമാണ്.

വ്യാഖ്യാനം:-

നിക്കാഹിന്റെ എല്ലാ നിർബന്ധകടമകളും ഉത്തരവാദിത്വങ്ങളും പുരുഷനുമായി ബന്ധപ്പെട്ടതാണ്. ഹഖ് മഹർ നൽകുന്നതിലും ഭാര്യാമക്കളുടെ ഭക്ഷണചിലവിന്റെ ചുമതലയും കൂടാതെ അവരുടെ മറ്റ് നിർബന്ധകടമകളും വലിയുടെയോ വക്കീലിന്റെയോ ചുമതലയല്ല. അത് കൊണ്ട് സാധുവായ ഒരു നിക്കാഹിനെ സംബന്ധിച്ചേടത്തോളം പ്രായപൂർ ത്തിയായ ആൺകുട്ടിയുടെ സമ്മതം മതിയായതാണ്, കൂടാതെ അത് വിശ്വസനീയവുമാണ്. പക്ഷേ ആൺകുട്ടി പ്രായപൂർത്തിയാകാത്തവനും മാനസികവിഭ്രാന്തിയുള്ളവനുമാണെങ്കിൽ വലിയുടെ അനുവാദം അവശ്യം നിർബന്ധമാണ്. നിക്കാഹോട് കൂടി ഭർത്താവിൽ അർപ്പിതമായ ഭാര്യയ്ക്ക് വേണ്ടിയുള്ള ധനപരമായ കടമകൾ നിറവേറ്റാനും അയാൾ ബാധ്യസ്ഥനാണ്.

സ്ത്രീകളെ സംബന്ധിച്ചിടത്തൊളം അവരുടെ സമ്മതത്തോടൊപ്പം വലിയുടെ സമ്മതവും നിർബന്ധമാണ്. ഇതിനെ കുറിച്ച് കൂടുതൽ വിശദീകരണം ചട്ടം നമ്പർ 8ലെ വ്യാഖ്യാനം 2ൽ നോക്കുക.

*അവ.ഫിഖ്ഹ് അഹ്മദിയ്യാ*
*ആശയാനുവാദം: മുഹമ്മദ് ഹനീഫ്, തിരുവനന്തപുരം*


### ശതാബ്ദം
1913– ജൂലൈ
എസ്.



→ പൈഗാമെ സുൽഹ് ആദ്യമായി ലാഹോറിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

→ ഹദ്റത് ചൗധരി ഫതെഹ് മുഹമ്മദ് സാഹിബ് സിയാൽ(റ) ഇസ്ലാം പ്രചരിപ്പിക്കാനായി ഇംഗ്ലണ്ടിലെത്തി. →





→ ഹദ്റത് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്(റ)യും ശേഖ് അബ്ദുർ റഹ്മാൻ മിസ്രി സാഹിബ് (റ)യും അറബി പഠിക്കാനായി ഈജിപ്തിലേക്ക് പുറപ്പെട്ടു.

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു.എസ്.ഹമീദ്

# സ്വീകൃതയോഗ്യമായ ദുആ ലഭിക്കാനുള്ള മാർഗം

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമീ മുക്ർറമീ അഖ്വീം സേഠ് സാഹിബ് സല്ലമഹൂ...

السلام علیکم ورحمۃ اللہ وبرکاتہ

താങ്കളുടെ കത്ത് കിട്ടി. ഒരു തരത്തിൽ നിരീശ്വരത്തമുള്ള അപക്വരായ ഭൗതികരിൽ നിന്ന് തികച്ചും വ്യതിരിക്തമായി അല്ലാഹു താങ്കൾക്ക് സ്ഥൈര്യം നൽകി അനുഗ്രഹിച്ചിരിക്കുന്നുവെന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇത് വലിയൊരു അനുഗ്രഹമാണ് പക്ഷെ അതോടൊപ്പം അനുസരണത്തിന്റെ കടമകൾ കൂടിയുണ്ടായിരിക്കണം. താങ്കളുടെ കാര്യത്തിൽ ആണയിട്ടതായി എനിക്ക് വളരെ കുറഞ്ഞ അനുഭവമേ ഉള്ളൂ. എന്നാൽ ആരുടെ കയ്യിലാണൊ എന്റെ ജീവനിരിക്കുന്നത്, ആ അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുന്നു; ഞാൻ താങ്കൾക്ക് വേണ്ടി എത്രമാത്രം ദുആ ചെയ്തുവെന്നാൽ അത് ഒരു ഉണങ്ങിയ വൃക്ഷത്തിനു വേണ്ടിയാണ് ചെയ്തിരുന്നതെങ്കിൽ അത് പച്ചളിപ്പുള്ളതായിത്തീരുമായിരുന്നു. പക്ഷെ ഇപ്പോഴും, വിധിവിലക്കുകളുടെ മലക്ക് പ്രത്യക്ഷപ്പെടുന്നതുവരെ ഞാൻ ക്ഷീണിക്കുന്നതല്ല. കാരണം, ദുആ പാരമ്യത്തിൽ എത്തുമ്പോൾ ഒരു മലക്കിനെ ഇറക്കുക എന്നതാണ് അല്ലാഹു എന്നോട് അനുവർത്തിക്കുന്ന പതിവ്. ആ മലക്ക് തന്റെ കയ്യാൽ തടസ്സങ്ങളെ തകർക്കുന്നു, അപ്പോൾ ത്വരിതഗതിയിൽ ദൈവിക കാരുണ്യം വെളിപ്പെടുന്നു, അല്ല പ്രഭാതത്തിന് മുമ്പേ തന്നെ കാരുണ്യത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. അതുകൊണ്ട് തന്നെ ഈ ലക്ഷ്യവുമായി ഞാൻ ദുആയിൽ നിരതനാണ്. ഒരു മദ്യപാനി ലഹരിയുടെ പാരമ്യതയിൽ സന്തോഷിക്കുന്നതുപോലെ, അല്ല അതിലും അധികമായി ഹൃദയാത്മനാ ദുആയിൽ വിശ്വസിച്ച് സന്തുഷ്ടനായിരിക്കേണ്ടത് താങ്കൾക്കും അനിവാര്യമാണ്. നിരീശ്വരത്വത്തിന്റെ നിറമുള്ള ആളുകളുടെ സംസാരങ്ങൾ കേൾക്കുന്നതിൽ നിന്ന് അകന്നു നിൽക്കുക. കാരണം അവർ ദൈവിക ക്രോധത്തിനു കീഴിലാണ്.

വിശ്വാസിക്ക് തീർച്ചയായും പരീക്ഷണങ്ങൾ വരുന്നു. ചിലപ്പോൾ പരീക്ഷണം നീളുകയും ചെയ്യുന്നു. പക്ഷെ അവസാനം ദൈവിക കാരുണ്യത്തിന്റെ പ്രഭാതം പൊട്ടിവിടരുന്നു. ദു:ഖത്തിന്റെ എല്ലാ അന്ധകാരങ്ങളും ദൂരീകരിക്കപ്പെടുന്നു. എന്നാൽ ധിക്കാരിയും അവിശ്വാസിയുമായ ഒരാൾക്ക് പരീക്ഷണങ്ങൾ വരുമ്പോൾ അയാൾക്ക് അത് സഹിക്കാൻ കഴിയുന്നില്ല. കാരണം അയാൾക്ക് അല്ലാഹുവിൽ വിശ്വാസമില്ല, ഭൗതിക സാധനങ്ങളിൽ മാത്രമേ അയാൾക്ക് പ്രതീക്ഷയുള്ളൂ. അവ നശിപ്പിക്കപ്പെടുമ്പോൾ അയാളും നശിക്കാൻ തയ്യാറാകുന്നു. ആയതിനാൽ താങ്കൾക്ക് വേണ്ടിയുള്ള ഈ വിത നഷ്ടപ്പെടുന്നതല്ല. ക്ഷമ മാത്രമാണ് ആവശ്യം. ദുർധാരണ, മരണവിഷമാണ്.

താങ്കൾക്ക് മദ്രാസിൽ വിഷമമുണ്ടെങ്കിൽ താങ്കളും കുടുംബക്കാരും ഖാദിയാനിലേക്ക് വരിക. ചുരുക്കത്തിൽ, ഇനി ക്ഷമയും സ്ഥൈര്യവുമാണ് താങ്കളോട് ആവശ്യപ്പെടുന്നത്. താങ്കൾക്ക് അനുഗുണമായ ദിവസം വരുമ്പോൾ താങ്കൾ ഈ ദിവസങ്ങളെ ഓർക്കുന്നതാണ്. മാത്രമല്ല, അനുഭവിച്ച മുസീബത്തുകളിൽ സ്വബർ ചെയ്യുകയും, കൂടുതൽ (കർമ)നിഷ്ഠനാവുകയും ചെയ്തിരുന്നെങ്കിൽ എന്ന് താങ്കൾ ആഗ്രഹിക്കുകയും ചെയ്യും. അപ്പോൾ താങ്കളുടെ മഅ്രിഫത്ത് അഭിവൃദ്ധിപ്പെടുന്നതാണ്. ഭൗതികരുടെ ജീവൻ കമ്മിറ്റികളിൽ മാത്രമായിരിക്കുന്നതു പോലെയല്ല ഇത്. മറിച്ച് താങ്കൾക്കുള്ളിൽ ഒരു പുതിയ ആത്മാവ് ഉണ്ടാകുന്നതാണ്. എന്തു കൊണ്ടെന്നാൽ എന്റെ ദുആകൾക്ക് ഇതും അനിവാര്യമാണ്. മറ്റെല്ലാം സുഖം തന്നെ.

16/08/1902

വസ്സലാം

വിനീതൻ,

മിർസാ ഗുലാം അഹ്മദ്



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

**കുട്ടിക്കാലത്ത് അങ്ങ് ദിവസത്തിൽ ഏതാനും മണിക്കൂറുകൾ മാത്രമായോ ഉച്ച വരേയോ വ്രതം എടുക്കാറുണ്ടായിരുന്നുവോ?**

ഉണ്ടായിരുന്നു, ഒമ്പതു വയസ്സായതോടെ മുഴുദിവസവും വ്രതം അനുഷ്ഠിച്ചു തുടങ്ങി. ഒമ്പതു വയസ്സു മുതൽ പന്ത്രണ്ടു വയസ്സു വരെയുള്ള കാലങ്ങളിൽ ഞാൻ വ്രതങ്ങളുടെ എണ്ണം കൂട്ടി കൊണ്ടിരുന്നു. പന്ത്രണ്ടു വയസ്സിനു ശേഷം റമദാൻ മാസത്തിൽ എല്ലാ നോമ്പുകളും ഞാനെടുക്കുമായിരുന്നു. (18.11.2011)

**റമദാൻ മാസങ്ങളിൽ ആളുകളോട് വളരെ അടുത്ത് നിന്ന് സംസാരിക്കുമ്പോൾ വായക്ക് ചെറിയ ദുർഗന്ധമുണ്ടാകാറുണ്ട്. ഈ നാറ്റം ഇല്ലാതാക്കാൻ വായ് കഴുകുന്നതിനുള്ള വല്ല ഔഷധവും ഉപയോഗിക്കാമോ?**

ഈ ഗന്ധം ഇല്ലാതാക്കുവാൻ വായിൽ ഔഷധദ്രാവകങ്ങൾ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. അത്രക്കടുത്ത് ചെന്ന് സംസാരിക്കുന്നതെന്തിനാണ്? കുറച്ച് വിട്ടു നിന്ന് സംസാരിച്ചുകൂടേ? പ്രശ്നം പരിഹരിക്കപ്പെടുമല്ലോ. (31.12.2001)

**ആദ്യത്തെ വെളിപാടിറങ്ങുന്ന അവസരത്തിൽ പരിശുദ്ധ നബി നോമ്പുകാരനായിരുന്നുവോ?**

അല്ല. നുബുവ്വത്തിനു ശേഷമാണ് വ്രതം നിർബന്ധമാക്കിയത്. ആദ്യവെളിപാട് ലഭിച്ചത്  റമദാൻ മാസത്തിലായിരുന്നുവെന്ന് മാത്രം. (16.04.2000)

**റമദാൻ വ്രതം എപ്പോൾ മുതലാണ് നിർബന്ധമാക്കപ്പെട്ടത്?**

ഹിജ്റയ്ക്ക് ശേഷം മദീനയിൽ വെച്ചാണ് നോമ്പ് നിർബന്ധമാക്കിയത്. ഹിജ്റയുടെ രണ്ടാം വർഷം. ( 14.06.2000)

**റമദാൻ മാസത്തിൽ വിത്ർ ജമാഅത്തായി നമസ്കരിക്കുന്നു. എന്നാൽ മറ്റു ദിവസങ്ങളിൽ  എന്തു കൊണ്ട് നമസ്കരിക്കുന്നില്ല?**

വിത്ർ തഹജ്ജുദ് നമസ്കാരത്തിനു ശേഷം അനുഷ്ഠിക്കുക. ജമാഅത്തായുള്ള തറാവിഹും വിത്റും ക്ഷീണിതരായ കൂലിപ്പണിക്കാരുടെ സൗകര്യാർഥം നിർബന്ധിതസാഹചര്യത്തിൽ ഹദ്റത് ഉമർ(റ) തുടങ്ങിയതാണ്. അതൊരു സ്ഥായിയായ സുന്നത്തല്ല. തഹജ്ജുദ് നമസ്കരിക്കുന്നവർ തറാവീഹിന് പോകേണ്ട ആവശ്യമില്ല. നിങ്ങൾ തഹജ്ജുദ് നമസ്കരിക്കാൻ ശ്രമിക്കണം. തഹജ്ജുദിനു ശേഷം വിത്ർ നമസ്കരിക്കുക (രണ്ടും ഒറ്റയ്ക്ക്) (16.06.2000)

**Love For All**
**Hatred For None**

# ആരാധനകളുടെ അന്തസത്തയും ബാഹ്യ പ്രകടനങ്ങളും

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)



ലോകത്തുള്ള എല്ലാവർക്കും ഭൗതീകമായ ഒരു ശരീരവും അതിനുള്ളിൽ ഒരാത്മാവും കുടികൊള്ളുന്നത് പോലെ തന്നെ മതത്തിനും ആത്മീയതയ്ക്കും ഒരു ഭൗതീക ശരീരമുണ്ട്. മനുഷ്യന്റെ ബൗദ്ധികവും വിവേകപരവുമായ ഉന്നമനത്തിനും ഒരു ചട്ടക്കൂടുണ്ട്. ഉദാഹരണമായി, ഇസ്‌ലാമിൽ നമസ്കാരാനുഷ്ഠാനത്തിന് ചില ബാഹ്യപ്രകടനങ്ങൾ നിർണയിച്ചിട്ടുണ്ട്. എങ്കിലും നമസ്കാരത്തിന്റെ യഥാർത്ഥ ലക്ഷ്യം മനുഷ്യഹൃദയത്തിൽ അല്ലാഹുവിന്റെ യഥാർത്ഥ സ്നേഹം അങ്കുരിപ്പിക്കുക എന്നതാണ്. അവന്റെ ഗുണഗണങ്ങളെ തങ്ങളുടെ മനസ്സിൽ കൊണ്ടുവരികയും അതിന് അനുഗുണമാക്കി തങ്ങളെ മാറ്റാൻ ശ്രമിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ അവന്റെ സാമീപ്യം കരസ്ഥമാക്കുകയും അവന്റെ അനുരാഗം തന്റെ ഭോജനവും ആക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്.

ഈ വസ്തുതകൾക്കും കൈകെട്ടുന്നതിനും നിവർന്ന് നിൽക്കുന്നതിനും ഭൂമിയിലേക്ക് കുനിയുന്നതിനും തമ്മിൽ എന്ത് ബന്ധമാണുള്ളത്? ഭൗതീകവീക്ഷണത്തിൽ ഇതിലേക്ക് നോക്കുമ്പോൾ മനുഷ്യന് ഇതെല്ലാം തന്നെ നമസ്കാരത്തിന്റെ യാഥാർത്ഥ ഉദ്ദേശ്യവുമായി ബന്ധമില്ലാത്തതായി കാണുന്നതാണ്. എന്നാൽ വാസ്തവത്തിൽ ഒരാത്മാവും ശരീരമില്ലാതെ നിലനിൽക്കുന്നതല്ല. ആയതിനാൽ അല്ലാഹു നമസ്കാരത്തിനുള്ള കല്പന നൽകിയതോടൊപ്പം തന്നെ സവിശേഷമായ ചില ബാഹ്യപ്രകടനങ്ങൾക്കും നിർദേശം നൽകിയിരിക്കുന്നു.

ഈ വസ്തുതകളെ മനസ്സിലാക്കാതെ തങ്ങളുടെ മൂർത്തികളുടെ ആരാധനാവേളയിൽ ബാഹ്യപ്രകടനങ്ങളെ അനിവാര്യമാക്കാതിരുന്ന മതങ്ങളെല്ലാം തന്നെ പതിയെ പതിയെ ആരാധനകളിൽ നിന്ന് അശ്രദ്ധരാവുകയാണ് ചെയ്തിട്ടുള്ളത്. ഇനി അഥവാ അതിൽ എന്തെങ്കിലും തരത്തിലുള്ള കീഴ്‌വഴക്കങ്ങൾ ഉണ്ടെങ്കിൽ തന്നെ അതിൽ വെറും കളിതമാശകൾപ്പുറം മറ്റൊരു യാഥാർത്ഥ്യവുമില്ല............

ഇതിനു പകരമായി ഇസ്‌ലാമിൽ നിത്യവും അഞ്ച്നേരം നമസ്കാരങ്ങൾ നിർണയിക്കപ്പെട്ടിരിക്കുന്നു. ദിവസവും അഞ്ച് നേരം പള്ളികളിൽ പോകാൻ മുസ്‌ലിംകൾ നിർബന്ധിതരാണ്. ക്രൈസ്തവർ ആഴ്ചയിൽ ഒരിക്കൽ മാത്രം ചർച്ചുകളിൽ പോകുന്നവരായിരുന്നിട്ടും ചർച്ചുകളെ അപേക്ഷിച്ച് പള്ളികൾ ജനബാഹുല്യമുള്ളതായി കാണപ്പെടുന്നു. ഈ അധഃപതിച്ച കാലഘട്ടത്തിൽ പോലും ചർച്ചുകളിൽ പോകുന്നവർ വിരളവും പള്ളികളിൽ പോകുന്നവർ അധികമായിട്ടും കാണപ്പെടുന്നു. കാരണം ക്രൈസ്തവർ ചില വിധിവിലക്കുകളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ വിധിവിലക്കുകളെ പാലിക്കുന്നത് കൊണ്ട് മുസ്‌ലിംകൾ അല്ലാഹുവിലേക്ക് കൂടുതൽ ശ്രദ്ധയുള്ളവരായിത്തീരുന്നു. കേവലം മനസ് കൊണ്ടുള്ള ആരാധനകൾ മതിയായിരുന്നുവെങ്കിൽ മുസ്‌ലിംകളും ക്രൈസ്തവരെ പോലെ അലസരായിത്തീരുകയും ചുരുങ്ങിയ കാലം കൊണ്ട് നമസ്കാരത്തെ പൂർണമായും ഉപേക്ഷിക്കുന്നവരുമായിത്തീരുമായിരുന്നു. കാരണം താൻ നമസ്കരിക്കുന്നുണ്ടെന്ന് മറ്റൊരാളെ ബോധ്യപ്പെടുത്താൻ കള്ളം പറഞ്ഞ് കൊണ്ട് സാധ്യമാകുമായിരുന്നു. എന്നാൽ ഒരു മുസ്‌ലിമിന് അങ്ങനെ പറയാൻ സാധിക്കില്ല. കാരണം ആദ്യം അംഗശുദ്ധി വരുത്തണം. പിന്നെ നടന്ന് പള്ളിയിൽ എത്തണം. പിന്നീട് എല്ലാവരോടും ഒത്തുചേർന്ന് കൊണ്ട് ആരാധനകൾ നിർവഹിക്കണം. ഇതെല്ലാം തന്നെ നമസ്കാരത്തിൽ നിന്ന് അശ്രദ്ധരാകുന്നതിനെ തടയുന്നു. ഇനി അഥവാ ആരെങ്കിലും അശ്രദ്ധ കാണിക്കുന്നുവെങ്കിൽ തന്നെ ഉടൻ പിടിക്കപ്പെടുന്നതാണ്.

സൂക്ഷ്മനിരീക്ഷണം നടത്തി നോക്കുകയാണെങ്കിൽ ഒരിക്കൽ പോലും പള്ളികളിൽ പോകാത്ത മുസ്‌ലിംകൾ വളരെ ദുർലഭമാണെന്ന് കാണാവുന്നതാണ്. ഭൂരിപക്ഷം ആളുകളെയും അഞ്ചുനേര നമസ്കാരത്തിനായ് പള്ളികളിൽ പോകുന്നവരും അല്ലാഹുവിനെ ആരാധിക്കുന്നവരുമായിട്ട് കാണാവുന്നതാണ്. അല്പം അലസരാണെങ്കിൽ മൂന്നോ നാലോ നേരം പള്ളികളിൽ പോകുന്നു. കൂടുതൽ മടിയന്മാരായവർ രണ്ട് നേരമെങ്കിലും നമസ്കാരത്തിൽ പങ്കെടുക്കുന്നു. ഇനി ഒരു നേരവും പോകാത്തവർ ജുമുആ നമസ്കാരത്തിലെങ്കിലും പങ്കെടുക്കുന്നു. ഇനി ജുമുആയിലും പങ്കെടുക്കാത്തവരാണെങ്കിൽ പെരുന്നാൾ നമസ്കാരത്തിൽ നിർബന്ധമായും പങ്കെടുക്കുന്നു. എന്നാൽ രണ്ടോ നാലോ വർഷങ്ങളായി നമസ്കരിക്കാത്തവരെ വളരെ അപൂർവമായെ കാണുകയുള്ളൂ........

അതുപോലെ നോമ്പും ആരാധനയിൽ ഉൾപ്പെടുന്നു. വിശന്നും ദാഹിച്ചു ഇരിക്കുന്നത് ശരീരമാണ് ആത്മാവല്ലെന്നത് പ്രകടമാണ്. നബി തിരുമേനി (സ) പറയുന്നു, 'യഥാർത്ഥ നോമ്പ് ഹൃദയത്തിന്റെ നോമ്പാകുന്നു.' എന്നാൽ വെറും ഹൃദയത്തിന്റെ നോമ്പ് മനുഷ്യന് സാധ്യമല്ല. അക്കാരണത്താൽ അല്ലാഹു വിശപ്പും ദാഹവും സഹിക്കുന്നത് അനിവാര്യമാക്കുകയുണ്ടായി.

(മശ്അലെ റാഹ്, വാള്യം 1)

സമ്പാ: ടി അമീറുദ്ദീൻ സാജിദ്,

മൂവ്വാറ്റുപുഴ

നമുക്ക് താരതമ്യം ചെയ്യാം

ആഫ്താബ്

# ആരാണ് കുരങ്ങനായത്?

فَلَمَّا عَتَوْا عَنْ مَّا نُهُوْا عَنْهُ قُلْنَا لَهُمْ
كُوْنُوْا قِرَدَةً خٰسِئِيْنَ ١٦٧ (7:167)

## ജമാഅത്തെ ഇസ്‌ലാമി

**അർഥം:** തങ്ങൾക്ക് നിരോധിക്കപ്പെട്ട കർമം തന്നെ തികഞ്ഞ ധിക്കാരത്തോടെ അനുവർത്തിച്ചു കൊണ്ടിരുന്നപ്പോൾ നാം അവരോട് പറഞ്ഞു: 'നിന്ദ്യരും പതിതരുമായ മർക്കടന്മാരായി ത്തീരുവിൻ.'

**വ്യാഖ്യാനം:** ഈ പട്ടണത്തിൽ മൂന്നുതരം ആളുകളുണ്ടായിരുന്നു എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഒന്ന്, ധിക്കാരപൂർവം ദൈവിക വിധികളെ ലംഘിച്ചവർ..........................ഇതര വിഭാഗങ്ങൾ തങ്ങളുടെ കുറ്റങ്ങൾക്കനുസൃതമായി ശിക്ഷിക്കപ്പെട്ടു.ഒന്നാം വിഭാഗം മാത്രമേ മർക്കടന്മാരായി രൂപഭേദം ചെയ്യപ്പെട്ടിട്ടുള്ളൂ. *(ഖുർആൻ ഭാഷ്യം By: മൗ.മൗദൂദി, പ്രസാ: ഐ.പി.എച്ച്. കോഴിക്കോട്.)*

## കേരള നദ്‌വത്തുൽ മുജാഹിദീൻ

**അർഥം :** എന്നുവെച്ചാൽ, അവരോട് വിരോധിക്കപ്പെട്ടതിനെ (ലംഘിച്ച്) അവർ ധിക്കാരം പ്രവർത്തിച്ചപ്പോൾ, അവരോട് നാം പറഞ്ഞു: 'നിങ്ങൾ നിന്ദ്യന്മാരായ കുരങ്ങുകളായിക്കൊള്ളുവിൻ.'

**വ്യാഖ്യാനം :** അവർ യഥാർഥ കുരങ്ങന്മാരായി മാറി എന്നാണു ഈ പറഞ്ഞ വാക്കിന്റെ അർഥമെന്നു വ്യക്തമാണ്. ചിലർ പറഞ്ഞു കാണുന്നതു പോലെ 'കുരങ്ങുകളെപ്പോലെ ആയിത്തീരുവിൻ' എന്നോ 'നിന്ദ്യന്മാരായി ജീവിച്ചുകൊള്ളുവിൻ' എന്നോ മറ്റോ വ്യാഖ്യാനം പറയുവാൻ നമുക്കു ന്യായമില്ല തന്നെ. അതിനു ധൈര്യം കാണിക്കുന്നതു ധിക്കാരവുമായിരിക്കും......... അല്ലാഹുവിന്റേയും റസൂലിന്റേയും പ്രസ്താവനകളിൽ ചിലതൊക്കെ ദഹിക്കാത്തതായി തോന്നിയേക്കുക സ്വാഭാവികമായിരിക്കും. *(വി.ഖുർആൻ വിവരണം By:അമാനി മൗലവി,പ്രസാ: കെ.എൻ.എം.)*

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

**അർഥം :** അങ്ങനെ അവരോട് വിരോധിക്കപ്പെട്ട കാര്യങ്ങളെവിട്ട് അവർ അഹങ്കരിച്ചപ്പോൾ, 'നിങ്ങൾ നിന്ദ്യരായ കുരങ്ങന്മാരായി ത്തീരുക' എന്ന് നാം അവരോട് പറഞ്ഞു.

**വിശദീകരണം:** ചില ഖുർആൻ വ്യാഖ്യാതാക്കൾ 'കുരങ്ങന്മാരായിത്തീരുക' എന്ന വാക്കിന് ആ മനുഷ്യരെ സാക്ഷാൽ കുരങ്ങന്മാരാക്കി മാറ്റിമറിച്ചു എന്നാണ് വിവക്ഷ നൽകിയിട്ടുള്ളത്. എന്നാൽ അത് ശരിയല്ല. അവരുടെ മനസ്സ് മലിനമായിപ്പോവുകയും കുരങ്ങന്മാരെപ്പോലെ അഭിനയിക്കുന്നവരായിത്തീരുകയും ചെയ്തുവെന്നാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. മനുഷ്യൻമാർക്ക് വേണ്ടി ഉപയോഗിക്കുന്ന പദങ്ങൾ തന്നെയാണ് ഇവിടെ കുരങ്ങന്മാർക്ക് വേണ്ടിയും ഉപയോഗിച്ചിട്ടുള്ളത്. ചുരുക്കത്തിൽ സാക്ഷാൽ കുരങ്ങന്മാരല്ല പ്രത്യുത, കുര ങ്ങിന്റെ പ്രകൃതമുള്ള മനുഷ്യർ എന്നാണ് ഇവിടെ വിവക്ഷിതം.

169 ാമത്തെ ആയത്ത് അവരുടെ സ്വഭാവം വിവരിച്ചുകൊണ്ട് അവർ മനുഷ്യന്മാർ തന്നെയാണെന്ന് സ്പഷ്ടമാക്കുന്നു.

സൂറത്തുൽ മാ ഇദ: 61,62 ആയത്തുകളിൽ, തിരുനബി (സ) ന്റെ അടുക്കൽ കുരങ്ങന്മാരുടെ സ്വഭാവമുള്ള ആളുകൾ വരാറുണ്ടായിരുന്നുവെന്നു വ്യക്തമാണ്.

തിരുനബി(സ) അവസാന കാലത്തെ ഭൗതിക പ്രമത്തരായ ഉലമാക്കളെക്കുറിച്ചു പറയുന്നു : ***തകൂനു ഫീ ഉമ്മത്തീ ഫസഅത്തുൻ ഫ യ സിറു ന്നാസു ഇലാ ഉലമാഇഹിം ഫഇദാഹും ഖിറദത്തൻ വ ഹനാസീർ*** (എന്റെ ഉമ്മത്തിൽ മാർഗദർശനങ്ങൾക്കു വേണ്ടി ജനങ്ങൾ അവരുടെ ഉലമാക്കളെ സമീപിക്കുമ്പോൾ അവിടെ അവർ കുരങ്ങുകളെയും പന്നികളേയുമാണ് കാണുക.) *(കൻസുൽ ഉമ്മാൽ)*

### നോമ്പും ആരോഗ്യവും

**നോമ്പ് പലതരം രോഗങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന്നും നിമിത്തമാണ്. അകാല വാർദ്ധക്യവും അവശതയും വരാനുള്ള കാരണം ശരീരത്തിൽ അധിക പദാർഥങ്ങൾ അടിഞ്ഞുകൂടുന്നതാണെന്ന് വർത്തമാന കാലഗവേഷണങ്ങളിൽ നിന്ന് മനസ്സിലാവുന്നു. അതു രോഗത്തിനോ മരണത്തിനോ ഹേതുവായിത്തീരുന്നു. നോമ്പ് ഇക്കാര്യത്തിൽ ഫലപ്രദമാണ്.**

(തഫ്സീർ കബീർ ഭാഗം: 2)


**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)**

### ദീനും കളവും

**ദീനീ കാര്യത്തിൽ കളവ് പറയുന്നത് കഠിനമായ ഭ്രാന്താണ്. കാരണം ദീനിന് കള്ളം കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇസ്‌ലാമിന്റെ അടിത്തറ 'ഖൂലൂ ഖൗലൻ സദീദ'യിൽ (ഋജുവായ രീതിയിലുള്ള സംസാരത്തിൽ) ആണ്.**

(തഹ്‌രീക് ജദീദ് ഏക് ഇലാഹി തഹ് രീക്, 573/1)

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)**


Meeting with Huzoor

# സ്പെയ്നിലെ ദേശീയ പ്രവർത്തക സമിതിക്ക് നൽകിയ നിർദേശങ്ങൾ

## ജനറൽ സെക്രട്ടറി

തജ്നീദ് പൂർണമാക്കേണ്ടതാണ്. നിങ്ങളുടെ തജ്നീദിൽ നിന്നും ഒരു അഹ്മദി പോലും ഒഴിവാക്കപ്പെടരുത്. ദുർബലനായ അഹ്മദിയാണെങ്കിൽ പോലും നിങ്ങളുടെ തജ്നീദിൽ ഉൾപ്പെട്ടിരിക്കണം. അതു പോലെ നവ അഹ്മദികളെയും കൃത്യമായി തജ്നീദിൽ ഉൾപ്പെടുത്തുകയും അവരെ ഊർജസ്വലരായ ഭാഗമാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്യുക. അവരെ തങ്ങളുടെ എല്ലാ പരിപാടികളിലും പങ്കെടുപ്പിക്കുക.

## സെക്രട്ടറി തഅ്ലീം

കുട്ടികളുടെ പഠനവും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളുടെയും റിക്കാർഡ് നിങ്ങളുടെ പക്കൽ ഉണ്ടായിരിക്കണം. ആകെ എത്ര വിദ്യാ ർത്ഥികളാണ് ഉള്ളത്? എത്ര പേരാണ് സ്കൂളിൽ പഠിക്കുന്നത്? എത്ര പേരാണ് കോളേജിലും യൂണിവേഴ്സിറ്റികളിലും പഠിക്കുന്നത്? ഏതെല്ലാം വിഷയങ്ങളാണ് പഠിക്കുന്നത്? ഏത് നിലയിലാണ്? ചെലവുകൾ വഹിക്കാൻ കഴിവില്ലാത്തതു കാരണം പഠനം മുടങ്ങിയവരെത്ര? ഇ ങ്ങിനെയുള്ള എല്ലാ കാര്യങ്ങളുടെയും റിക്കാർഡ് നിങ്ങളുടെ പക്കൽ ഉണ്ടായിരിക്കണം. വിദ്യാർത്ഥികൾക്ക് പഠനത്തിൽ പ്രോൽസാഹനം നൽകേണ്ടതും സെക്രട്ടറി തഅ്ലീമിന്റെ ഉത്തരവാദിത്വമാണ്. സെക്കണ്ടറി സ്കൂളിൽ നിന്ന് പാസായ ശേഷം ജോലി തുടങ്ങണം എന്നില്ല. മുന്നോട്ടും കൂടുതൽ പഠിക്കാൻ ശ്രമിക്കേണ്ടതാണ്. കോളേജിൽ പോകുക, പിന്നീട് യൂണിവേഴ്സിറ്റികളിൽ പോകുക. വിദ്യാർത്ഥികൾ കോളേജിലും യൂണിവേഴ്സിറ്റികളിലും പോയി ഏത് മേഖലയാണ് സ്വീകരിക്കു ന്നത്, ഏത് വിഷയമാണ് എടുക്കുന്നത് എന്ന റിക്കാർഡും തയ്യാറാക്കേണ്ടതാണ്.


Masjid Inaugral Programme - Spain

ഇതിനെ സംബന്ധിച്ചുള്ള എല്ലാ റിക്കാർഡും വിദ്യാർത്ഥികളുടെ ബയോഡാറ്റയും താങ്കളുടെ പക്കൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ നിലയിൽ സ്വന്തം റിക്കാർഡ് പൂർണമാക്കുക.

## സെക്രട്ടറി വഖ്ഫെ ജദീദ്

ചന്ദ നൽകുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ ശ്രമിക്കുക.

## ഇൻചാർജ് രിശ്തനാത

ലജ്നകളുടെ സഹായത്തോടെ പെൺകുട്ടികളുടെ വിവരണങ്ങളും സംഘടിപ്പിക്കുക. ഈ വിവരങ്ങൾ ഉണ്ടാകുമ്പോഴാണ് വിവാഹബന്ധങ്ങൾ ഉറപ്പിക്കുവാൻ സാധിക്കുക.

## സെക്രട്ടറി മാൽ

വരുമാനമുള്ള വ്യക്തികളുടെ ലിസ്റ്റ് നിങ്ങളുടെ പക്കൽ ഉണ്ടായിരിക്കേണ്ടതാണ്. എത്ര പേർക്കാണ് ജോലിയുള്ളത്, എത്ര പേരാണ് തൊഴിലെടുക്കുന്നത്, എത്ര പേരാണ് വിവിധ കച്ചവടങ്ങൾ നടത്തുന്നത്, എത്ര പേരാണ് വ്യവസായികളായിട്ടുള്ളത്, എത്ര പേരാണ് സ്റ്റാളിടുന്നവർ, എത്ര പേരാണ് തോട്ടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ജോലിയെടുക്കുന്നവർ, അവരുടെയെല്ലാം വരുമാനമെത്രയാണ് ഇതിനെ സംബന്ധിച്ചുള്ള മുഴുവൻ ലിസ്റ്റും വിവരണവും താങ്കളുടെ പക്കൽ ഉണ്ടായിരിക്കുമ്പോഴാണ് താങ്കൾക്ക് യഥാർത്ഥ ബജറ്റ് ഉണ്ടാക്കാൻ സാധിക്കുക. ലിസ്റ്റ് തന്നെയില്ലെങ്കിൽ എങ്ങിനെയാണ് ചന്ദ വാങ്ങുക, ഏത് നിലവാരമനുസരിച്ചാണ് ചന്ദ വാങ്ങുക? അലസത ഒഴിവാക്കുക. കുറഞ്ഞപക്ഷം യഥാർത്ഥ അവസ്ഥ നിങ്ങളുടെ മുന്നിലുണ്ടായിരിക്കണം. ജമാഅത്ത് ലെവലിൽ എല്ലാവരുടെയും ലിസ്റ്റ് തയ്യാറാക്കാത്തിടത്തോളം താങ്കൾക്ക് യഥാർത്ഥ ബജറ്റ് തയ്യാറാക്കാൻ സാധിക്കില്ല.

## സെക്രട്ടറി ജായ്ദാദ്

എല്ലാ സ്വത്തുക്കളുടെയും ഡോക്കുമെന്റ്സും റിക്കാർഡും പൂർണമായിരിക്കേണ്ടതാണ്.

## സെക്രട്ടറി വഖ്ഫെ നൗ

15 വയസ്സിനു മുകളിലുള്ളവർ തങ്ങളുടെ വഖ്ഫിന്റെ ഫോറം പൂരിപ്പിച്ചയച്ചോ? ആരെങ്കിലും ഇതുവരെ അയച്ചിട്ടില്ലായെങ്കിൽ അവരെ ഫോണിലൂടെ ഓർമപ്പെടുത്തുക. എന്നിട്ടും ഫോറം അയക്കാത്തവരെ സംബന്ധിച്ച് കേന്ദ്ര ത്തിലറിയിക്കുക. അങ്ങിനെയുള്ളവരെ ഞാൻ വഖ്ഫിൽ നിന്നും പുറത്താക്കുന്നതാണ്. ചെറുപ്രായത്തിലുള്ള വഖ്ഫെ നൗ കുട്ടികൾക്ക് ഇപ്പോൾ മുതൽ തന്നെ വഖ്ഫിന്റെ നിലവാരം നിലനിർത്തുന്ന തരത്തിൽ ശിക്ഷണം നൽകുക. 21 വയസ്സു വരെയുള്ള കുട്ടികൾക്കായുള്ള സിലബസ് തയ്യാറാക്കി കഴിഞ്ഞു. അത് സംഘടിപ്പിച്ചു കൊണ്ട് അതാതു പ്രായത്തി ലുള്ളവർക്ക് അവരുടെ സിലബസ് പഠിപ്പിക്കുക.

## സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി

വഖ്ഫെ ആർസിക്കായി ആളുകളെ പ്രേരിപ്പിക്കുക. മജ്ലിസ് ആമില അംഗങ്ങളോട് വഖ്ഫെ ആർസി ചെയ്യാനായി പറയുക. വഖ്ഫെ ആർസിയുടെ റിക്കാർഡ് താങ്കളുടെ പക്കൽ ഉണ്ടായിരിക്കേണ്ടതാണ്. സ്വയം പരിപാടി ആസൂത്രണം ചെയ്ത് പോകുകയും എന്നിട്ട് ഞാ


Press Conference - Spain

ൻ വഖ്ഫെ ആർസി ചെയ്തു എന്ന് പറയുന്നത് വഖ്ഫെ ആർസിയല്ല എന്നത് താങ്കൾ മനസ്സിലാക്കണം. ഈ വിഭാഗത്തിന് കീഴിൽ വഖ്ഫെ ആർസിയുടെ പരിപാടി ആസൂത്രണം ചെയ്യാതെ നിങ്ങളുടെ വ്യവസ്ഥിതിയുടെ കീഴിലൂടെയല്ലാതെയുള്ളവ വഖ്ഫെ ആർസിയായി ഗണിക്കപ്പെടുന്നതല്ല. കാരണം അത് സംവിധാനത്തെ എതിർക്കലാകുന്നു. ബന്ധപ്പെട്ട വകുപ്പിന്റെ വ്യവസ്ഥിതിക്കു കീഴിലൂടെയല്ലാതെ പ്രവർത്തിക്കുന്നവർ പ്രസ്തുത പ്രവർത്തനത്തിൽ ഉൾപ്പെടുന്നതല്ല. ആരെങ്കിലും തന്റെ ചന്ദ സ്വന്തം ജമാഅത്തിൽ നൽകുന്നതിന് പകരമായി വ്യവസ്ഥിതിയിൽ നിന്നും അകന്നു നിന്ന് കൊണ്ട് മറ്റൊരു സ്ഥലത്ത് നൽകുകയാണെങ്കിൽ അവരിൽ നിന്നും ചന്ദ വാങ്ങരുത്. എല്ലാം സംവിധാനത്തിന് കീഴിലായിരിക്കണം.

## സെക്രട്ടറി തർബിയ്യത്ത്

നമസ്കാരം അനുഷ്ഠിക്കുന്നലേക്ക് മറ്റുള്ളവരുടെ ശ്രദ്ധ ക്ഷണിക്കേണ്ടത് തർബിയ്യത് വിഭാഗത്തിന്റെ ചുമതലയാകുന്നു. ബലഹീനരെ പള്ളിയുമായി ബന്ധപ്പെടുത്തുക, വിശുദ്ധഖുർആന്റെ നിത്യവുമുള്ള പാരായണത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുക, ഹദ്റത് മസീഹ് മൗഊദ്(അ) ഗ്രന്ഥങ്ങളെ വായിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുക എന്നിവയെല്ലാം താങ്കളുടെ ഉത്തരവാദിത്വമാണ്.

## സെക്രട്ടറി തർബിയ്യത്ത് നൗ മുബായിഈൻ

നവ അഹ്മദികളുടെ ശിക്ഷണത്തിനായുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. അവരുമായി നിരന്തരമായ ബന്ധം ഉണ്ടായിരിക്കേണ്ടതാണ്. നിങ്ങളുടെ കയ്യിലുള്ള ലിസ്റ്റ് സദ്ർ ജമാഅത്തിനും നൽകുക. ജമാഅത്തിലെ സെക്രട്ടറി നൗ മുബായിഈന്റെ പക്കലും ആ ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്. അവരും സ്വ ന്തം ജമാഅത്തിലുള്ള നവ അഹ്മദികളോട് ബന്ധപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്. അവരെ തങ്ങളുടെ തർബിയ്യത്ത് പരിപാടികളിൽ പങ്കെടുപ്പിക്കേണ്ടതാണ്. അത് പോലെ നവ അഹ്മദികളായ അൻസാർ, ഖുദ്ദാം, ലജ്ന എന്നിവരുടെ പേരു വിവരങ്ങൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി ബന്ധപ്പെട്ട ശാഖാ സംഘടനയുടെ പക്കലും ഉണ്ടായിരിക്കേണ്ടതാണ്. എങ്കിൽ മാത്രമെ അവർ തങ്ങളുടെ തർബിയ്യത്ത് പരിപാടികളിലും സംവിധാനത്തിലും ഉൾപ്പെടുത്താൻ സാധിക്കൂ.

## സെക്രട്ടറി ഉമൂറെ ഖാരിജ

ഭരണകൂടവുമായി ബന്ധം സ്ഥാപിക്കുക. ജഡ്ജിമാരുമായും വക്കീലുമാരുമായും ബന്ധം സ്ഥാപിക്കുക.

## സെക്രട്ടറി തബ്ലീഗ്

കാര്യങ്ങൾ വളരെ മന്ദഗതിയിലാണ്. രണ്ട് ലക്ഷം ലീഫ്ലെറ്റ് വിതരണം ചെയ്തു കഴിഞ്ഞെങ്കിൽ ഇനി മറ്റ് ലീഫ് ലെറ്റ്സുകളും



Masjid Inaugral Programme - Spain

ഉണ്ട്. അഹ്മദിയ്യത്തിന്റെ സന്ദേശം, ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ആഗമനം, അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഇതും തയ്യാറാക്കി വിതരണം ചെയ്യുക. ആദ്യം ലീഫ്ലെറ്റ്സ് നൽകിയവർക്ക് ഇതും നൽകുക. അത് പോലെ കോൺഫറൻസ്, സെമിനാർ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. അതിലേക്ക് വലിയ വലിയ ആൾക്കാരെയും അധികാരികളെയും സർക്കാരുമായി ബന്ധപ്പെടവരെയും ക്ഷണിക്കുക. മറ്റുള്ളവരെയും ക്ഷണിക്കുക. കുറച്ച് പേരാണ് പങ്കെടുക്കുന്നതെങ്കിൽ പോലും അവരുമായിട്ടുള്ള ബന്ധം സ്ഥാപിതമാകുന്നതാണ്.

## സെക്രട്ടറി ഇശാഅത്ത്

ചെറിയ ചെറിയ നോട്ടീസുകളും സാഹിത്യങ്ങളും പ്രസിദ്ധീകരിക്കുക. അതുപോലെ സമാധാനത്തെ സംബന്ധിച്ചുള്ള പ്രഭാഷണങ്ങളും പ്രസിദ്ധപ്പെടുത്തുക. ചെറിയ ചെറിയ നോട്ടീസുകളും സാഹിത്യങ്ങളും ഒന്നിനു പുറകെ മറ്റൊന്ന് എന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തുക. അങ്ങനെ തബ്ലീഗിനുള്ള മാർഗങ്ങളും തുറന്നു കൊണ്ടിരിക്കുന്നതാണ്.

## മജ്ലിസെ ആമിലയോട്

സഹായത്തിനായാണ് മജ്ലിസെ ആമില രൂപീ കരിച്ചിരിക്കുന്നത്. അല്ലാതെ നിങ്ങളെ മൂന്ന് വർഷത്തേക്ക് സമിതിയംഗമാക്കിയിരിക്കുന്നു ഇനി മൂന്ന് വർഷം കഴിഞ്ഞ് കാണാം എന്ന് പറയാൻ വേണ്ടി മാത്രമല്ല. പ്രവർത്തക സമിതി അംഗങ്ങൾക്ക് എന്തെങ്കിലും ബാഹ്യ രൂപവും ഉണ്ടാക്കിയെടുക്കേണ്ടതാണ്. അയാൾക്ക് അല്പമെങ്കിലും ഇസ്ലാമിക ചിഹ്നങ്ങളോട് ആദരവുണ്ട് എന്ന് ജനങ്ങൾക്ക് മനസ്സിലാകുന്നതിന് വേണ്ടി കുറഞ്ഞ പക്ഷം അല്പം താടിയെങ്കിലും ഉണ്ടായിരിക്കണം.

## ദർസ്

മഗ്രിബ് നമസ്കാരത്തിനാണ് കൂടുതൽ ആളുകൾ ഉണ്ടാകുന്നതെങ്കിൽ നമസ്കാര ശേഷം ദർസ് ഉണ്ടായിരിക്കേണ്ടതാണ്. ഇനി ഇശാ നമസ്കാരത്തിലാണ് കൂടുതൽ ആളുകൾ എത്തിച്ചേരുന്നതെങ്കിൽ ദർസ് ഇശാക്ക് ശേഷം നടത്തുക.

## അഞ്ചുനേരം ജമാഅത്തായ നമസ്കാരം

പള്ളികളിലും നമസ്കാര സെന്ററുകളിലും അഞ്ച് നേര നമസ്കാരങ്ങൾ ജമാഅത്തായി നടക്കേണ്ടതാണ്. നമസ്കാരങ്ങൾ ജംഅ് ആക്കിയാണ് നമസ്കരിച്ചു കൊണ്ടിരിക്കുന്നതെങ്കിൽ അടുത്ത തലമുറയ്ക്ക് മൂന്ന് നമസ്കാരം മാത്രമാണെന്ന തോന്നൽ ഉണ്ടാകുന്നതാണ്. കാരണം അവർ തങ്ങളുടെ മാതാപിതാക്കളെ മൂന്ന് നമസ്കാരങ്ങൾ മാത്രമാണ് അനുഷ്ഠിച്ചിരുന്നതായി കാണുക.

## സദ്ർ ജമാഅത്തിന് താടി നിർബന്ധം

സദ്ർ സാഹിബിന് താടി വെക്കേണ്ടത് അനിവാര്യമാകുന്നു. ഇവിടെ ഇരിക്കുന്ന സദ്ർമാർ നോട്ട് ചെയ്യുക. ഇനി ആർക്കെങ്കിലും രോഗമോ അലർജിയോ ഉണ്ടെങ്കിൽ അവർ സീറോ നമ്പർ മെഷീൻ ഉപയോഗിക്കുക. ഏതായാലും ഭാരവാഹികൾക്ക് താടി ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് എല്ലാവരും ശ്രദ്ധിക്കുക.

## റിപ്പോർട്ട് കൃത്യമായി നൽകുക

അലസരായ സദ്ർമാരെ ഒഴിവാക്കുക. നടപ്പു മാസത്തിൽ എന്ത് പ്രവർത്തനങ്ങളാണ് ചെയ്തത് എന്നുള്ള റിപ്പോർട്ട് സദ്ർമാരിൽ നിന്നും ലഭിക്കേണ്ടതാണ്. അതു പോലെ എല്ലാ സെക്രട്ടറിമാരിൽ നിന്നും എല്ലാ വിഭാഗങ്ങളിൽ നിന്നും നടപ്പുമാസത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ലഭിക്കേണ്ടതാണ്. മേലിൽ ഇവിടുത്തെ സദ്ർ സാഹിബുമാരുടെ അംഗീകാരം ഞാനായിരിക്കും നൽകുക. അമീറായിരിക്കില്ല.

## ടീം വർക്ക് അനിവാര്യം

എല്ലാ പ്രവർത്തനങ്ങളും ടീം വർക്കിലൂടെയായിരിക്കണം. പരസ്പര ഭിന്നതയും കാലുവാരലും ഉള്ള സ്ഥലങ്ങളിൽ പ്രവർത്തനം ഒന്നും തന്നെ ഉണ്ടാകുന്നതല്ല. ടീം വർക്കായി പ്രവർത്തിക്കുമ്പോഴാണ് അനുഗ്രഹവും ഉണ്ടാകുക.

## ജമാഅത്തിന്റെ മാന്യത സ്ഥാപിക്കുക

പരസ്പരം ഭിന്നത ഉള്ള സ്ഥലങ്ങളിൽ അമീർമാർ അത് പരിഹരിക്കേണ്ടതാണ്. ഇനി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ എനിക്ക് എഴുതുക. എന്നിൽ നിന്ന് മാർഗ നിർദേശം തേടുക. നല്ല പ്രവർത്തനം കാഴ്ചവെക്കുന്നതിലൂടെയാണ് ജമാഅത്തിന്റെ മാന്യത സ്ഥാപിതമാകുന്നത്, കാര്യങ്ങളും പ്രശ്നങ്ങളും മറച്ച് വെക്കുന്നതിലൂടെയല്ല. പ്രവർത്തിച്ചു കൊണ്ടിരിക്കുകയും സ്വന്തം മാതൃക സ്ഥാപിക്കുകയും ചെയ്യുക. സ്വന്തം മാതൃക സ്ഥാപിക്കുമ്പോഴാണ് ജനങ്ങളുടെ ശ്രദ്ധയുണ്ടാകുക.

*സമ്പാ : എ.എ.ബാരി*

# റമദാൻ

• ആരോഗ്യമുള്ള സ്ഥാനീയനായ ഒരാൾക്ക് നോമ്പ് പിടിക്കുക അനിവാര്യമാകുന്നു. ഇല്ലെങ്കിൽ അല്ലാഹുവിന്റെ നിഷേധിയാകുന്നു.

• രോഗിയും യാത്രക്കാരനും രോഗത്താലും യാത്രയാലും വിട്ടു പോകുന്ന നോമ്പ് പിന്നീടുള്ള ദിവസങ്ങളിൽ പിടിച്ച് വീട്ടേണ്ടത് അനിവാര്യമാകുന്നു. **മൻ കാന മരീദൻ അവ് അലാ സഫരിൻ ഫഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖർ** എന്ന ഖുർആനിക വചനമനുസരിച്ച് അല്ലാഹുവിന്റെ പക്കൽ രോഗിയുടെയും യാത്രക്കാരന്റെയും റമദാനിലെ നോമ്പ് പിന്നീട് ആണ് പൂർത്തിയാകുന്നത്. അതായത് അവർക്ക് റമദാനിലെ നോമ്പ് പിടിക്കാവതല്ല. യാത്രയുടെ പരിധി പൊതു അവസ്ഥയ്ക്ക് അനുസരിച്ചായിരിക്കും. രോഗത്തെ സംബന്ധിച്ച് വിദഗ്ദരുടെ അഭിപ്രായമാണ് പ്രായോഗികം. ഡ്യൂട്ടിയുടെ ഭാഗമായി സ്ഥിരം യാത്ര ചെയ്യുന്നവർ യാത്രക്കാരനല്ല.

• ഭക്ഷണ പാനീയങ്ങളും, ഭാര്യഭർതൃ ശാരീരിക ബന്ധങ്ങളും പ്രാഭാതം മുതൽ അസ്തമയം വരെ ഉപേക്ഷിക്കുന്ന തിനെയാണ് നോമ്പ് എന്നു പറയുന്നത്.

• പരിശുദ്ധ റമദാൻ ചന്ദ്രമാസമാകുന്നു. അതിന്റെ ആരംഭം ചന്ദ്രപിറവിയോടെയാകുന്നു. റമദാന് മുമ്പുള്ള മാസമായ ശഅബാന്റെ 29-ാം തിയതിയിലെ വൈകുന്നേരം പുതിയ ചന്ദ്രൻ കാണപ്പെട്ടാൽ അത് മുതൽ റമദാൻ ആരംഭിക്കുന്നതാണ്. അല്ലെങ്കിൽ ശഅബാന്റെ 30 ദിവസങ്ങൾ പൂർത്തിയാക്കിയതിനു ശേഷം പരിശുദ്ധ റമദാൻ ആരംഭിക്കുന്നതാണ്.

• നബി തിരുമേനി (സ) റമദാൻ മാസത്തെ **ശഹ്റുൽ മുആസാത്ത്** അതായത് അനുകമ്പയുടെ മാസമായാണ് നിർണയിച്ചിരിക്കുന്നത്. പ്രസ്തുത മാസത്തിൽ ദാനധർമങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടത് അനിവാര്യമാകുന്നു.

• നിത്യരോഗത്താലോ അല്ലെങ്കിൽ വാർദ്ധക്യത്താലോ ഭാവിയിൽ നോമ്പ് അനുഷ്ഠിക്കുക അസാധ്യമാണെങ്കിൽ ഒരു അഗതിയുടെ ഭക്ഷണം ഫിദ്‌യയായി നൽകേണ്ടത് അനിവാര്യമാകുന്നു.

• ആർത്തവ ദിനങ്ങളിൽ സ്ത്രീകൾ നോമ്പ് പിടിക്കരുത്. അത് മറ്റ് ദിവസങ്ങളിൽ പിടിച്ച് വീട്ടേണ്ടതുമാണ്.

• പ്രായപൂർത്തിയായവർക്കാണ് നോമ്പ് നിർബന്ധമാ ക്കപ്പെട്ടത്. നോമ്പിനായുള്ള പ്രായപൂർത്തി സാധാരണ അവസ്ഥയിൽ 18 വയസ്സാണ്. താൽപര്യം ഉണ്ടാക്കിയെടുക്കുന്നതിനായി അതിന് മുൻപും ഏതാനും നോമ്പ് എടുക്കാൻ അവരെ അനുവദിക്കാവുന്നതാണ്.

• നോമ്പിനുള്ള നിയ്യത്ത് രാത്രിയിൽ തന്നെ ചെയ്യേണ്ടതാണ് ഉചിതം. നോമ്പ് പിടിക്കുന്നതിനായി അത്താഴം കഴിക്കുന്നതിന് ശക്തമായ താക്കീത് നൽകിയിട്ടുണ്ട്.

• സൂര്യൻ അസ്തമിച്ച ഉടൻ നോമ്പ് തുറക്കേണ്ടതാണ്. സംശയത്തിന്റെയും സന്ദേഹത്തിന്റെയും കാരണത്താൽ അകാരണമായി വൈകിക്കാൻ പാടുള്ളതല്ല.

• കാരക്ക, വെള്ളം അല്ലെങ്കിൽ ഇഷ്ടപ്പെട്ട ഭക്ഷണം എന്നിവ കൊണ്ട് നോമ്പ് തുറക്കാവുന്നതാണ്.

• നോമ്പ് സമയത്ത് മറന്നു കൊണ്ട് എന്തെങ്കിലും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുകയാണെങ്കിൽ അവന്റെ നോമ്പ് ശരീഅത്തനുസരിച്ച് നിലനിൽക്കുന്നതാണ്. അവന്റെ പ്രതിഫലത്തിൽ യാതൊരു കുറവും ഉണ്ടാകുന്നതല്ല.

• പ്രഭാതത്തിൽ വെളുപ്പ് പൊട്ടി വിരിയുന്നത് മുതൽ നോമ്പിന്റെ സമയം ആരംഭിക്കുന്നു. സുബ്ഹി ബാങ്കിന്റെ സമയവ്യത്യാസം അതിന് ബാധകമല്ല. എന്നിരുന്നാലും കൃത്യ സമയത്ത് ബാങ്ക് കൊടുക്കുക എന്നത് ഇസ്ലാമിക ആചാരമാകുന്നു.

• അത്താഴവും നോമ്പ് തുറയും ഇല്ലാതെ തുടർച്ചയായി നോമ്പ് വെക്കുന്നത് അനുവദനീയമല്ല. അത് മനുഷ്യന്റെ ആരോഗ്യത്തെ മോശമായി ബാധിക്കുന്നതാണ്.

• നോമ്പ് തുറപ്പിക്കുന്നതും പ്രത്യേക പ്രതിഫലാർഹമായ കാര്യമാണ്. അതിന്റെ ഫലമായി നോമ്പ്കാരന്റെ പ്രതിഫലത്തിൽ കുറവൊന്നും ഉണ്ടാകുന്നതല്ല.

• നോമ്പ്കാരന് പല്ല് തേക്കാവുന്നതാണ്. അത്യാവശ്യമാണെങ്കിൽ കണ്ണിൽ സുർമ ഇടാവുന്നതുമാണ്. അത്യുഷ്ണകാലത്ത് സാധാരണ കുളി കൂടാതെ തലയിൽ വെള്ളം ഒഴിക്കാവുന്നതുമാണ്.

• റമദാനിൽ അത്യധികമായി വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ടതും ശ്രവിക്കേണ്ടതും അനിവാര്യമാകുന്നു. തറാവീഹ് നമസ്കാരത്തിൽ പങ്കെടുക്കുന്നത് ഇഷ്ടപ്പെട്ട കാര്യമാണ്. അത് കൂടാതെ പതിവനുസരിച്ച് സ്വന്തം തഹജ്ജുദ് നമസ്കരിക്കുന്നതും ഉത്തമമാണ്.

• റമദാനിലെ അവസാന പത്ത് ദിവസങ്ങളിൽ ഇഅ്തികാഫ് ഇരിക്കുന്നത് സുന്നത്താകുന്നു. ഇഅ്തികാഫ് സാധാരണയായി ജാമിഅ് മസ്ജിദിലാണ് ഇരിക്കാറ്. ഇഅ്തികാഫിന് ഇരിക്കുന്ന വ്യക്തി നോമ്പുകാരനാകേണ്ടതാണ്. ഇഅ്തികാഫ് റമദാനിലെ സുബ്ഹി നമസ്കാരത്തിന് ശേഷം ആരംഭിക്കുന്നതാണുത്തമം.

• ഇഅ്തികാഫിന് ഇരിക്കുന്ന വ്യക്തിക്ക് രാത്രിയിലും ഭാര്യയുമായുള്ള ശാരീരിക ബന്ധം വിലക്കപ്പെട്ടിരിക്കുന്നു. അവർ പള്ളിയിൽ തന്നെ കഴിയേണ്ടതാണ്. ദൈവസ്മരണ, വിശുദ്ധഖുർആൻ പാരായണം, ദുആകൾ എന്നിവയിൽ മുഴുകേണ്ടതാണ്. മലമൂത്ര വിസർജ്ജനങ്ങൾക്കും ഒഴിച്ചു കൂടാൻ സാധിക്കാത്ത അനിവാര്യ ഘട്ടങ്ങളിലുമല്ലാതെ പള്ളിയിൽ നിന്ന് പുറത്തു പോകാവതല്ല.

• അവസാന പത്തിലെ പ്രത്യേകിച്ച് ഒറ്റ രാത്രികളിൽ ലൈലത്തുൽ ഖദ്റ് ഉണ്ടാകുന്നു. അത് വളരെയധികം അനുഗ്രഹീതമാകുന്നു. ദുആ സ്വീകാര്യതയ്ക്കുള്ള വിശേഷ അവസരമാകുന്നു. ആ രാത്രിക്കു വേണ്ടിയുള്ള സുന്നത്തായ ദുആകളിൽ **അല്ലാഹുമ്മ ഇന്നക്ക അഫ്‌വുൻ തുഹിബ്ബുൽ അഫ്‌വ ഫഅ്ഫു അന്നീ** എന്നതും ഉൾപ്പെടുന്നു.

• നോമ്പ് തുറക്കുന്ന സമയവും പ്രത്യേക ദുആ സ്വീകാര്യതയുടെ സമയമാകുന്നു. നോമ്പ് തുറക്കുന്ന സമയത്ത് നബി (സ) ഇങ്ങനെ ദുആ ചെയ്യുമായിരുന്നു, **അല്ലാഹുമ്മ ലക സ്വുംതു വ അലാ റിസ്ഖിക അഫ്തർതു.** അല്ലാഹുവെ! ഞാൻ നിനക്ക് വേണ്ടി നോമ്പെടുത്തു. ഇപ്പോൾ നിന്റെ ഭക്ഷണത്താൽ നോമ്പ് തുറക്കുന്നു.

• നോമ്പിലായിരിക്കുമ്പോൾ പ്രത്യേകിച്ച് സർവ നിഷിദ്ധ കർമങ്ങളിൽ നിന്നും നിഷിദ്ധ കാര്യങ്ങളിൽ നിന്നും പൂർണമായും വിട്ട് നിൽക്കേണ്ടതാണ്. ആരെങ്കിലും അനാവശ്യമായി കലഹത്തിന് വന്നാൽ പോലും ഞാൻ നോമ്പ് കാരനാണ് എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറേണ്ടതാണ്. മുഴുവൻ സമയവും ദൈവസ്മരണയിൽ കഴിച്ചു കൂട്ടുക.

• റമദാൻ 29 ന്റെ വൈകുന്നേരം അഥവാ ചന്ദ്രൻ വെളിപ്പെട്ട് കണ്ടില്ലായെങ്കിൽ റമദാനിലെ 30 നോമ്പ് പൂർത്തിയാക്കുക.

• ചന്ദ്ര ദർശനത്തിനായി ആകാശം തെളിഞ്ഞതല്ലായെങ്കിലും കുറഞ്ഞത് രണ്ട് സദ്വൃത്തരായ മുസ്ലീംകൾ കാണേണ്ടത് അനിവാര്യമാകുന്നു.

• എല്ലാ ചെറുതും വലുതുമായ മുസ്ലിംകൾക്കും സദഖത്തുൽ ഫിത്റ് നൽകേണ്ടത് അനിവാര്യമാകുന്നു. ഇത് ഒരു സാഅ് ധാന്യമോ അല്ലെങ്കിൽ പകുതി സാഅ് ധാന്യമോ ആകുന്നു. സദഖത്തുൽ ഫിത്റ് പെരുന്നാൾ നമസ്കാരത്തിനു മുമ്പായി തന്നെ നൽകേണ്ടത് അനിവാര്യമാകുന്നു. പെരുന്നാളിന്റെ സന്തോഷത്തിൽ ഈദ് ഫണ്ട് നൽകേണ്ടതുമാണ്.

• റമദാൻ അവസാനിച്ചാൽ ശവ്വാൽ ഒന്നിന് ഈദുൽ ഫിത്വ്റ് ആയിരിക്കും. അന്ന് തുറന്ന




# തബ്ലീഗും എതിർപ്പും

ദാറുൽ അൻവറിൽ പ്രവേശിക്കുന്നതിന് മുമ്പ് തന്നെ പരസ്യമായ പ്രബോധനം ആരംഭിച്ചിരുന്നു. മക്കയുടെ ഇടനാഴികളിൽ ഇസ്‌ലാം ചർച്ച ചെയ്യപ്പെട്ടു തുടങ്ങി. ഖുറൈശികൾ ഒരു പരിധി വരെ നിശബ്ദരായിരുന്നുവെങ്കിലും ഇനി ഈ രോഗം വ്യാപിപ്പിക്കുകയും മക്കയിൽ അതിന് വേരോട്ടം ഉണ്ടാവുകയും ചെയ്തേക്കുമോ എന്ന് അവർ ഭയപ്പെട്ടു. അങ്ങനെ അവർ ഇതിലേക്ക് ശ്രദ്ധ തിരിക്കുകയും അതിന്റെ പ്രചാരണം ശക്തി പ്രയോഗിച്ച് തടയാനും ആഗ്രഹിച്ചു.

ഈ എതിർപ്പിന് കാരണമെന്തായിരുന്നു? ഈ ചോദ്യത്തിനുള്ള മറുപടി പറയേണ്ട കാര്യം നമുക്കില്ല. ദൈവികപ്രസ്ഥാനങ്ങൾ ലോകത്ത് സ്ഥാപിക്കപ്പെടുമ്പോൾ തീർച്ചയായും എതിർപ്പുകൾ ഉണ്ടാവുന്നു. കാരണം ലോകത്തിന് അന്നേവരെ അജ്ഞാതമായിരുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്ഥാനമായിരിക്കും അത്. ലോകത്ത് അന്ന് വരെ നിലനിന്നിരുന്ന വിശ്വാസാചാരങ്ങളെ സംബന്ധിച്ചേടത്തോളം അവയ്ക്ക് വന്നു ഭവിക്കാൻ പോകുന്ന മരണമായാണ് അക്കാര്യങ്ങളെ ജനങ്ങൾ മനസ്സിലാക്കുന്നത്. ജനങ്ങൾ ചരിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ച മാർഗ്ഗത്തെ അവർ ഉപേക്ഷിക്കുമ്പോഴാണ് പ്രവാചകന്മാർ എഴുന്നേൽപ്പിക്കപ്പെടുന്നത്. ജനങ്ങൾ തങ്ങൾ അവലംബിച്ച് കൊണ്ടിരിക്കുന്ന തെറ്റായ മാർഗ്ഗത്തെ സന്മാർഗ്ഗമായി കരുതി പോരുന്നു. ഒരു പ്രവാചകൻ വന്ന് ലോകത്തെ സൽപ്രസ്ഥാനത്തിലേക്ക് വിളിക്കുമ്പോൾ ലോകം അതിനെ തെറ്റിദ്ധരിക്കുകയും അദ്ദേഹത്തെ എതിർക്കുകയും ചെയ്യുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു, ജനങ്ങൾക്ക് അഹോ കഷ്ടം! പരിഹസിക്കപ്പെടാത്ത ഒരു ദൂതനും അവരുടെ അടുക്കൽ വന്നിട്ടില്ല. ഉന്നതസ്ഥാനീയർ തന്നെ എതിർപ്പിൽ മുന്നിട്ട് നിൽക്കുന്നതാണ് വിസ്മയകരം. അല്ലാഹു പറയുന്നു, ഇതേ പ്രകാരം നാം ഓരോ നാട്ടിലും അവിടത്തെ കുറ്റവാളികളിൽ നിന്നുള്ള പ്രധാനികളെ നിശ്ചയിച്ചിരിക്കുന്നു. അതിന്റെ ഫലമായി അവർ അവിടെ കുതന്ത്രം പ്രവർത്തിക്കുന്നു. (6:124)

നോക്കുക! ഹദ്റത് ഇബ്റാഹീം (അ) നിയോഗിതനായപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ ഉന്നതസ്ഥാനീയർ അദ്ദേഹത്തെ പിടിച്ചു തീയിലേക്കെറിഞ്ഞു. ഹ:മൂസാ നബി (അ) വന്നപ്പോഴും സമൂഹത്തിലെ വലിയ ആളുകളോട് അദ്ദേഹത്തിന് യുദ്ധം ചെയ്യേണ്ടി വന്നു. ഹ: ഈസാനബി(അ) യുടെ കാലമായപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ പണ്ഡിതന്മാരും പരീശന്മാരും അദ്ദേഹത്തെ ക്രൂശിക്കാൻ ശ്രമിച്ചു. ഇന്ത്യയിൽ ഹ:ശ്രീകൃഷ്ണൻ അവതരിച്ചപ്പോൾ അദ്ദേഹത്തെ നശിപ്പിക്കാൻ വേണ്ടി ജനങ്ങൾ ഒരുമ്പെട്ടു. എന്നിരിക്കെ മുഹമ്മദ് നബി(സ) പ്രവാചകന്മാരോട് അനുവർത്തിച്ച ഈ നടപടിക്രമത്തിൽ നിന്നും പുറത്താകുമോ? ഇല്ല, മറിച്ച് നബിതിരുമേനി (സ) കൊണ്ടു വന്ന ദൗത്യത്തിന്റെ ഉൽകൃഷ്ടതയ്ക്കനുസരിച്ച് എതിർപ്പിന്റെ കാഠിന്യം വർദ്ധിക്കേണ്ടത് അനിവാര്യമായിരുന്നു. കാരണം അന്ധകാരം അതിന്റെ പര്യമതയിൽ എത്തി നിന്നിരുന്ന സമയത്താണ് നബി(സ) വന്നത്. പ്രകാശം വരുമ്പോൾ അന്ധകാരം എല്ലാ ശക്തിയും ഉപയോഗിച്ച് അതിനെ നേരിടുന്നു. അങ്ങനെ തന്നെ സംഭവിക്കുകയുമുണ്ടായി. മുൻകാല പ്രവാചകന്മാരെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ എതിർപ്പ് തിരുനബിക്ക് നേരിടേണ്ടി വന്നു. ഈ എതിർപ്പിന് ബാഹ്യമായ കാരണങ്ങളുണ്ടായിരുന്നു.

1) അങ്ങേയറ്റം വിഗ്രഹപൂജക്കാരായ ജനതയായിരുന്നു ഖുറൈശികൾ. അതിനോടുള്ള സ്നേഹം അവരുടെ ഹൃദയങ്ങളിൽ രൂഢമൂലമായിരുന്നു. അതിനെതിരിൽ ഒരു വാക്കു പോലും കേൾക്കാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അല്ലാഹുവിനെ മാത്രം ആരാധിക്കാൻ വേണ്ടി നിർമ്മിക്കപ്പെട്ട കഅ്ബയിൽ പോലും നൂറുക്കണക്കിന് വിഗ്രഹങ്ങളെ അവർ പ്രതിഷ്ഠിക്കുകയും കാര്യസാദ്ധ്യത്തിനായി ആ വിഗ്രഹങ്ങളെ സമീപിക്കുകയും ചെയ്തിരുന്നു. ഇസ്‌ലാം വന്നപ്പോൾ അതിന്റെ അടിസ്ഥാന തത്വം തന്നെ ഏകദൈവ വിശ്വാസമായിരുന്നു. ഏതെങ്കിലും മനുഷ്യന്റെയോ വൃക്ഷത്തിന്റെയോ കല്ലിന്റെയോ നക്ഷത്രത്തിന്റെയോ മുമ്പിൽ കുനിയരുതെന്ന വ്യക്തമായ കൽപനയുണ്ടായിരുന്നു.

"സൃഷ്ടിച്ച അല്ലാഹുവിനെ പ്രണമിക്കൂ" എന്നാണ് കൽപ്പിച്ചത്. മാത്രമല്ല, ഖുറൈശികളുടെ വിഗ്രഹങ്ങളെ വിമർശിച്ചു കൊണ്ടുള്ള പരാമർശങ്ങളുമുണ്ട്. നരകത്തിലെ ഇന്ധനമാണ് അവയെന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഉദാഹരണമായി അല്ലാഹു പറയുന്നു, "തീർച്ചയായും നിങ്ങളും അല്ലാഹുവിന് പുറമേ നിങ്ങൾ ആരാധിക്കുന്ന വസ്തുക്കളുമെല്ലാം നരകത്തിന്റെ ഇന്ധനമാണ്. (21:29)

ഈ പരാമർശങ്ങൾ ഖുറൈശികളെ പൊള്ളിച്ചു. ഇസ്‌ലാമിനെ നശിപ്പിക്കാനായി അവർ ഒന്നടങ്കം ഒരുമ്പെടുകയുണ്ടായി.

2) വിഗ്രഹാരാധന കൂടാതെ, അറബികളിൽ കാണപ്പെട്ടിരുന്ന ദുശ്ശീലങ്ങളും ദു:സ്വഭാവങ്ങളും ഈ ഗ്രന്ഥത്തിന്റെ തുടക്കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. വ്യഭിചാരം, മദ്യപാനം, ചൂതാട്ടം, കവർച്ച, കൊല, നിഷിദ്ധഭോജനം തുടങ്ങിയവ അഭംഗുരം തുടർന്നു കൊണ്ടിരുന്നു. പക്ഷേ, ഇസ്‌ലാം ഇക്കാര്യങ്ങളിൽ നിന്നെല്ലാം അവരെ തടയുമായിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നത് ഒരു പുതിയ ജീവിതം തുടങ്ങുന്നത് പോലെയായിരുന്നു അവർക്ക്. ഖുറൈശികളാണെങ്കിൽ ഇതിനൊന്നും തയ്യാറായിരുന്നില്ല. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അവസ്ഥയും മറ്റൊന്നായിരുന്നില്ല. ആ ആചാരസമ്പ്രദായങ്ങൾ അവരുടെ മതത്തിന്റെ തന്നെ ഭാഗമായിത്തീർന്നിരുന്നു. എന്നാൽ നീചവും അധാർമ്മികവും മതവിരുദ്ധവുമായ ഇത്തരം കാര്യങ്ങളെ ഇസ്‌ലാം ചവിട്ടി മെതിച്ചു.

3) തങ്ങളുടെ പൂർവ്വ പിതാക്കളോടുള്ള ആദരവും എല്ലാ കാര്യത്തിലും അത് ശരിയായാലും തെറ്റായാലും അവരെ പിൻതുടരുന്നതും അറബികളുടെ മതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതായിരുന്നു. "ഞങ്ങളുടെ പൂർവ്വപിതാക്കളെ ഏതൊരു മാർഗ്ഗത്തിൽ ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിൻപറ്റുക" (2:171) എന്ന് അത് കൊണ്ടാണ് അവർ പറഞ്ഞത്.

പക്ഷേ, ഇസ്‌ലാം ദൈവദത്തമായ യുക്തിയെ സത്യത്തിനും അസത്യത്തിനുമിടയിൽ വിധികർത്താവായാണ് വിശേഷിപ്പിച്ചത്. ബഹുദൈവ വിശ്വാസികളായ അവരുടെ പൂർവ്വപിതാക്കളെ സംബന്ധിച്ച് അത് പറയുന്നു, എന്ത് ! അവരുടെ പൂർവ്വ പിതാക്കന്മാർ യാതൊന്നും ഗ്രഹിക്കാത്തവരും നേർമാർഗ്ഗം പ്രാപിക്കാത്തവരായിരുന്നാൽ പോലും. ( അവർ അവരെ പിന്തുടരുമോ? ) (2:171)

*അവ. സീറത്ത് ഖാത്തമുന്നബിയ്യീൻ*

---

മൈതാനത്ത് അല്ലെങ്കിൽ പള്ളിയിൽ എല്ലാ മുസ്‌ലിംകളും ഒരുമിച്ച് കൂടി രണ്ട് റക്അത്ത് പെരുന്നാൾ നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്.


• പെരുന്നാൾ ദിവസം പുതിയതോ അല്ലെങ്കിൽ അലക്കി തേച്ചതോ ആയ വസ്ത്രങ്ങൾ ധരിക്കുന്നതും സുഗന്ധം പൂശുന്നതും സുന്നത്താകുന്നു. പെരുന്നാൾ നമസ്കാരത്തിനായി പോകുന്നതിന് മുമ്പ് എന്തെങ്കിലും കഴിക്കേണ്ടതാണ്. വരുന്നതും പോകുന്നതും വ്യത്യസ്ത വഴികളിലൂടെ ആകുന്നത് ഉചിതമാകുന്നു. നമസ്കാരത്തിൽ ആദ്യ റക്അത്തിൽ സൂറഫാതിഹായ്ക്ക് മുമ്പായി ഏഴ് തക്ബീറുകളും രണ്ടാമത്തെ റക്അത്തിൽ അഞ്ച് തക്ബീറുകളും ഇമാമിന്റെ നേതൃത്വത്തിൽ ചൊല്ലുന്നു. അങ്ങനെ മുഴുവൻ ഇസ്‌ലാമിക സമൂഹവും തക്ബീർ ധ്വനികളാൽ മുഴങ്ങുന്നു.

• റമദാന് ശേഷം ഒന്നാം തിയതിക്ക് ശേഷം 6 ഐശ്ചിക നോമ്പിനുള്ള പ്രോൽസാഹനം ഹദീസുകളിൽ കാണപ്പെടുന്നുണ്ട്. അങ്ങനെ എല്ലാ നന്മയുടെയും പ്രതിഫലം പത്തിരട്ടിയാകുന്നു എന്നതനുസരിച്ച് മുഴുവൻ വർഷത്തേക്കുമുള്ള നോമ്പായി മാറുന്നു.

• അഥവാ റമദാനിൽ അർക്കെങ്കിലും അത്താഴം കഴിക്കാൻ സാധിച്ചില്ലായെങ്കിൽ, അത്താഴം കഴിക്കാതെ നോമ്പെടുക്കുന്നത് അവന് പ്രയാസവും കഴിവിനതീതവുമല്ലെങ്കിൽ അത്താഴമില്ലാതെ നോമ്പ് വെക്കാവുന്നതാണ്. കാരണം റമദാനിൽ ശർഇയായ കാരണമില്ലാതെ അകാരണമായി നോമ്പ് ഉപേക്ഷിക്കുന്നത് കഠിനമായ പാപമാകുന്നു.

• ആത്മാർത്ഥതയോടുകൂടി റമദാനിലെ നോമ്പനുഷ്ഠിക്കുന്നവർക്ക് അവരുടെ തെറ്റുകൾ പൊറുത്തു കൊടുക്കുന്നതാണെന്നും അവർക്ക് അല്ലാഹുവിന്റെ സവിശേഷ സാമീപ്യം കരസ്ഥമാകുന്നതാണെന്നുമുള്ള സുവാർത്തയുണ്ട്.

*സമ്പാ : അബൂതബസ്സും*




ഇബ്നു അശ്റഫ്

# ഇസ്ലാമിക ആരാധനകളുടെ തത്വശാസ്ത്രം

മനുഷ്യജീവിതം അല്ലാഹുവിന്റെ പ്രീതിക്കും അവന്റെ കല്പനക്കും അനുസൃതമായിരിക്കുകയും ദൈവീകജ്ഞാനം കരസ്ഥമാകുകയും ചെയ്യുക എന്നതാണ് ഇസ്ലാമിലെ ആരാധനകളുടെ അടിസ്ഥാന ലക്ഷ്യം. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഇത് അനിവാര്യമാകുന്നു. ഇസ്ലാം എല്ലാ മുസ്ലിംകൾക്കും ഈ ലക്ഷ്യപ്രാപ്തിക്കായി സജ്ജരാകുക എന്ന ഉദ്ദേശ്യത്താൽ പരിപൂർണമായ പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിലൂടെ എല്ലാ പക്വതയാർജിച്ചവരുടെയും ആരോഗ്യമുള്ളവരുടെയും ബുദ്ധിയെയും സ്വഭാവത്തെയും പ്രകൃതത്തെയും അല്ലാഹുവിന്റെ തൃപ്തിക്കും പ്രീതിക്കുമായി സമർപ്പിക്കാൻ സാധിക്കുന്നതാണ്. ആത്മീയവും ധാർമികവുമായ നിലയിൽ ഇസ്ലാമിക സമൂഹത്തിൽ സുഭിക്ഷമായ പരി തസ്ഥിതി സംജാതമാകുന്നതിനുള്ള പരിശീലനമാണെന്ന നിലയിലാണിത്.

ഈ ഉന്നതവും അനുഗ്രഹീതവുമായ ഉദ്ദേശ്യത്തിനായി അല്ലാഹു ചില ആരാധനാ മുറകൾ നിർബന്ധമാക്കിയിട്ടുണ്ട്. മുസ്ലിം സമൂഹത്തിന്റെ സംസ്ഥാപനത്തിൽ അതിന്റെ പ്രാധാന്യവും മേന്മയും അംഗീകൃതമാണ്. ഒരു മാസക്കാലം നോമ്പ് അനുഷ്ഠിച്ചു കൊണ്ടുള്ള ആരാധനയും ഈ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നതിനായിട്ടാണ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്. അതിലൂടെ മുസ്ലിംകളുടെ മതപരവും ചിന്താപരവുമായ ഐക്യത്തിന്റെ സംവിധാനം പൂർണതയിലെത്തുന്നതാണ്.

പരിശുദ്ധ റമദാൻ മാസത്തിൽ മുസ്ലിംകൾ ലോകത്തിന്റെ ഏത് കോണിലാണെങ്കിലും നോമ്പിന്റെ ആരാധനയിലും ആത്മീയ കർമങ്ങളിലും സമയം കഴിച്ചു കൂട്ടുന്നു. വ്യത്യസ്ത പട്ടണങ്ങളിലോ രാഷ്ട്രങ്ങളിലോ ആണെങ്കിൽ പോലും റമദാനിൽ അവരുടെ ചിന്തകളിലും മനോവൃത്തികളിലും ഐക്യവും അനുരൂപതയും ഉണ്ടാകുന്നു. ഇസ്ലാമിന്റെ ആരാധനാ വ്യവസ്ഥിതി എല്ലായിടത്തും എല്ലാ രാഷ്ട്രങ്ങളിലും അവരിൽ പ്രഭാവം ചെലുത്തുന്നു.

## നോമ്പ് നിർബന്ധ കടമ

ഇസ്ലാമിന്റെ അഞ്ച് അടിസ്ഥാന സ്തംഭങ്ങളിലെ നാലാമത്തേത് നോമ്പ് ആകുന്നു. ഇസ്ലാമിക ചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, നബിതിരുമേനി(സ) മക്കയിലെ ഖുറൈശികളിൽ നിന്നുള്ള അസഹനീയ പീഢനങ്ങൾ കാരണം മക്കയെ ഉപേക്ഷിച്ച് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതിന്റെ രണ്ടാം വർഷം ശഅ്ബാൻ മാസത്തിലാണ് എല്ലാ പ്രായപൂർത്തിയായ മുസ്ലിംകൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടത്. യാത്രക്കാരനും രോഗിയും ആയിരിക്കരുത് എന്ന നിബന്ധനയിൽ. നോമ്പ് നിർബന്ധമാക്കിക്കൊണ്ട് അല്ലാഹു സൂറ:ബഖറയിൽ കല്പന ഇറക്കുകയും ചെയ്തു......

മഹത്തായ ഈ ഖുർആനിക കല്പനയുടെ അടിസ്ഥാനത്തിലാണ് മുസ്ലിം സമുദായത്തിൽ നോമ്പ് നിർബന്ധ കടമയായിത്തീർന്നത്.

വർത്തമാന കാലഘട്ടത്തിൽ അവിശ്വാസവും നിരീശ്വരത്വവും സ്വതന്ത്ര ചിന്താഗതിയും സർവസാധാരണമാണ്. അല്ലാഹു പ്രസ്തുത ആയത്തിൽ മുസ്ലിം സമുദായത്തിന് നോമ്പ് നിർബന്ധമാക്കി കൊണ്ട് മുസ്ലിംകൾക്ക് മേൽ അതിമഹത്തായ ഔദാര്യമാണ് ചെയ്തിരിക്കുന്നത്. ഈ ഔദാര്യം ആപാദചൂഢം അനുഗ്രഹവും, കാരുണ്യവും, പ്രകാശവുമാണ്. നമ്മുടെ സർവധാർമിക സാമ്പത്തിക കുടുംബ ദൗർബല്യങ്ങൾക്കും, തിന്മകൾക്കും, രോഗങ്ങൾക്കുമുള്ള ചികിൽസയും മരുന്നുമാണത്.......

ഇസ്ലാമിലെ നോമ്പിന്റെ പ്രാവർത്തികവും സാമൂഹികവുമായ പരിണാമം വളരെ അതിശയകരവും സന്തോഷദായകവുമാണെന്നുള്ളത് അനിഷേധ്യമായ യാഥാർത്ഥ്യമാകുന്നു. നോമ്പ് നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ സർവമേഖലകളിലും മാർഗദീപവും വിളക്കുമാകുന്നു. നോമ്പിന്റെ കല്പനകളെ പ്രാവർത്തികമാക്കി കൊണ്ട് സമൂഹത്തിൽ വിപ്ലവകരമായ ആത്മാവ് സംജാതമാക്കാൻ സാധിക്കുന്നതാണ്.....

## ചരിത്രയാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ

മേൽ പ്രസ്താവിച്ച ആയത്തിൽ പറഞ്ഞിരിക്കുന്നത് നോമ്പ് എല്ലാ മതങ്ങളിലും കാണപ്പെടുന്നു എന്നാണ്. മതചരിത്രങ്ങളെ വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നതും എല്ലാ മതങ്ങളിലും നോമ്പ് നിർബന്ധമായിരുന്നു എന്നാണ്. എന്നാൽ നോ മ്പിന്റെ കല്പനയിലും, അതിന്റെ നിബന്ധനകളിലും, എണ്ണത്തിലും വ്യതിരിക്തത ഉണ്ട്. ഇന്നും വിവിധ മതങ്ങളിൽ പ്രതാനുഷ്ഠാനം കാണാൻ സാധിക്കുന്നതാണ്.

## വ്രതാനുഷ്ഠാനം ജൂതമതത്തിൽ

യഹൂദർ ഹദ്റത് മൂസാ(അ)ന്റെ അനുധാവനത്തിൽ വ്രതമനുഷ്ഠിക്കുന്നു. അതിനായി അവർ പ്രത്യേക ഏർപ്പാടുകളും ചെയ്യുന്നു. ഹദ്റത് മൂസാ (അ) നെ സംബന്ധിച്ച് ബൈബിളിൽ എഴുതുന്നത് അദ്ദേഹം ത്വൂർ പർവത്തിൽ 40 ദിവസം വ്രതമനുഷ്ഠിച്ചു എന്നാണ്.

"അവൻ നാൽപത് ദിനവും നാൽപത് രാത്രിയും അവിടെ ദൈവത്തിന്റെ അടുത്ത് കഴിച്ചു കൂട്ടി. ഒന്നും തന്നെ ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്തില്ല" (പുറപ്പാട്).......



## അറേബ്യയിൽ

അറേബ്യയിലെ വിഗ്രഹാരാധകരിലും നബി (സ) യുടെ ആഗമനത്തിന് മുമ്പ് അജ്ഞതാ കാലഘട്ടത്തിൽ ആശൂറായുടെ (മുഹർറം 10 ലെ) വ്രതമനുഷ്ഠിക്കുമായിരുന്നു. കാരണം അന്നേ ദിവസമാണ് കഅബാ ദേവാലയത്തിൽ പുതിയ കവർ ഇടുന്നത്. (ബുഖാരി)

## നോമ്പ് ക്രിസ്തുമതത്തിൽ

ഹദ്റത് ഈസാ (അ) ഉം വ്രതമനുഷ്ഠിക്കാറുണ്ടായിരുന്നു. അദ്ദേഹത്തെ അനുഗമിച്ചു കൊണ്ട് ഇന്നും ചില ക്രിസ്തീയർ വ്രതമനുഷ്ഠിക്കുന്നുണ്ട്. ഇഞ്ചീലിൽ എഴുതുന്നു, "അന്നേരം യേശുവിനെ പരീക്ഷിക്കുന്നതിനായി വനത്തിലേക്ക് കൊണ്ടു പോയി. നാൽപത് പകലും നാൽപത് രാത്രിയും പട്ടിണി കിടന്നപ്പോൾ അവസാനം അവന് വിശപ്പ് തോന്നി. (മത്തായി 4: 2,3)
ഇവിടെ പട്ടിണി എന്നത് വ്രതത്തേയാണ് ഉദ്ദേശിക്കുന്നത്.
ഒരിക്കൽ ഹദ്റത് ഈസാ(അ) നോട് അനുയായികൾ ചോദിച്ചു, എങ്ങിനെയാണ് നമുക്ക് വൃത്തികെട്ട ആത്മാക്കളെ പുറത്താക്കാൻ സാധിക്കുക? അദ്ദേഹം മറുപടിയായി പറഞ്ഞു, "ഇത് (വൃത്തികെട്ട ആത്മാവ്) ദുആയും വ്രതവുമില്ലാതെ പുറത്താകുന്നതല്ല." (മത്തായി 17: 12)
യഹൂദികൾ വ്രതാനുഷ്ഠാനത്തിൽ ചില അനാചാരങ്ങളും പ്രയാസങ്ങളും സൃഷ്ടിച്ചിരുന്നു. അതിൽ പ്രകടനാത്മകതയും ഉണ്ടായിരുന്നു. അതിനാൽ ഹദ്റത് ഈസാ (അ) തന്റെ അനുയായികൾക്ക് വ്രതാനുഷ്ഠാനത്തിന്റെ ശരിയായ രീതി മനസ്സിലാക്കി കൊടുത്തു കൊണ്ട് പറഞ്ഞു, " നിങ്ങൾ വ്രതമനുഷ്ഠിക്കുമ്പോൾ കാണിക്കുവാൻ വേണ്ടി ചെയ്യുന്നവരെ പോലെ നിങ്ങളുടെ മുഖം ആക്കി തീർക്കരുത്. കാരണം ജനങ്ങൾക്ക് മുന്നിൽ വ്രതാനുഷ്ഠാനികളെന്ന് വരുത്തി തീർക്കാൻ അവർ സ്വന്തം മുഖം വികൃതമാക്കുന്നു. ഞാൻ നിങ്ങളോട് സത്യമായും പറയുന്നു, അവർ തങ്ങളുടെ പ്രതിഫലം കൈപ്പറ്റി. എന്നാൽ നിങ്ങൾ വ്രതമനുഷ്ഠിക്കുമ്പോൾ ജനങ്ങൾക്കു മുന്നിലല്ല മറിച്ച്, അദൃശ്യനായ നിങ്ങളുടെ പിതാവിനു മുന്നിൽ വ്രതാനുഷ്ഠാനിയായി വെളിപ്പെടുന്നതിന് തലയിൽ എണ്ണ തേക്കുക, മുഖം കഴുകുക. മറഞ്ഞിരുന്ന് വീക്ഷിക്കുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകുന്നതാണ്. (മത്തായി അദ്ധ്യായം 2)

## മിസ്‌രികളുടെ വ്രതം

പുരാതന മിസ്‌രികളും വ്രതമനുഷ്ഠിക്കുന്നവരായിരുന്നു. അവർ വിഗ്രഹാരാധകരായിരുന്നുവെങ്കിലും അതിന്റെ അനുയായികൾ വിഗ്രഹത്തെ പ്രീതിപ്പെടുത്തുന്നതിനായും അതിന്റെ കോപത്തെ തണുപ്പിക്കുന്നതിനായും വ്രതമനുഷ്ഠിക്കുന്ന പതിവുണ്ടായിരുന്നു. കൂടാതെ പല തരത്തിലുള്ള ശാരീരിക ബദ്ധിമുട്ടുകളും സ്വയം സ്വീകരിക്കുമായിരുന്നു.

## വ്രതാനുഷ്ഠാനം യൂനാനികളിൽ

അതുപോലെ യൂനാനികളിലും വ്രതാനുഷ്ഠാന ചടങ്ങുകൾ കാണപ്പെട്ടിരുന്നു. യൂനാനി സ്ത്രീകൾ വിശേഷിച്ച് വ്രതാനുഷ്ഠാനത്തിനായി പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുമായിരുന്നു.

## ഹിന്ദുക്കളിൽ

ഹിന്ദുമതത്തിൽ എല്ലാ മാസവും ചില വ്രതങ്ങൾ അനുഷ്ഠിക്കുന്ന രീതിയുണ്ട്. ഹിന്ദുമത ഗുരുക്കന്മാർ ഏകാന്തവാസം അനുഷ്ഠിക്കുന്ന രീതി പ്രസിദ്ധമാണ്....

## എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക

ഭൂതകാലത്തിലെയും വർത്തമാന കാലത്തിലെയും ഐഛിക വ്രതങ്ങളുടെ മറ്റ് പ്രയോജനങ്ങളിൽ ഒന്ന് മതത്തിന്റെ ഉദ്ദേശ്യത്തെയും ലക്ഷ്യത്തെയും പൂർത്തിയാക്കുന്നതോടൊപ്പം ആത്മപരിത്യാഗവുമാകുന്നു. മിക്കവാറും എല്ലാ മതങ്ങളിലും വലുതും ചെറുതും മദ്ധ്യമ വർഗത്തിലുമുള്ള വിഭാഗങ്ങൾക്കായി തുല്യനിലയിലുള്ള വ്രതത്തിന്റെ അസ്ഥിത്വത്തെ കാണാൻ സാധിക്കുന്നതാണ്. ഇനി അഥവാ വ്രതം സാമൂഹിക നിലയിലല്ലെങ്കിൽ തന്നെ ദൈവീക ആഹ്വാനവും പ്രേരണയും കാരണത്താൽ വ്യക്തിഗതനിലയിൽ അതിന്റെ രീതി കാണപ്പെടുന്നതാണ്. വ്രതത്തിന്റെ അടിസ്ഥാനവും, വ്യത്യസ്ത രീതിക്കും കാലാവസ്ഥയ്ക്കും ഗോത്രത്തിനും, സംസ്കാരത്തിനും, ചുറ്റുപാടുകൾക്കും അനുഗുണമായി വ്യത്യസ്തങ്ങളാകാം. എന്നിരുന്നാലും മതവ്യവസ്ഥിതിയിൽ വ്രതാനുഷ്ഠാനം കാണപ്പെടാത്ത ഒരു മതത്തെ കണ്ടെത്തുക വിഷമകരം തന്നെ. (വാള്യം 10)

## നോമ്പിന്റെ വിവക്ഷ

നിഘണ്ടുവിനെയും സാങ്കേതിക സാഹിത്യ ഭാഷകളെയും ഖുർആൻ ഹദീസ് എന്നിവയെയും അടിസ്ഥാനപ്പെടുത്തി വ്രതം എന്ന വാക്കിന് ഇപ്രകാരം പൂർണമായ അർത്ഥം നൽകാവുന്നതാണ്;
ഒരു വിവേകിയായ, പക്വതയാർജിച്ച, ആരോഗ്യമുള്ള മുസ്‌ലിം പ്രഭാതം മുതൽ സൂര്യാസ്തമയം വരെ ആഹാര പാനീയങ്ങളിൽ നിന്നും, ശാരീരിക ബന്ധങ്ങളിൽ നിന്നും, അസഭ്യം പുലമ്പൽ, കലഹം എന്നിവയിൽ നിന്നും, പരദൂഷണത്തിൽ നിന്നും സ്വയം തടഞ്ഞു നിർത്തുക. ആ സമയത്ത് വിശുദ്ധഖുർആൻ പാരായണം ചെയ്തു കൊണ്ടിരിക്കുക. സാധുക്കളെയും അഗതികളെയും സഹായിക്കുക. ആരാധനകളിൽ മുഴുകുക. ഒരു മുസ്‌ലിം വിശ്വാസി ആ ദിവസങ്ങളിൽ തന്റെ ആത്മാവിനെയും ഓരോ ശരീരഭാഗങ്ങളെയും നിയന്ത്രിക്കുക. നോമ്പ് കാരണത്താൽ തന്നിൽ ഒരു മാറ്റം ഉണ്ടായിരിക്കുന്നു എന്ന് ഓരോ ശരീരഭാഗങ്ങളിലും അനുഭവപ്പെടണം. മനുഷ്യശരീരത്തിന്റെ ഓരോ ഭാഗവും തന്നിൽ മാറ്റം ഉണ്ടാക്കുമ്പോൾ മനുഷ്യാത്മാവ് അസാധാരണമായ ആത്മീയ പരിവർത്തനവും മാറ്റവും ഉണ്ടാക്കുന്നതാണ്. അതിനെയാണ് ആത്മശുദ്ധീകരണം എന്നു പറയുന്നത്. ഖുർആനിക സാങ്കേതിക ഭാഷയിൽ അതിനെ തഖ്‌വ എന്നു പറയുന്നു. കാരണം നോമ്പിന്റെ പരമമായ ലക്ഷ്യം തഖ്‌വയാകുന്നു.



# നോമ്പിന്റെ ഉദ്ദേശ്യം

വിശുദ്ധഖുർആനിൽ അല്ലാഹു നോമ്പിന്റെ മൂന്ന് ഉദ്ദേശ്യങ്ങളാണ് വിവരിച്ചിരിക്കുന്നത്.

1. ലഅല്ലക്കും തത്തഖൂൻ: നിങ്ങൾ ഭയഭക്തിയുള്ളവരായി തീരുന്നതിനായിട്ട്.

2. വലി തുകബ്ബിറുല്ലാഹ അലാ മാ ഹദാകും: അല്ലാഹുവിന്റെ മാർഗദർശനങ്ങളനുസരിച്ച് അവന്റെ മഹത്വത്തെ വാഴ്ത്തുന്നതിനായിട്ട്.

3. ലഅല്ലകും തശ്കുറൂൻ: നിങ്ങൾ അവന് നന്ദി പ്രകടിപ്പിക്കുന്നതിനായിട്ട്.

• ഒരു മുസ്‌ലിമിന്റെ ഹൃദയത്തിൽ ദൈവഭയം സംജാതമാകുമ്പോൾ അവൻ തന്റെ എല്ലാ കാര്യങ്ങളിലും ദൈവീകേച്ഛയെ പരിഗണിക്കുന്നു. ഈ സവിശേഷത കാരണത്താൽ അവന് മോശമായ കാര്യങ്ങളോട് വിരോധവും, സൽകർമങ്ങളോട് താൽപര്യവും ആവേശവും ഉടലെടുക്കുന്നു. കാരണം ആരുടെ ജീവിതമാണോ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ഇച്ഛയ്ക്കനുഗുണമായിട്ടുള്ളത് അവനെയാണ് മുത്തഖി എന്നു പറയുക.

• രണ്ടാമത്തെ ഉദ്ദേശ്യം അല്ലാഹുവിന്റെ മഹത്വത്തെ അംഗീകരിക്കുക എന്നതാണ്. അതായത് അല്ലാഹുവല്ലാതെ മറ്റാരെയും ആരാധിക്കുക എന്നത് സങ്കൽപത്തിൽ പോലും ഉണ്ടാകാതിരിക്കുക. യഥാർത്ഥ തൗഹീദിനെ നാവു കൊണ്ടും ഹൃദയം കൊണ്ടും ഏറ്റു പറഞ്ഞു കൊണ്ട് സ്വയം തന്നെ അല്ലാഹുവിന്റെ മഹത്വത്തിനായി സമർപ്പണം ചെയ്യുക. അക്കാരണത്താലാണ് റമദാന് ശേഷം പെരുന്നാൾ നമസ്കാരവേളയിൽ അത്യധികമായി തക്ബീർ ഉരുവിടുന്നതിനായി നിർദേശിച്ചിരിക്കുന്നത്. അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്.

• നന്ദിപ്രകടനം. അറബി ഭാഷയിൽ നന്ദി പ്രകടിപ്പിക്കുക എന്നതിനർത്ഥം വിലമതിക്കുക, പൂർണമായ അവകാശം നൽകുക എന്നാണ്. അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുക എന്നതിനർത്ഥം, മനുഷ്യന്റെ എല്ലാ ശരീരഭാഗങ്ങളും, ബുദ്ധിയും, ഹൃദയവും, നാവും, കണ്ണും, കാതും, കയ്യും, കാലും എല്ലാം തന്നെ അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുക. പ്രസ്തുത ശരീരഭാഗങ്ങൾ കൊണ്ട് അനുവദനീയമായ കാര്യങ്ങൾ ചെയ്യുക. അപ്പോഴാണ് അല്ലാഹുവിനോട് യഥാർത്ഥ നന്ദിയുള്ളവനാണെന്ന് ഒരാൾക്ക് പറയാൻ കഴിയുക. റമദാനിൽ പ്രാവർത്തിക രൂപത്തിൽ കൃതജ്ഞതയ്ക്കുള്ള പരിശീലനം നൽകപ്പെടുന്നു.

ഈ മൂന്ന് ഉദ്ദേശ്യങ്ങൾക്കും പരസ്പരം ഗാഢമായ ബന്ധമാണുള്ളത്. തഖ്‌വയിലൂടെ മനുഷ്യനെ മാനസികമായ നിലയിൽ തയ്യാറാക്കാമെങ്കിൽ അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നതിലൂടെയും നന്ദി പ്രകടിപ്പിക്കുന്നതിലൂടെയും കർമപഥത്തിൽ പ്രകടമായ വിപ്ലവം സംജാതമാക്കാൻ സാധിക്കുന്നതാണ്. ഈ മൂന്ന് സവിശേഷതയും ആർക്കാണോ ലഭ്യമാകുന്നത് അവർ ജീവിതത്തിന്റെ സർവ മേഖലകളിലും വിജയം കൈവരിക്കുന്നു. അത്തരത്തിലുള്ള സമൂഹത്തിലെ വ്യക്തി അങ്ങേയറ്റം ഭാഗ്യവാനാണ്. കാരണം അത്തരത്തിലുള്ള സമൂഹത്താൽ പരസ്പര സ്പർദ്ധയും വിദ്വേഷവും ഇല്ലാതാകുന്നു.



# റമദാൻ തിരുനബി വചനങ്ങളിൽ

• സ്വർഗീയ കവാടങ്ങൾ തുറക്കപ്പെടുന്ന മാസം. (തിർമിദി)

• പൈശാചിക ചിന്തകളെ വിലങ്ങണിയിക്കുന്ന മാസം. (ബുഖാരി)

• അനുകമ്പയുടെയും ഔദാര്യത്തിന്റെയും ദാനധർമങ്ങളുടെയും മാസം. (ബുഖാരി)

• മനുഷ്യൻ മനുഷ്യന് ശുപാർശ ചെയ്യുന്നു.

• കളവ് പറയുന്നതും പ്രവർത്തിക്കുന്നതും ഒഴിവാക്കാത്തവരുടെ നോമ്പ് അല്ലാഹുവിന് ആവശ്യമില്ല. (ബുഖാരി)

• ആയിരം മാസത്തേക്കാൾ മഹത്തായ ലൈലത്തുൽ ഖദ്ർ വെളിപ്പെടുന്ന മാസം. (ബുഖാരി)

• നോമ്പിന്റെ പ്രതിഫലം സ്വയം താനാണെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. (ബുഖാരി)

• നോമ്പ്കാരന്റെ വായിലെ ദുർഗന്ധം അല്ലാഹുവിന് കസ്തൂരിയേക്കാൾ പ്രിയം. (ബുഖാരി)

• സ്വർഗത്തിലെ ഒരു കവാടമായ റയ്യാനിലൂടെ പ്രവേശിക്കുന്നതിനുള്ള അവസരമൊരുക്കുന്ന മാസം. (ബുഖാരി)

• നോമ്പിന് തുല്യമായ മറ്റൊരു കർമവുമില്ല. (നസാഇ)

• ശർഇയായ കാരണമില്ലാതെ നോമ്പ് ഉപേക്ഷിക്കുന്നത് പാപമാകുന്നു. (അബൂദാവൂദ്)

• ആത്മാർത്ഥയോടെയല്ലാത്ത വെറും ചടങ്ങിന് വേണ്ടി മാത്രം അനുഷ്ഠിക്കുന്ന നോമ്പ് അനുഗ്രഹശൂന്യമാകുന്നു. (ദാരിമി)

# നോമ്പും വൈദ്യശാസ്ത്രവും

നബിതിരുമേനി (സ) പറയുന്നു, സൂമൂ തസ ഹൂ. നോമ്പ് പിടിക്കുക. തൽഫലമായി നിങ്ങൾക്ക് ആരോഗ്യം ലഭിക്കുന്നതാണ്. നോമ്പ് ഒരു ആത്മീയ പദ്ധതിയാണ് എന്നത് ശരി തന്നെയാണ്. അതിലൂടെ മനുഷ്യന്റെ ആത്മീയ ഉൾക്കാഴ്ച വർദ്ധിക്കുന്നു. എന്നാൽ പ്രത്യക്ഷ രൂപത്തിലും മനുഷ്യനിൽ പ്രയാസങ്ങളെ സഹിക്കുന്ന ശീലം ഉണ്ടാകുന്നു. ആധുനിക വൈദ്യശാസ്ത്രം നോമ്പിന്റെ ശാരീരിക പ്രയോജനങ്ങളെ അംഗീകരിക്കുന്നുണ്ട്. പട്ടിണി കിടക്കുമ്പോൾ ശരീരത്തിൽ നിന്ന് ധാരാളം വിഷാംശങ്ങൾ പുറന്തള്ളപ്പെടുന്നു. ആവശ്യത്തിലധികമുള്ള ഈർപ്പം ഇല്ലാതാകുന്നു.അസാധാരാണമായ തടി ഇല്ലാതാകുന്നു. ഷുഗർ രോഗിക്കും പ്രഷർരോഗിക്കും ശമനൗഷധമാണ്. രക്തശുദ്ധീകരണത്തിന് നോമ്പ് പ്രയോജനകരമാണ്. നോമ്പ് പിടിച്ചാൽ രോഗിയാകും എന്ന് പറയുന്നവർ ആത്മീയ രോഗികളാണ്. അവർ നോമ്പിനെ പരിഹസിക്കുകയാണ് ചെയ്യുന്നത്.

(അൽ ഫുർഖാൻ ഡിസംബർ 1966)

# തിരുമേനിയുടെ താക്കീത്

ഹദ്റത് സൽമാൻ ഫാരിസി (റ) നിവേദനം ചെയ്യുന്നു, ശഅബാൻ മാസത്തിലെ അവസാന ദിവസം ഹദ്റത് റസൂൽ തിരുമേനി (സ) ഞങ്ങളെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു, “അല്ലയോ സുഹൃത്തുക്കളെ! ഒരു മഹത്തായതും അനുഗ്രഹീതവുമായ മാസമാണ് നിങ്ങൾക്ക് വരാൻ പോകുന്നത്. ഈ അനുഗ്രഹീത മാസത്തിൽ ആയിരം മാസത്തേക്കാൾ ഉത്തമമായ ഒരു രാത്രിയുണ്ട്. ഈ മാസത്തിലെ നോമ്പ് അല്ലാഹു നിർബന്ധ കടമയായി നിർണയിച്ചിരിക്കുന്നു. ഇതിന്റെ രാത്രികളിലെ നമസ്കാരത്തിന് (തറാവീഹ്, തഹജ്ജുദ് നമസ്കാരങ്ങൾ) ഐഛിക ആരാധനയുടെ പ്രതിഫലമാണുള്ളത്. ഈ മാസത്തിൽ അല്ലാഹുവിന്റെ തൃപ്തിക്കും സാമീപ്യം കരസ്ഥമാക്കുന്നതിനും വേണ്ടി ആരെങ്കിലും നന്മയുടെ ഏതെങ്കിലും ശീലം സ്വായത്തമാക്കുകയാണെങ്കിൽ അവന് മറ്റ് നിർബന്ധ കടമകൾക്ക് സമാനമായ പ്രതിഫലമാണ് ലഭിക്കുക. ഈ മാസത്തിൽ നിർബന്ധ കടമ നിർവഹിക്കുന്നതിന്റെ പ്രതിഫലം മറ്റ് സമയത്തുള്ള 70 നിർബന്ധ കടമ നിറവേറ്റുന്നതിന്റേതിന് തുല്യമാണ്. ഇത് സഹനത്തിന്റെ മാസമാകുന്നു. സഹനത്തിന്റെ പ്രതിഫലം സ്വർഗമാകുന്നു. ഇത് അനുകമ്പയുടെ മാസമാകുന്നു. ഈ മാസത്തിലാണ് വിശ്വാസികളായ ദാസരുടെ ജീവിത വിഭവങ്ങളിൽ വർദ്ധനവ് ഉണ്ടാക്കുന്നത്. ഈ മാസത്തിൽ ആരെങ്കിലും ഒരു നോമ്പ്കാരനെ നോമ്പ് തുറപ്പിക്കുന്നതായാൽ അവന്റെ തിന്മകൾ പൊറുക്കപ്പെടുകയും നരകാഗ്നിയിൽ നിന്ന് മോക്ഷവും ലഭിക്കുന്നതാണ്. അവന് നോമ്പ് പിടിച്ചവന് സമാനമായ പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ ആ നോമ്പ്കാരന്റെ പ്രതിഫലത്തിൽ യാതൊരു കുറവും ഉണ്ടാകുന്നതല്ല.”

നബി(സ) യോട് ചോദിച്ചു, ഞങ്ങളിൽ നിന്ന് എല്ലാവർക്കും നോമ്പ് തുറപ്പിക്കുവാനുള്ള കഴിവില്ല. (അതായത് സാധുക്കൾ ഈ പ്രതിഫലത്തിൽ നിന്നും പിന്തള്ളപ്പെടുന്നതാണ്) അപ്പോൾ നബി(സ) പറഞ്ഞു, “ആരെങ്കിലും അല്പം പാലുകൊണ്ടോ അല്ലെങ്കിൽ ഒരു കവിൾ വെള്ളം കൊണ്ടോ ഏതെങ്കിലും നോമ്പ്കാരന്റെ നോമ്പ് തുറപ്പിക്കുകയാണെങ്കിലും അവന് അല്ലാഹു ഈ പ്രതിഫലം നൽകുന്നതാണ്. ആരെങ്കിലും നോമ്പ്കാരന് വയറുനിറച്ച് ഭക്ഷണം നൽകുകയാണെങ്കിൽ അവന് അല്ലാഹു എന്റെ ഹൗളിൽ നിന്ന് വയറു നിറച്ച് വെള്ളം കുടിപ്പിക്കുന്നതാണ്. അതിനു ശേഷം സ്വർഗത്തിൽ എത്തുന്നതു വരെ അവന് ഒരിക്കലും ദാഹം അനുഭവപ്പെടുന്നതല്ല. ഈ മാസത്തിന്റെ ആരംഭ ഭാഗം കാരുണ്യത്തിന്റേതാണ്. മധ്യഭാഗം പാപപ്പൊറുതിയുടെതാണ്. അവസാനഭാഗം നരകാഗ്നിയിൽ നിന്ന് മോചനത്തിന്റേതാകുന്നു. ഈ മാസത്തിൽ തന്റെ വേലക്കാർക്കും തൊഴിലാളികൾക്കും അവരുടെ ജോലിയുടെ , ഭാരം കുറച്ചു കൊടുക്കുന്നവന് അല്ലാഹു അവരുടെ പാപപ്പൊറുതിക്കുള്ള സംവിധാനങ്ങൾ ഒരുക്കുന്നതാണ്. അവരെ നരകാഗ്നിയിൽ നിന്ന് സ്വതന്ത്രരാക്കുന്നതാണ്.”

(അൽ ബൈഹിഖി)

# നഫൽ നോമ്പ്

ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു ശഫീഖ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് ആയിശ(റ)യോട് തിരുനബി(സ)ന്റെ നോമ്പിനെക്കുറിച്ച് ചോദിച്ചു. അവർ പറഞ്ഞു: തിരുനബി (സ) തുടർച്ചയായി നോമ്പെടുത്തിരുന്നു. തിരുനബി(സ) നോമ്പെടുത്തു കൊണ്ടേയിരിക്കുമെന്ന് ഞങ്ങൾ പറയുമായിരുന്നു. ചിലപ്പോൾ നോമ്പെടുത്തിരുന്നില്ല. അപ്പോൾ ഞങ്ങൾ പറയുമായിരുന്നു; നബി (സ) നോമ്പെടുക്കുകയില്ലായന്ന്. തിരുനബി (സ) മദീനയിലെത്തിയതിനു ശേഷം റമദാനിലല്ലാതെ ഒരു മാസം മുഴുവനായി നോമ്പെടുത്തിട്ടില്ല.

ഹദ്റത്ത് ആയിശ(റ) പറയുന്നു. നബി(സ) ശഅ്ബാനിലെക്കാളും മറ്റൊരു മാസത്തിലും ദൈവപ്രീതിക്കു വേണ്ടി അധികമായി നഫൽ നോമ്പെടുത്തിരുന്നില്ല. നബി (സ) ശഅ്ബാനിൽ അധിക ദിവസങ്ങളിലും നോമ്പെടുത്തിരുന്നു. മാത്രമല്ല ഏകദേശം മുഴുവൻ മാസവും നോമ്പിലായിരിക്കും. ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: നബി (സ) പ്രത്യേകമായും തിങ്കളാഴ്ചയും വ്യാഴാഴ്ചയും നോമ്പെടുത്തിരുന്നു.

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: നബി (സ) പറഞ്ഞു, തിങ്കളാഴ്ചയും വ്യാഴാഴ്ചയും കർമങ്ങൾ അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കപ്പെടുന്നു. ഞാൻ നോമ്പുകാരനായിരിക്കുന്ന അവസ്ഥയിൽ എന്റെ കർമങ്ങൾ സമർപ്പിക്കപ്പെടണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. (ഇൻസാനെ കാമിൽ)

ശവ്വാലിലെ ആറ് നോമ്പ്, ആശൂറാ നോമ്പ്, അറഫാ ദിനത്തിലെ നോമ്പ്, ഓരോ ഇസ്‌ലാമിക മാസവും 13, 14, 15 തിയ്യതികളിലും നഫൽ നോമ്പെടുക്കാവുന്നതാണ്.

അതുപോലെത്തന്നെ ശനിയാഴ്ചയോ വെള്ളിയാഴ്ചയോ മാത്രമായി നോമ്പെടുക്കുന്നതും റമദാനിലൊഴികെ എല്ലാ ദിവസവും തുടർച്ചയായി നോമ്പെടുക്കുന്നതും ഈദ് ദിവസവും അയ്യാമുത്തശ്‌രീഖിൽ (ദുൽഹജ്ജ് 11,12,13 തിയ്യതികൾ) നോമ്പെടുക്കുന്നതും വിലക്കപ്പെട്ടതാണ്.

(ഫിഖ്ഹ് അഹ്‌മദിയ്യാ)



# ഖുർആൻ ഖത്തം തീർത്തു



**അലനല്ലൂർ:** താഹ സാഹിബിന്റേയും ഷുക്ക്റ സാഹിബയുടേയും മകൾ മിൻഹ (6 വയസ്സ്) വിശുദ്ധ ഖുർആൻ ഓതിപ്പൂർത്തിയാക്കി.

# ബിസ്മില്ലാഹ്, ആമീൻ പരിപാടി

**മഞ്ചേരി:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആമീൻ പരിപാടിയിൽ വിശുദ്ധഖുർആൻ ഓതിപ്പൂർത്തിയാക്കിയ ഫാത്തി മാനഹാന(9), യസ്സർനൽ ഖുർആൻ പൂർത്തിയാക്കി ഖുർആൻ ഓതാൻ ആരംഭിച്ച ഫാത്തിമ നത്ല, അമത്തുസ്സമീഅ്, മുഹമ്മദ് ഹാനി എന്നീ കുട്ടികളെ അനുമോദിച്ചു.



സദർ ജമാഅത്ത് പി.പി.ഹസ്സൻ കോയ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗലവി സി.പി.മൊയ്തീൻ കുട്ടി സാഹിബ്, മൗലവി നജ്മുദ്ദീൻ സാഹിബ് എന്നിവർ അനുമോദിച്ചു സംസാരിച്ചു. സെക്രട്ടറി വഖ്ഫ് ആർസി ഹാഫിസ് ബഷീർ അഹ്മദ് സാഹിബ് കുട്ടികൾക്കായി സമ്മാന വിതരണം നടത്തി. മധുര പലഹാരവിതരണവും ഉണ്ടായിരുന്നു.

# റോഡ് വൃത്തിയാക്കി

**കരുനാഗപ്പള്ളി:** തിരുവനന്തപുരം ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ പുളിമാൻ ജങ്ക്ഷൻ മുതൽ അഹ്മദിയ്യാ മസ്ജിദ് വരെയുള്ള റോഡിന്റെ ഇരുവശവും ഖാദിംകൾ വഖാറെ അമൽ നടത്തി. ഇലാഖാ നാഇബ് ഖാഇദ് ശഹീദ് അഹ്മദ് സാഹിബും, ജില്ലാ ഖാഇദ് റഷീദ് അഹ്മദ് സാഹിബും ശുചീകരണപ്രവർത്തനനങ്ങൾക്ക് നേതൃത്വം നൽകി.

# ദഅ്‌വത്തെ ഇലല്ലാഹ് ഏകദിന ക്യാമ്പ്



**കരുളായി:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന എകദിന ദഅ്‌വത്തെ ഇലല്ലാഹ് ക്യാമ്പ് കരുളായി അമീർ സി.എച്ച്. സിദ്ദീഖ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മലപ്പുറം മേഖലാ അമീർ പി.മുഹമ്മദലി മാസ്റ്റർ സാഹിബ് ഉൽഘാടനം ചെയ്തു. മൗലവി സലീം സാഹിബ്, മദാർ അബ്ദുശുക്കൂർ സാഹിബ്, മൗലവി സി.പി.മൊയ്തീൻ കുട്ടി സാഹിബ്, മൗലവി ഇസ്മായിൽ സാഹിബ് എന്നിവർ ദഅ്‌വത്തെ ഇലല്ലായുടെ പ്രാധാന്യം, കേരളത്തിൽ അഹ്മദിയ്യത്ത്, ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ സത്യസാക്ഷ്യം, പ്രബോധനം റസൂൽ(സ) യും സ്വഹാബാക്കളും എന്നീ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. യു.കെ യൂസഫ് സാഹിബ് കൊടുങ്ങല്ലൂർ, ആബിദ് സാഹിബ് പെരിന്തൽമണ്ണ, മുല്ലക്കോയ തങ്ങൾ സാഹിബ് മഞ്ചേരി, ജബ്ബാർ സാഹിബ് പള്ളിപ്പുറം എന്നിവർ തബ്ലീഗ് രംഗത്തെ അനുഭവങ്ങൾ പങ്കുവെച്ചു. മൗല വി എൻ.ശഫീഖ് അഹ്മദ് സാഹിബ്, സൈഫുദ്ദീൻ സാഹിബ് എന്നിവർ മോഡറേറ്റർമാരായിരുന്നു. ഇസ്ലാം അഹ്മദിയ്യത്ത് എന്ന ഡോക്യുമെന്ററി പ്രദർശനത്തോട് കൂടി ക്യാമ്പ് അവസാനിച്ചു.

# രക്തദാന ക്യാമ്പ്




**കോഴിക്കോട്:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടേയും ഗവൺമെന്റ് ബീച്ച് ഹോസ്പിറ്റലിന്റേയും സംയുക്താഭിമുഖ്യത്തിൽ രക്തദാന ക്യാമ്പ് നടത്തി. കോഴിക്കോട് മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്തു. ഭാരത് നാഇബ് സദർ സി. ശമീം സാഹിബ് സന്നിഹിതനായിരുന്നു. ഗവൺമെന്റ് ബീച്ച് ഹോസ്പിറ്റൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ ഡോ: സൽവ അലിയുടെ നേതൃത്വത്തിൽ ബൈത്തുൽ ഖുദ്ദൂസിൽ വെച്ചാണ് ക്യാമ്പ് നടത്തിയത്. ക്യാമ്പിൽ പങ്കെടുത്ത ഡോക്ടർക്കും, ടെക്നീഷ്യന്മാർക്കും ജില്ലാ ഖാഇദ് എ.ടി. നസറുദ്ദീൻ സാഹിബ് അഹ്മദിയ്യാ സാഹിത്യങ്ങൾ നൽകി. ക്യാമ്പിൽ 2 അൻസാറുകൾ ഉൾപ്പെടെ 35 അംഗങ്ങൾ രക്തം ദാനം ചെയ്തു.

# നേത്രപരിശോധന ക്യാമ്പ്




**കോയമ്പത്തൂർ:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ വാസൻ ഐ കെയർ സഹകരണത്തോടെ സംഘടിപ്പിച്ച നേത്രപരിശോധന ക്യാമ്പ് നഗരസഭ കൗൺസിലർ പെരുമാൾ സ്വാമി ഉദ്ഘാടനം ചെയ്തു. കോയമ്പത്തൂർ അമീർ ടി.എസ്.ഐ. മുനീർ അഹ്മദ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. ഖുദ്ദാം നാഇബ് സദർ സി.ശമീം അഹ്മദ് സാഹിബ്, വാർഡ് മെമ്പർ കനമാൾ മയിൽവാലനൻ എന്നിവർ സംബന്ധിച്ചു. 150 ലധികം പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി

# ദാറുസ്സലാം പുതുക്കിപ്പണിതു

**കോഴിക്കോട്:** പുതുക്കിപ്പണിത ദാറുസ്സലാം മസ്ജിദ് നായിബ് നാസിർ സാഹിബ് അഅ്‌ലാ ശിറാസ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് അദ്ധ്യക്ഷനായിരുന്നു. ചടങ്ങിൽ നായിബ് നാസിർ അഅ്‌ലാ മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മാത്തോട്ടം അമീർ പി. എം.ബശീർ അഹ്മദ് സാഹിബ് എന്നിവർ സന്നിഹിതരായിരുന്നു.



# സൗജന്യപ്രതിരോധ മരുന്ന് വിതരണം

**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ പാലായിയിൽ പകർച്ചപനിക്കുള്ള പ്രതിരോധമരുന്ന് 200 വീടുകളിൽ വിതരണം ചെയ്തു. മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ദുആയോടെ ആരംഭിച്ച വിതരണം പഞ്ചായത്ത് പ്രസിഡണ്ട് സുഗതൻ ഉദ്ഘാടനം ചെയ്തു. ഭാരത് നാഇബ് സദർ സി. ശമീം സാഹിബ്, വാർഡ് മെമ്പർ ബാലൻ എന്നിവർ സന്നിഹിതരായിരുന്നു.



# സർക്കുലർ വഖ്ഫ് ജദീദ്

**ഖാദിയാൻ:** നസാമത്ത് വഖ്ഫെ ജദീദ് ഖാദിയാൻ പരിശുദ്ധ റമദാനിൽ 100%വും തങ്ങളുടെ വാഗ്ദാനം പൂർത്തിയാക്കിയ വ്യക്തിയുടെ/ജമാഅത്തിന്റെ /സർക്കിളിന്റെ / മേഖലയുടെ പേരുകൾ ദുആക്കായി ഹുസൂർ തിരുമനസ്സിന്റെ സമക്ഷത്തിലേക്ക് അയക്കുന്നതാണ്.

അതിനാൽ എല്ലാ വഖ്ഫെ ജദീദ് മുജാഹിദുകളും തങ്ങളുടെ വാഗ്ദാനങ്ങളെ പരിശോധിക്കുകയും ഈ അനുഗ്രഹീത റമദാനിൽ തന്നെ അത് മുഴുവനായും അടച്ചു തീർത്തു കൊണ്ട് ഹുസൂർ തിരുമനസിന്റെ സ്വീകാര്യമായ ദുആക്ക് അവകാശിയായിത്തീരാൻ ശ്രമിക്കുകയും ചെയ്യുക. അത് പോ ലെ എല്ലാ അമീർ/പ്രസിഡണ്ട് / സെക്രട്ടറി വഖ്ഫെ ജദീദ്/മുബല്ലിഗ് മുഅല്ലിം എന്നിവർ അങ്ങിനെയുള്ളവ രുടെ ലിസ്റ്റ് റമദാൻ 25ന് മുമ്പായി ഓഫീസിലേക്ക് അയക്കേണ്ടതാണെന്നും മുഹമ്മദ് ത്വാഹിർ അഹ്മദ്, നാസിം മാൽ, വഖ്ഫെ ജദീദ് ഖാദിയാൻ ഭാരത് അറിയിക്കുന്നു.

# ഖിദ്മത്തെ ഖൽഖ്

**കായംകുളം :** ഇമ്മാനുവൽ ഓർഫനേജ് അന്തേവാസികൾക്ക് കുളിമുറി നിർമ്മിക്കാനാവശ്യമായ കെട്ടിടസാമഗ്രികൾ തിരുവനന്തപുരം ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യാ നൽകുകയുണ്ടായി. ആവശ്യമായ പഠനോപകരണങ്ങൾ നൽകാനായി ഓർഫനേജിലെത്തിയ ഖുദ്ദാം സഹോദരങ്ങൾ അധികൃതരുടെ അഭ്യർഥന മാനിച്ചു കൊണ്ടാണ് സഹായം എത്തിച്ചു കൊടുത്തത്.

# ഖുദ്ദാം ഇജ്തിമ

**കരുനാഗപ്പള്ളി:** തിരുവനന്തപുരം മേഖലാ ഇജ്തിമ ഇലാഖാ ഖാഇദ് ഇ.എച്ച്.നജീബ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മേഖലാ അമീർ അഹ്മദ് ശരീഫ് സാഹിബ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഖാഇദ് അഹ്മദ് റഷീദ് സാഹിബിന്റെ സ്വാഗതത്തോടെ ആരംഭിച്ച ഉദ്ഘാടന സെഷനിൽ തിലാവത്തുൽ ഖുർആൻ മുഹമ്മദ് ഇസ്മാഈൽ സാഹിബും, നസം സാബിത് സാഹിബും നിർവ്വഹിച്ചു. സർക്കിൾ ഇൻ ചാർജ്ജ് മൗലവി പി.അബ്ദുൽ നാസിർ സാഹിബ്, നാസിം അൻസാറുല്ലാഹ് തിരുവനന്തപുരം മേഖല അബ്ദുല്ല സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ചു.

സമാപനയോഗത്തിൽ ഇലാഖാ ഖാഇദ് സാഹിബും മേഖലാ അമീർ സാഹിബും സമ്മാനങ്ങൾ വിതരണം ചെയ്തു.

# അൻസാറുല്ലാഹ് മേഖല ഇജ്തിമാഅ്

**കോഴിക്കോട്:** മജ്‌ലിസ് അൻസാറുല്ലാഹ് കോഴിക്കോട് മേഖല ഇജ്തിമാഅ് ഭാരത് നാഇബ് സദർ പി.പി.നാസിറുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ജാമിഅ അഹ്മദിയ്യാ, ഖാദിയാൻ വൈസ് പ്രിൻസിപ്പൽ മൗലവി അബ്ദുൽ മുഅ്മിൻ സാഹിബ് റാശിദ് ഉദ്ഘാടനം ചെയ്തു. സോണൽ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് മുഖ്യാതിഥിയായിരുന്നു.

മാത്തോട്ടം അമീർ പി.എം ബശീർ അഹ്മദ് സാഹിബ് ആശംസകൾ നേർന്നു. എം.അബ്ദുറഹ്മാൻ സാഹിബ് കണ്ണൂർ, കെ.വി ഈസക്കോയ സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. കാലത്ത് പ്രശസ്ത അസ്തിരോഗ വിദഗ്ദൻ ഡോ: ജേക്കബ് മാത്യുവിന്റെ നേതൃ ത്വത്തിൽ






അൻസാർ സഹോദരങ്ങൾക്ക് ഹെൽത്ത് സ്ക്രീനിംഗ് ഉണ്ടായിരുന്നു. വിവിധ വൈജ്ഞാനിക കായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു


# അൽഹഖ്

**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**



# വിജയകരമായ 38 ാമത് ജർമനി ജൽസാ സാലാനാ







**ജർമനി:** ഹുസൂർ തിരുമനസ്സിന്റെ മഹത് സാന്നിദ്ധ്യത്തിൽ 38 ാമത് ജർമനി ജൽസാ സാലാനാ ജൂണ് 28,29,30 തിയ്യതികളിൽ ഇവിടെ വിജയകരമായി സംഘടിപ്പിച്ചു.

28 ന് ജുമുആക്ക് തൊട്ടു മുൻപ് ഹുസൂർ ഇസ്‌ലാമിന്റെ ശ്യാമള പതാക ഉയർത്തിയതോടെ ജൽസ ഔപചാരികമായി ആരംഭിച്ചു. തുടർന്ന് ജുമുആ ഖുത്ബയിൽ ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഹുസൂർ വിവരിച്ചു. ഇതേ ദിവസം ആരംഭിക്കുന്ന യു.എസ്.എ, ഇസ്റയീൽ ജൽസ പ്രതിനിധികൾക്കുള്ള സന്ദേശവും ഈ ഖുത്ബ യിൽ നൽകുകയുണ്ടായി.


രണ്ടാം ദിവസം ലജ്ന ജൽസയെ ഹുസൂർ അഭിസംബോധന ചെയ്തു. സമാപന ദിവസം സംഘടിപ്പിച്ച ആഗോള ബയ്അത്തിൽ ലോകം മുഴുവനുമുള്ള അഹ്മദികളും എം.ടി.എ മുഖേന ഭാഗഭാക്കായി. സമാപന പ്രഭാഷണത്തിൽ സന്ദേശ പ്രചാരണ രംഗത്ത് പൂർവാധികം ഊർജസ്വലമാകാൻ ഹുസൂർ ആഹ്വാനം ചെയ്തു.

വിവിധ ദിവസങ്ങളിൽ മൗലാനാ അബ്ദുൽ ഗനി ജഹാംഗീർ ഖാൻ സാഹിബ് (ഇൻ ചാർജ്, ഫ്രാൻസീസി ഡെസ്ക് ലൻ), മൗലാനാ ഹയ്ദർ അലി സഫർ സാഹിബ് (മുബല്ലിഗ് ഇൻ ചാർജ് ജർമനി), മൗലാനാ മുബാറക് അഹ്മദ് തൻവീർ സാഹിബ് (മുബല്ലിഗ് ജർമനി), ഹമ്മാദ് മാർടൻ ഹേർടർ സാഹിബ് (അഡീ.സെക്രട്ടറി തർബിയ്യത്ത് നൗ മുബായീൻ), മൗലാനാ സയ്യിദ് ഹസൻ ത്വാഹിർ ബുഖാരി സാഹിബ് (മുബല്ലിഗ് ജർമനി), ഹസനാത് അഹ്മദ് സാഹിബ് (സദ് ർ മജ്.ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി), അബ്ദുല്ലാഹ് വാഗസ് ഹാ ഉസർ സാഹിബ് (അമീർ ജർമനി), മൗലാനാ മുഹമ്മദ് ഫാതിഹ് നാസിർ സാഹിബ് (മുബല്ലിഗ് ജർമനി), മൗലാനാ അശ് റഫ് സിയാ സാഹിബ് (മുബല്ലിഗ് ജർമനി),മൗലാനാ മുബശ്ശിർ അഹ്മദ് കാഹ് ലൂൺ സാഹിബ് (മുഫ്തി സിൽസില റബ്വ) എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നിർവഹിച്ചു.

കൂടാതെ ജർമനിയിലെ മതസാംസ്കാരികരാഷ്ട്രീയ രംഗത്തെ പ്രമുഖരും ജൽസയെ സംബോധന ചെയ്യുകയുണ്ടായി.



ആരോഗ്യം



# അസ്ഥിക്ഷയം (Osteporosis) കാരണങ്ങൾ

Dr.അബ്ദു ലതീഫ് സമീഅ്, പാക്കിസ്ഥാൻ

## അസ്ഥി ക്ഷയിക്കുന്നു.

ആയുസ്സിന്റെ ആദ്യ 30 വർഷത്തോളം അസ്ഥികൾ ദൃഢീകരണം നിരന്തരമായി നടന്നു കൊണ്ടിരിക്കും. അതിന് ശേഷം 5 വർഷത്തോളം അതിന്റെ ബലത്തിൽ പ്രത്യേകിച്ച് മാറ്റമൊന്നും ഉണ്ടാകുന്നതല്ല. എന്നാൽ 40 വയസ്സിന് ശേഷം അസ്ഥികൾ Osteoclast കോശങ്ങളുടെ പ്രഭാവത്താൽ പതുക്കെ പതുക്കെ ക്ഷയിക്കാൻ തുടങ്ങുന്നു.




**0.3% മുതൽ 0.5% വരെ വർഷത്തിൽ ക്ഷയിക്കുന്നു. എന്നാൽ, ആർത്തവ വിരാമമായ സ്ത്രീകളിൽ ഇതിന്റെ അളവ് 3% മുതൽ 8% വരെയാകുന്നു.**

## കാൽസ്യം

മനുഷ്യ ശരീരത്തിൽ അസ്ഥികളെ ബലപ്പെടുത്തുന്നതു കൂടാതെ മസിലുകളുടെ പ്രവർത്തനത്തിനും, രക്തം കട്ട പിടിക്കുന്നതിനും, മറ്റ് ശാരീരികാവയവങ്ങളുടെ പ്രവർത്തനത്തിനും അനിവാര്യമാകുന്നു.ശരീരത്തിൽ കാൽസ്യത്തിന്റെ കുറവുണ്ടാകുകയാണെങ്കിൽ വിവിധ ഹോർമോണുകൾ എല്ലുകളിൽ അടങ്ങിയിരിക്കുന്ന കാൽസ്യത്തെ വലിച്ചെടുത്ത് രക്തപ്രവാഹത്തോടൊപ്പം കാൽസ്യം അനിവാര്യമായ സ്ഥലത്തേക്ക് എത്തിക്കുന്നു.

എന്തെങ്കിലും കാരണത്താൽ ദീർഘകാലം ശരീരത്തിൽ കാൽസ്യത്തിന്റെ കുറവുണ്ടാകുകയാണെങ്കിൽ അസ്ഥികളിൽ അടങ്ങിയിരിക്കുന്ന കാൽസ്യം നിരന്തരമായി കുറഞ്ഞു വരികയും അസ്ഥികൾ ദുർബലമായിത്തീരുകയും ചെയ്യുന്നു.







AL HAQ VOL :21, ISSUE: 07 JULY 2013

പൊതുവിജ്ഞാനം




# HELICOPTER
# ഹെലികോപ്റ്റർ

(പ്രൊഫസർ ത്വാഹിർ അഹ്മദ് നസീം)

**വേഗത്തിലും ഉയരത്തിലും പറക്കുക എന്നത് വിമാനത്തിന്റെ സവിശേഷതയാണെങ്കിൽ സാവധാനത്തിലും താഴ്ന്നും പറക്കാൻ സാധിക്കുന്നു എന്നത് ഹെലികോപ്റ്ററിന്റെ സവിശേഷതയാണ്.**

ഒരു വിമാനത്തിന്റെ വേഗത മണിക്കൂറിൽ 300 മൈലിൽ കുറയാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്. എന്നാൽ ഹെലികോപ്റ്ററിന് വായുവിൽ തങ്ങി നിൽക്കാൻ സാധിക്കുന്നതാണ്. വളരെ കുറഞ്ഞ വിസ്തൃതിയുള്ള പ്രദേശത്ത് ഇറങ്ങാം. റൺവേയിലൂടെ ഓടാതെ ഒരു സ്ഥലത്തു നിന്നും ഉയർന്ന് പൊങ്ങാം. തിരിയാതെ തന്നെ മുന്നോട്ടും പിന്നോട്ടും, ഇടത്തോട്ടും വലത്തോട്ടും നീങ്ങാനും സാധിക്കുന്നതാണ്.













വിപത്തുകളിൽ അകപ്പെട്ടവരെ സഹായിക്കാൻ ഹെലികോപ്റ്റർ ഉപകരിക്കുന്നു. വലിയ വലിയ ക്രെയ്നുകളും, ടാങ്കുകളും, പീരങ്കികളും ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ ഹെലികോപ്റ്റർ ഉപകരിക്കുന്നു. ആകാശത്തു നിന്ന് ഭൂമിയെ നിരീക്ഷിക്കുന്നതിനും ഹെലികോപ്റ്റർ ഉപകരിക്കുന്നു. വലിയ വലിയ കൃഷിയിടങ്ങളിൽ വിത്ത് പാകുന്നതിനും മരുന്നും വളവും അടിക്കുന്നതിനും അത് ഉപകരിക്കുന്നു. സൈനീക സേവനത്തിനും ഹെലികോപ്റ്റർ ഉത്തമ സഹായിയാകുന്നു. 28 ടൺ ഭാരമുള്ള ഹെലികോപ്റ്ററിന് 20 ടൺ ഭാരം വഹിക്കാൻ സാധിക്കുന്നതാണ്.

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut